# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

നവംബർ 2017 വാല്യം 44 ലക്കം 8 *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* പേജ് 16 വില 5.00 രൂപ


# നോട്ട് നിരോധനം ഒരു വർഷം പിന്നിടുമ്പോൾ ജനജീവിതം സമ്പൂർണ്ണ തകർച്ചയിൽ

**നോട്ട് നിരോധനത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് റിസർവ് ബാങ്ക് മുന്നറിയിപ്പ് നൽകിയിരുന്നെങ്കിലും കേന്ദ്രഗവണ്മെന്റ് അത് അവഗണിക്കുകയായിരുന്നു. കയറ്റുമതി, ആഭ്യന്തര ഉപഭോഗം, സംഘടിതമേഖലയിലെ ഉൽപാദനം, സ്വകാര്യ നിക്ഷേപം എന്നീ രംഗങ്ങളിലൊക്കെ ഇടിവുണ്ടായിട്ടുണ്ട്. പെട്രോളിയം വിലവർദ്ധന ഭീമമാണ്. കിട്ടാക്കടം മൂലം ബാങ്കുകൾ വായ്പ കുറച്ചത് സമ്പദ്ഘടനയിൽ പ്രതികൂല ഫലമാണുളവാക്കിയിരിക്കുന്നത്. തൊഴിൽ നഷ്ടം വർദ്ധിക്കുകയാണ്. ദീർഘനാളായി പ്രതിസന്ധിയിലായിരുന്ന കാർഷിക മേഖലയിൽ ഇപ്പോൾ വലിയ ആഘാതമാണുണ്ടായിരിക്കുന്നത്. സ്റ്റേറ്റ് ബാങ്ക് വൻ നഗരങ്ങളിൽ നടത്തിയ സർവ്വേ പറയുന്നതും പണപ്പെരുപ്പം കൂടുന്നുവെന്നും ഉപഭോഗ ശേഷി കുറയുന്നുവെന്നുമാണ്.**



രാജ്യം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നീങ്ങുന്ന കാലയളവാണിത്. ഏഷ്യൻ കടുവകൾ എന്ന് വിശേഷിപ്പിക്കപ്പെട്ട സമ്പദ്ഘടനകൾ നിലംപൊത്തിയപ്പോഴും വീഴാതെ പിടിച്ചുനിന്ന ഇന്ത്യൻ സമ്പദ്ഘടനയെ ബൂർഷ്വാ സാമ്പത്തിക വിദഗ്ദ്ധർ കുറച്ചൊന്നുമല്ല പ്രകീർത്തിച്ചിരുന്നത്. എന്നാൽ ഇപ്പോൾ സാമ്പത്തിക രംഗം അധോഗതിയിലാണെന്ന് പ്രധാനമന്ത്രിയും ധനമന്ത്രിയും സമ്മതിച്ചിരിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ സാമ്പത്തിക ഗവേഷണവിഭാഗം ജിഡിപി വളർച്ച താഴോട്ടാണെന്ന് വെളിപ്പെടുത്തുകയുണ്ടായി. നടപ്പുവർഷം രണ്ടാംപാദത്തിൽ ഇത് 5.7 ശതമാനമാണ്. കഴിഞ്ഞ പാദത്തിൽ ഇത് 6.1 ശതമാനമായിരുന്നു. കഴിഞ്ഞ വർഷം ഈ കാലയളവിൽ 7.9 ശതമാനമായിരുന്നു. കഴിഞ്ഞ ഒന്നര വർഷമായി വളർച്ച നിരക്ക് താഴോട്ടാണ്. നോട്ട് നിരോധനവും ജിഎസ്ടിയുമാണ് വില്ലൻ എന്ന് ഇവരൊക്കെ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഇപ്പോഴത്തെ പ്രതിസന്ധി താത്ക്കാലികമാണെന്ന് സർക്കാർ പറയുന്നു. ഇതിനായി ലോകബാങ്ക്, ഐഎംഎഫ് തുടങ്ങിയ ആഗോള ധനകാര്യ ഏജൻസികളുടെ സാക്ഷ്യപത്രവും ഹാജരാക്കുന്നുണ്ട്. എന്നാൽ ഈ പ്രതിസന്ധി ഏറെക്കാലമായി ഇന്ത്യൻ സമ്പദ്ഘടനയെ ഗ്രസിച്ചിട്ടുള്ളതും ഇപ്പോൾ കൂടുതൽ പ്രകടമായിട്ടുള്ളതുമാണ് എന്നതൊരു വസ്തുതയാണ്. സാമ്പത്തിക രംഗം ഗൗരവാവഹമായ പഠനത്തിന് വിധേയമാക്കുന്നവർക്ക് ഇത് എളുപ്പത്തിൽ ബോദ്ധ്യമാകും. വളർച്ചയിലെ മാന്ദ്യം നിസ്സാരമോ സാങ്കേതികമോ അല്ലെന്നും ദൂരവ്യാപക ഫലങ്ങൾ ഉളവാക്കാൻ പോന്ന ഘടനാപരമായ പ്രശ്നമാണെന്നും സ്റ്റേറ്റ് ബാങ്ക് തന്നെ മുന്നറിയിപ്പ് നൽകുന്നുണ്ട്.

ജിഎസ്ടി നടപ്പിലാക്കിയപ്പോൾ സംസ്ഥാനത്ത് 600 ഉല്പന്നങ്ങളിൽ 169 എണ്ണത്തിനുമാത്രമാണ് വില കുറഞ്ഞത് എന്ന് ധനകാര്യ മന്ത്രി ഇപ്പോൾ വിലപിക്കുന്നു. കേരളത്തിൽ ഐടി കമ്പനികളിൽ കൂട്ടപ്പിരിച്ചുവിടൽ നടക്കുന്നു. 9 മാസത്തിനിടെ 1000 പേർക്ക് ജോലി പോയതായി റിപ്പോർട്ട് വന്നിരുന്നു. ജിഎസ്ടി നടപ്പിലാക്കിയപ്പോൾ കരാറുകാർ വിട്ടുനിൽക്കുന്നതുവഴി മരാമത്ത് പണികൾ പലതും നടക്കുന്നില്ല. കഴിഞ്ഞ വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 67 ശതമാനം പണി മാത്രമാണ് ചെയ്തത്. ഈ വർഷം പകുതി കഴിഞ്ഞിട്ടും 20 ശതമാനമേ ആയിട്ടുള്ളൂ.

കേന്ദ്ര സർക്കാരിന്റെ വരുമാനത്തിൽ 11 ലക്ഷം കോടിയുടെ കുറവുണ്ടാകുമെന്ന് സ്റ്റേറ്റ് ബാങ്ക് പഠനം പറയുന്നു. ഓഹരി വിറ്റഴിക്കലും ചെലവുചുരുക്കലുമാണ് പ്രതിവിധിയായിക്കാണുന്നത്. രണ്ടും വിനാശകരമായ സാമ്പത്തിക നടപടികൾതന്നെ. ഓഹരി വിറ്റഴിക്കലിലൂടെ 72,000 കോടിയാണ് പ്രതീക്ഷിക്കുന്നത്. റവന്യൂ ചെലവിൽ 38,000 കോടിയും മൂലധന ചെലവിൽ 70,000 കോടിയും കുറവുവരുത്താ

*(ശേഷം 2-ാം പേജിൽ)*

## കർഷകരെ കൊന്നൊടുക്കുന്ന ഭരണവർഗ്ഗ നയങ്ങൾക്കെതിരെ സമരസംഘടന

# കർഷക പ്രതിരോധ സമിതി രൂപീകൃതമായി

ഇന്ത്യയിലെ കർഷക ജനസാമാന്യത്തെ അടിക്കടി ജീവിതപ്രതിസന്ധി സൃഷ്ടിച്ച് ആത്മഹത്യതിലേക്ക് തള്ളിവിട്ടുകൊണ്ടും, എതിർക്കുന്നവർക്കുനേരെ നിറയൊഴിച്ചുകൊണ്ടും കൊന്നൊടുക്കുന്ന ഭരണവർഗ്ഗ നയങ്ങൾക്കെതിരെ സങ്കുചിത കക്ഷിരാഷ്ട്രീയ-ജാതി-മത പരിഗണനകൾക്ക് അതീതമായി ശക്തമായ കർഷക പ്രതിരോധം കെട്ടിപ്പടുക്കണമെന്ന ആഹ്വാനവുമായി സംസ്ഥാന കർഷക സമ്മേളനം ഒക്ടോബർ 30ന് തൊടുപുഴയിൽ നടന്നു. വൻകിട കുത്തകകൾക്കുവേണ്ടി കഴിഞ്ഞ രണ്ടര പതിറ്റാണ്ടായി നടപ്പാക്കുന്ന സാമ്പത്തികനയങ്ങളുടെ വക്താക്കളായ പാർലമെന്ററിപാർട്ടികളും അവരുടെ കർഷക സംഘടനകളും പ്രതിപക്ഷത്തായിരിക്കുമ്പോൾ കർഷകപ്രേമം കാട്ടുകയും ഭരണത്തിലേറുമ്പോൾ കർഷകരെ വിസ്മരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ കർഷകരുടെ യഥാർത്ഥ സമരസംഘടനയ്ക്ക് രൂപം നൽകുക എന്ന ലക്ഷ്യത്തോടെയാണ് സമ്മേളനം വിളിച്ചു ചേർത്തത്.




**തൊടുപുഴയിൽ നടന്ന കർഷക പ്രതിരോധ സമിതി രൂപീകരണ സമ്മേളനം പ്രമുഖ കർഷക നേതാവും കർണ്ണാടകയിലെ സ്വതന്ത്ര എം.എൽ.എ യുമായ കെ.എസ്.പുട്ടണ്ണയ്യ ഉദ്ഘാടനം ചെയ്യുന്നു**

തൊടുപുഴ അർബൻ ബാങ്ക് ആഡിറ്റോറിയത്തിൽ തിങ്ങിനിറഞ്ഞ കർഷക പങ്കാളിത്തത്തോടെ നടന്ന ആവേശകരമായ സമ്മേളനം, കർണ്ണാടകയിലെ പ്രമുഖ കർഷക നേതാവും സ്വതന്ത്ര എം.എൽ.എ യുമായ കെ.എസ്.പുട്ടണ്ണയ്യ ഉദ്ഘാടനം ചെയ്തു. നരേന്ദ്രമോദിസർക്കാർ സൈനികർക്ക് മധുരം നൽകി ദീപാവലി ആഘോഷിക്കുമ്പോൾ കർഷകർക്ക് വെടിയുണ്ടയാണ് നൽകുന്നതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ജയ് ജവാൻ ജയ് കിസാൻ എന്ന മുദ്രാവാക്യത്തിൽ നിന്നു മാത്രമല്ല രാജ്യത്തുനിന്നു തന്നെ കിസാനെ ഉന്മൂലനം ചെയ്യുന്ന സമീപനമാണ് കേന്ദ്രസർക്കാർ കൈക്കൊള്ളുന്നത്. ഈ സമീപനമാണ് ഓരോ 13 മിനിറ്റിലും ഒരു കർഷകൻ ആത്മഹത്യ ചെയ്യുന്ന സ്ഥിതി രാജ്യത്തു സൃഷ്ടിച്ചതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കേരളത്തിലെ കർഷകരോടൊപ്പം നിന്നു പോരാടാൻ കർണ്ണാടകത്തിലെയും രാജ്യത്തെയും കർഷകരുണ്ടാകുമെന്നും തന്റെ ആവേശകരമായ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. കെ.എസ്സ്.പുട്ടണ്ണയ്യ നയിക്കുന്ന കർഷക പ്രസ്ഥാനമായ കർണ്ണാടക രാജ്യ റായ്ത്ത സംഘത്തിന്റെ സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.നാഗേന്ദ്രയും സമ്മേളനത്തിൽ പ്രസംഗിച്ചു. ജോർജ്ജ് മാത്യു കൊടുമൺ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ രാഷ്ട്രീയ പ്രമേയം വയനാട് ജില്ലാ കർഷക പ്രതിരോധ സമിതി സെക്രട്ടറി വി.കെ. സദാനന്ദനും സംഘടനാ പ്രമേയം എസ്.രാജീവനും അവതരിപ്പിച്ചു. തുടർന്ന് വയനാട് ജില്ലാ കർഷക പ്രതിരോധ സമിതി പ്രസിഡണ്ട് ഡോ.ഡി.സുരേന്ദ്രനാഥ്, അഡ്വ.അബ്ദു റഹ്മാൻ, പ്രൊഫ. ജോയ് മൈക്കിൾ, അഡ്വ ഷൈജൻ ജോസഫ്, അബ്ദുൾ അസീസ്, ഫ്രാൻസിസ് കളത്തുങ്കൽ, പ്രേംരാജ് ചെറുകര,

*(ശേഷം 4-ാം പേജിൽ)*


പേജ് 3  ഭോപ്പാലിൽ എഐഎംഎസ്എസ് പ്രതിഷേധ റാലി

പേജ് 4  ഭാരത് ആശുപത്രി സമരം:

പേജ് 6  നവംബർ വിപ്ലവ ശതാബ്ദി

പേജ് 10  കലാലയ രാഷ്ട്രീയം

പേജ് 12  റോഹിംഗ്യ പ്രശ്നം

പേജ് 16  എഞ്ചിനിയറിംഗ് വിദ്യാർത്ഥി പ്രക്ഷോഭം

## നോട്ട് നിരോധനം

# ജാഥകൾ പെരുകുന്നു; ജനങ്ങളുടെ ദുരിതവും

(1-ാം പേജിൽ നിന്ന്)

മെന്ന് കണക്കുകൂട്ടുന്നു. ജനങ്ങളുടെ ദുരിതങ്ങൾ ഇനിയും പെരുകുമെന്ന് ചുരുക്കം.

ജിഎസ്ടി പൂർണമായി അഴിച്ചുപണിയണമെന്ന് കേന്ദ്ര റവന്യൂ സെക്രട്ടറിതന്നെ അഭിപ്രായപ്പെടുന്നു. ചെറുകിട-ഇടത്തരം കച്ചവടക്കാർക്കുമേലുള്ള നികുതിഭാരം കുറയ്ക്കണമത്രെ. സാധാരണക്കാർക്ക് ഭാരമായി തോന്നുന്ന സാധനങ്ങളുടെയെല്ലാം നികുതി കുറയ്ക്കണമെന്നും ഹസ്മുഖ് ആദിയ അഭിപ്രായപ്പെടുന്നു.

2010ൽ എണ്ണവില നിയന്ത്രണത്തിൽനിന്ന് കേന്ദ്ര സർക്കാർ പിന്മാറിയതുമുതൽ എണ്ണവില കുതിച്ചുയരുകയാണ്. 2017ൽ പെട്രോൾ വില 75 രൂപയ്ക്കുമേലായി. 2014-17ൽ 9 തവണ എക്സൈസ് തീരുവ കൂട്ടി. 99,000 കോടിയിൽനിന്ന് ഇത് 2,42,000 കോടിയായി. 2014ൽ 9.48 രൂപയായിരുന്ന എക്സൈസ് ഡ്യൂട്ടി ഇപ്പോൾ 21.46 രൂപയായി. പെട്രോളിയം ഉല്പന്നങ്ങളെ ജിഎസ്ടിയിൽ ഉൾപ്പെടുത്താതെ 60 ശതമാനം നികുതി ചുമത്തി കൊള്ളയടിക്കുകയാണ് സർക്കാരുകൾ.

സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് കരകയറാനുള്ള ഉപായമെന്ന നിലയിൽ കേന്ദ്ര ഗവണ്മെന്റ് 10 ലക്ഷം കോടിയുടെ സാമ്പത്തിക ഉത്തേജന പരിപാടികൾ പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ഇത് വെറും തട്ടിപ്പാണെന്ന് സൂക്ഷ്മമായി പരിശോധിച്ചാൽ വ്യക്തമാകും. 2.11 ലക്ഷം കോടി പൊതുമേഖലാ ബാങ്കുകൾക്കായി പ്രഖ്യാപിച്ചതിൽ 76,000 കോടി മാത്രമാണ് ബജറ്റ് വിഹിതം. 1.35 ലക്ഷം കോടി ബോണ്ടുകൾ വിറ്റ് സമാഹരിക്കണം. ഇതുകൂടാതെ പരിഷ്കരണ നടപടികളും വരും. ഇതെല്ലാം ഉപഭോക്താക്കളുടെ തലയിലാണ് പതിക്കുക. ബോണ്ടുകൾക്ക് പലിശ കൊടുക്കണം. വിത്തെടുത്ത് കുത്തുന്ന നടപടിയാണിത്. വൻകിടക്കാർ വായ്പ തിരിച്ചടയ്ക്കാതെ ബാങ്കുകളെ പ്രതിസന്ധിയിലാക്കുമ്പോൾ അവരിൽനിന്ന് അത് ഈടാക്കുന്നതിനുപകരം പൊതു ഖജനാവിൽനിന്ന് പണമൊഴുക്കുന്നത് തികച്ചും ജനവിരുദ്ധ നടപടിതന്നെയാണ്. റോഡ് വികസനത്തിന് 6,90,000 കോടി പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് പൊതു-സ്വകാര്യ പങ്കാളിത്ത പദ്ധതിയാണ്. 2,90,000 കോടിയും ഓഹരി വിപണിയിൽ നിന്നാണ് സമാഹരിക്കുന്നത്. റോഡ് ഫണ്ടിൽനിന്ന് 2,51,000 കോടിയും നൽകും. റോഡുകൾ സ്വകാര്യവൽക്കരിക്കുന്നതിന് സമാനമാണീ നടപടി.

രാജ്യം നേരിടുന്ന ഈ ഭീഷണിയൊന്നും സംസ്ഥാനത്തെ ബിജെപിയെ അലോസരപ്പെടുത്തുന്നില്ല. അവർ കാസർഗോഡുനിന്ന് തിരുവനന്തപുരത്തേയ്ക്ക് ജാഥ നടത്തിയത് ജിഹാദി-ചുവപ്പ് ഭീകരതയിൽനിന്ന് ജനങ്ങളെ രക്ഷിക്കാനാണ്. പണം കോരിച്ചൊരിഞ്ഞ്, അഖിലേന്ത്യാ നേതാക്കളിൽ വിവരക്കേട് പുലമ്പുന്നതിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ളവരെയെല്ലാം അണിനിരത്തി നടത്തിയ ജാഥ കേരളീയരിൽ സൃഷ്ടിച്ച അവജ്ഞ കുറച്ചൊന്നുമല്ല. ജാഥയ്ക്കിടയിൽ നടന്ന വേങ്ങര ഉപതെരഞ്ഞെടുപ്പിൽ ബിജെപിക്ക് ഗണ്യമായി വോട്ടുകുറഞ്ഞതും വെറുതെയല്ല. ദേശീയതലത്തിൽ ഭീകരതയുടെ പര്യായമായി മാറിക്കഴിഞ്ഞ പാർട്ടിയാണ് ബിജെപി. പശുവിറച്ചി വേവിച്ചു എന്ന കള്ളം പ്രചരിപ്പിച്ച് ഉത്തർപ്രദേശിലെ ദാദ്രിയിൽ ഒരു സാധുമനുഷ്യനെ വെട്ടിക്കീറിയതിൽ തുടങ്ങി എത്രയെത്ര കൊലപാതകങ്ങളാണ് സംഘപരിവാർ രാജ്യത്ത് നടത്തിയത്. ഗോവിന്ദ് പൻസാരെ, കൽബുർഗി, ഗൗരി ലങ്കേഷ് എന്നിങ്ങനെ തുടർന്നുകൊണ്ടിരിക്കുന്ന അരുംകൊലകൾ മനസ്സാക്ഷി മരവിപ്പിക്കുന്നതാണ്. ഗോരക്ഷയുടെ പേരിൽ കൊല നടത്തുന്നവർക്ക് മൂക്കുകയറിടണമെന്ന് സുപ്രീംകോടതിക്ക് പറയേണ്ടിവന്നത് ബിജെപി നയിക്കുന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അക്രമികളെ കയറൂരിവിട്ടതുകൊണ്ടാണ്. 2014ൽ നരേന്ദ്ര മോദി അധികാരത്തിൽ വന്ന ശേഷമാണ് പശുവിന്റെ പേരിലുള്ള ആക്രമണങ്ങളിൽ 97 ശതമാനവും നടന്നത്. കാശ്മീരിലെ മനുഷ്യാവകാശ ലംഘനങ്ങളും രാജ്യത്ത് ന്യൂനപക്ഷങ്ങളോട് പുലർത്തുന്ന അസഹിഷ്ണുതയുമൊക്കെ ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ സമിതിയുടെപോലും വിമർശനത്തിന് പാത്രമായ കാര്യങ്ങളാണ്. താജ്മഹൽ ലക്ഷ്യംവച്ച് ഇവർ നടത്തുന്ന ഹീനനീക്കം മറ്റൊരു ബാബ്റി മസ്ജിദ് സൃഷ്ടിച്ച് രാജ്യത്തെ ചോരക്കളമാക്കി മാറ്റാൻ തന്നെയാണ്. സിപിഎംന്റെ വികലനയം മൂലം കേരളത്തിൽ ഇവരുടെ ചോരക്കളിക്ക് ഒരു ഉത്തമ പ്രതിയോഗിയെ കിട്ടി എന്നത് സംഘപരിവാറിന് വലിയ നേട്ടവും സമൂഹത്തിന് അളവറ്റ ഹാനിയും വരുത്തിവച്ചുകൊണ്ടിരിക്കുകയാണ്. സിപിഎംന്റെ ചെയ്തികൾ ചൂണ്ടിക്കാട്ടി മഹനീയ ദർശനമായ കമ്മ്യൂണിസത്തെ കളങ്കപ്പെടുത്തുന്നത് സാമൂഹ്യ പുരോഗതിക്കുതന്നെ വിലങ്ങുതടിയാകുന്ന നിലപാടാണ്.

കേരളത്തിൽ ഇസ്ലാമിക തീവ്രവാദം ശക്തമാണെന്ന് സ്ഥാപിക്കാനുള്ള ഇവരുടെ വ്യഗ്രതയും ദുഷ്ടലാക്കോടെയുള്ളതാണ്. ഹിന്ദുക്കൾ മതംമാറി വിവാഹം കഴിച്ചാലുടൻ അത് ലൗ ജീഹാദും തീവ്രവാദവുമാക്കി ചിത്രീകരിക്കുന്നത് അപകടകരമാണ്. ജാതിക്കും മതത്തിനും അതീതമായ ചിന്ത വളർന്നുവരുന്നത് തടയുകയും സങ്കുചിത ചിന്താഗതികളിൽ സമൂഹത്തെ തളച്ചിടുകയുമാണ് എല്ലാ വർഗീയ ശക്തികളുടെയും പദ്ധതി. നിഷ്പക്ഷവും സ്വതന്ത്രവുമായി അഭിപ്രായം പറയുന്നവരെ രാജ്യദ്രോഹികളായി ചിത്രീകരിക്കുകകൂടി ചെയ്യുന്നതോടെ ബിജെപിക്കെതിരായ അഭിപ്രായവും കേന്ദ്ര സർക്കാരിനെതിരായ നിലപാടും രാജ്യദ്രോഹമെന്ന് സ്ഥാപിച്ചുകൊണ്ട് അങ്ങേയറ്റം അപകടകരമായ സ്ഥിതിയിലേയ്ക്ക് കാര്യങ്ങളെ എത്തിക്കാനാണ് ഇവർ ശ്രമിക്കുന്നത്. തീവ്രവാദത്തോട് കേരളീയ സമൂഹത്തിനുള്ള വിയോജിപ്പ് ദുരുപയോഗം ചെയ്യുകയാണിവർ.

ബിജെപിയുടെ ജനരക്ഷാ യാത്രയ്ക്കുബദലായി സിപിഐ(എം) സംഘടിപ്പിച്ചത് ജനജാഗ്രതാ യാത്രയാണ്. കള്ളക്കടത്തുകാരന്റെ കാറിൽ സവാരിനടത്തി, പിടികിട്ടാപ്പുള്ളികളുമായി സിപിഐ(എം) എംഎൽഎമാർ വരെ ചങ്ങാത്തംകൂടി കൊഴുപ്പിച്ചെടുക്കുന്ന ജാഥ എന്ത് ജാഗ്രതാ നിർദ്ദേശമാണ് ജനങ്ങൾക്ക് നൽകുന്നത്. ഇവർ രണ്ടുകൂട്ടർക്കുമെതിരെ ജാഗ്രത പാലിക്കേണ്ടത് ഓരോ പൗരന്റെയും അടിയന്തര കർത്തവ്യമായി മാറിയിരിക്കുന്നു എന്നതാണ് സത്യം.

മെഡിക്കൽ കോഴ വിഷയത്തിൽ തൊലിയുരിഞ്ഞ് നിൽക്കുമ്പോഴാണ് ബിജെപി ജാഥ നടത്തിയ തെങ്കിൽ ഭൂമി കയ്യേറ്റക്കാരും നിയമലംഘകരുമായ തോമസ് ചാണ്ടിയെയും അൻവറിനെയും ചുമന്നുകൊണ്ടാണ് സിപിഐ(എം)ന്റെ ജാഥ. കായൽ കയ്യേറ്റ വിഷയത്തിൽ തോമസ് ചാണ്ടിക്കെതിരെ ആലപ്പുഴ ജില്ലാ കളക്ടർ റിപ്പോർട്ട് കൊടുത്തപ്പോൾത്തന്നെ ചാണ്ടിക്കെതിരെ നടപടിയെടുക്കേണ്ടതായിരുന്നു. ഉപതെരഞ്ഞെടുപ്പ് കഴിഞ്ഞുകിട്ടാനായി അത് ഇടക്കാല റിപ്പോർട്ടാക്കി. ഒടുവിൽ അന്തിമ റിപ്പോർട്ടും ആരോപണങ്ങൾ സ്ഥിരീകരിച്ചപ്പോൾ നിയമോപദേശമെന്ന കച്ചിത്തുമ്പിൽ പിടിച്ച് ജാഥയെ ഒരുവിധം കരകയറ്റാനുള്ള തത്രപ്പാടിലാണ് സിപിഐ(എം). ഇപ്പോഴാകട്ടെ ഒരു മാസത്തിനുള്ളിൽ അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ വിജിലൻസ് കോടതി ഉത്തരവും വന്നിരിക്കുന്നു. ഇക്കാര്യത്തിൽ സിപിഐ കയ്യാളുന്ന റവന്യൂ വകുപ്പിനോടുള്ള സിപിഐ(എം) സമീപനമാകട്ടെ ഈ മുന്നണിയിൽ ഇടതുപക്ഷ സ്വഭാവം പോയിട്ട് ജനാധിപത്യ രീതിപോലുമില്ലെന്ന് ഒരിക്കൽകൂടി ഓർമ്മിപ്പിക്കുകയാണ്. മൂന്നാർ കയ്യേറ്റവിഷയത്തിലും യുഎഇ കോൺസുലേറ്റിന് സ്ഥലം കണ്ടെത്തുന്ന വിഷയത്തിലുമൊക്കെ സിപിഐയെ തൃണവൽഗണിക്കുന്ന രീതിയാണ് ഇവർ അവലംബിച്ചിട്ടുള്ളത്. മന്ത്രിസഭയിലെ രണ്ടാംകക്ഷിയായ സിപിഐയെ പരസ്യമായി അപമാനിക്കുംവിധം അഡ്വക്കേറ്റ് ജനറൽ അഭിപ്രായ പ്രകടനം നടത്തുന്നത് ആരുടെ ബലത്തിലാണെന്ന് വ്യക്തമാണല്ലോ.

ഭരണ രംഗത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണി തികഞ്ഞ പരാജയമാണ്. ക്രമസമാധാന പാലനത്തിൽ കുറ്റകരമായ സമീപനമാണ് പുലർത്തുന്നത്. കണ്ണൂർ ജില്ലയിൽ രാഷ്ട്രീയ കൊലപാതകങ്ങളിൽ ഇതുവരെ മരിച്ചത് 216 പേരാണ്. ഈ ഗവണ്മെന്റ് അധികാരമേറ്റതിനുശേഷവും ഈ പ്രക്രിയയ്ക്ക് ക്ഷീണമൊന്നും സംഭവിച്ചിട്ടില്ല. 6 മാസത്തിനിടയിൽ ഹരിപ്പാടുമാത്രം ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണത്തിൽ 6 പേർ കൊല്ലപ്പെട്ടുകഴിഞ്ഞു. സിപിഐ(എം) കണ്ണൂർ ജില്ലാ സെക്രട്ടറിയുടെ മേൽതന്നെ കൊലപാതക കേസിൽ യുഎപിഎ ചുമത്തപ്പെട്ടിരിക്കുന്നു. സംസ്ഥാനത്ത് ഗുണ്ടാ സംഘങ്ങൾ വിഹരിക്കുകയാണ്, പണച്ചാക്കുകളുടെ, രാഷ്ട്രീയക്കാരുടെ, പ്രോസിക്യൂട്ടർമാരുടെ, കോടതിയുടെ ഒക്കെ പരിരക്ഷയിൽ. തൊടുപുഴയിൽ പോലീസ് സ്റ്റേഷനുമുന്നിൽ നടന്ന അക്രമത്തിൽ എസ്എഫ്ഐ ജില്ലാസെക്രട്ടറിതന്നെ ഒന്നാംപ്രതിയായി. കൊല്ലം ജില്ലയിൽ ഒരു ചോട്ടാ സിപിഎം നേതാവിന്റെ ശല്യം സഹിക്കവയ്യാതെ സിപിഐ(എം) ജില്ലാ സെക്രട്ടറിക്ക് പരാതി നൽകാൻ പോലീസ് അസോസിയേഷൻകാർ ഒരുങ്ങുന്നതായും കേട്ടു. ചില പോലീസ് ഉദ്യോഗസ്ഥർക്ക് മണ്ണ്, മണൽ, ക്വട്ടേഷൻ മാഫിയകളുമായി ബന്ധമുണ്ടെന്ന് ജില്ലാ പോലീസ് മേധാവികൾക്ക് അയച്ച സർക്കുലറിൽ ഡിജിപി തന്നെ പറയുന്നുണ്ട്. സംസ്ഥാനത്തെ ജയിലുകളാണെങ്കിൽ നിയമലംഘനങ്ങളുടെയും അഴിമതിയുടേയും സംഘർഷത്തിന്റെയും കേന്ദ്രങ്ങളാണ്.

മദ്യത്തിന്റെ കാര്യത്തിൽ ഏറ്റവും വിനാശകരമായ നിലപാടാണ് എൽഡിഎഫ് ഭരണത്തിന്റേത്. മദ്യഷാപ്പുകൾ തുറക്കാൻ ദേശീയപാതകളെ സംസ്ഥാന പാതകളാക്കിയവർ സ്വന്തം പാർട്ടിയിലും മദ്യപാനത്തിന് അർഹമായ സ്ഥാനം നൽകിയിട്ടുണ്ട്. പാർട്ടിയിൽ മദ്യപന്മാരുടെ എണ്ണം കൂടുന്നതായി ബ്രാഞ്ച് സമ്മേളനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. കൂട്ടത്തിൽ, ആരാധനാലയങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനവും സാമുദായിക പ്രവർത്തനവുമൊക്കെ ശക്തിപ്പെടുന്നുണ്ട്. ഓണനാളുകളിൽ കേരളം കുടിച്ചത് 484 കോടിയുടെ മദ്യമാണ്. ഇത് ബിവറേജസ് കോർപ്പറേഷന്റെ മാത്രം കണക്ക്. ബാറുകളും കൺസ്യൂമർഫെഡും എല്ലാം കൂടിയാകുമ്പോൾ ഇത് 600 കോടി കവിയും. ബാറുകളുടെ ദൂരപരിധി 200 മീറ്ററിൽനിന്ന് 50 മീറ്ററാക്കി കുറച്ചു. ബിയർ ഉല്പാദിപ്പിക്കാൻ ഹോട്ടലുകളെത്തന്നെ അനുവദിക്കുന്ന കാര്യമാണ് ഇപ്പോൾ ഇവരുടെ സജീവ പരിഗണനയിലുള്ളത്.



**കേവലം പാർലമെന്ററി നേട്ടങ്ങൾക്കുവേണ്ടി കസർത്തുകൾ നടത്തുന്നവർക്ക് ഈ സാഹചര്യത്തെ നേരിടാനുള്ള പദ്ധതിയോ അതിനുള്ള ലക്ഷ്യബോധമോ ധാർമ്മികമായ കരുത്തോ ഇല്ല. ഉന്നതമായൊരു പ്രത്യയശാസ്ത്രത്തിന്റെ അടിത്തറയിൽ കെട്ടിപ്പൊക്കുന്ന, ഉയർന്ന മൂല്യങ്ങൾ പ്രസരിപ്പിക്കുന്ന ഒരു ജനമുന്നേറ്റത്തിനുമാത്രമേ ഈ വെല്ലുവിളി ഏറ്റെടുക്കാനാകൂ.**

കോൺഗ്രസ് ഭരണത്തിലെ അഴിമതിയിൽ പൊറുതിമുട്ടിയ ജനങ്ങളുടെ പിന്തുണ പിടിച്ചുപറ്റിയാണ് ബിജെപി കേന്ദ്രത്തിൽ അധികാരത്തിൽ വന്നത്. ഈ വസ്തുത അറിയാവുന്നതുകൊണ്ടുതന്നെയാണ് നരേന്ദ്രമോദി എല്ലാ പ്രസംഗത്തിലും അഴിമതിക്കെതിരെ ഗീർവാണമടിക്കുന്നത്. എന്നാൽ മോദിയുടെ വലംകയ്യായ അമിത്ഷായുടെ മകൻ ഭരണത്തിന്റെ തണലിൽ വാരിക്കൂട്ടിയത് അനേക കോടികളാണ്. ഒരു ഓൺലൈൻ മാദ്ധ്യമം ഇക്കാര്യം പുറത്തുവിട്ടെങ്കിലും പല മാദ്ധ്യമങ്ങളും ഇക്കാര്യത്തിൽ മൗനംപാലിച്ചു. അപ്രഖ്യാപിതമായൊരു സെൻസർഷിപ്പ് ഇക്കാര്യത്തിൽ ഉണ്ടെന്ന് മനസ്സിലാക്കാം. ബിജെപി ഭരിക്കുന്ന രാജസ്ഥാൻ സർക്കാരാകട്ടെ പൊതുപ്രവർത്തകരുടെയും ഉദ്യോഗസ്ഥന്മാരുടെയുമൊക്കെ അഴിമതി അന്വേഷിക്കുന്നതിനും അത് മാദ്ധ്യമങ്ങൾ പുറത്തുകൊണ്ടുവരുന്നതിനുംമുമ്പ് അനുമതി വാങ്ങണം എന്ന ഓർഡിനൻസ് ഇറക്കിയിരിക്കുകയാണ്. ഇനി ഒന്നും വെളിച്ചം കാണില്ല എന്നുതന്നെ പ്രതീക്ഷിക്കാം. ബിജെപി ഭരിക്കുന്ന മദ്ധ്യപ്രദേശിൽ നടന്ന വ്യാപം അഴിമതി പണാപഹരണത്തിൽ ഒതുങ്ങുന്നതല്ല. നിയമങ്ങൾ കാറ്റിൽ പറത്തിയതിന്റെയും ആസൂത്രിത കൊലപാതകങ്ങളുടെയും പേരിൽ കുപ്രസിദ്ധമാണത്. നരേന്ദ്ര മോദിയെയും അമിത്ഷായെയും പോലെ മദ്ധ്യപ്രദേശ് മുഖ്യമന്ത്രിയും കുറ്റവിമുക്തനായി പ്രഖ്യാപിക്കപ്പെടുന്നതുകൊണ്ടൊന്നും സത്യം അമർച്ച ചെയ്യാനാവില്ല. ബിജെപി ഭരിക്കുന്ന ഗുജറാത്തിൽ ബിജെപിയിൽ ചേരാൻ പട്ടേൽ സമരസമിതി നേതാവിന് വാഗ്ദാനം ചെയ്തത് ഒരു കോടിരൂപയാണ്. അഡ്വാൻസ് നൽകിയ പണം അയാൾ ചാനലുകൾക്കുമുന്നിൽ പ്രദർശിപ്പിക്കുകയും ചെയ്തു. എംഎൽഎമാരെ പാട്ടിലാക്കാൻ വിവിധ സംസ്ഥാനങ്ങളിൽ ബിജെപി ഒഴുക്കിയത് കോടികളാണ്. ജനാധിപത്യ വ്യവസ്ഥയെത്തന്നെ പരിഹസിക്കുന്ന നടപടിയായിരുന്നു ഇത്. കേരളത്തിൽ ആറര കോടി രൂപയുടെ മെഡിക്കൽ കോഴയേ പുറത്തുവന്നിട്ടുള്ളുവെങ്കിലും പലതും നടക്കുന്നതായി പാർട്ടിക്കാർതന്നെ പറഞ്ഞുതുടങ്ങിയിട്ടുണ്ട്. ബിജെപിയുടെ പ്രാദേശിക നേതാവുപോലും കള്ളനോട്ടടിക്കാൻ പ്രാപ്തനാണെന്ന് തെളിയിച്ചത് കള്ളനോട്ട് തടയാൻ നോട്ട് നിരോധിച്ചിരിക്കുന്നു എന്ന് മോദി പ്രഖ്യാപിച്ചതിനു തൊട്ടുപിന്നാലെയാണ്. ഹവാല ഇടപാടിന്റെ കാര്യത്തിലും ഇവർ പിന്നിലല്ല.

പെട്രോൾ വിലവർദ്ധന സാധാരണക്കാരെ ഉദ്ധരിക്കാനാണെന്ന് ജാഥയിൽ തിളങ്ങിനിന്ന ബിജെപി മന്ത്രി കണ്ണന്താനം പ്രഖ്യാപിച്ചു. നൂറുകണക്കിന് കുട്ടികളെ സർക്കാരാശുപത്രിയിൽ കൊന്നുതള്ളിയ യുപി മുഖ്യമന്ത്രി ആരോഗ്യരംഗത്തെ മികച്ച പ്രവർത്തനത്തെക്കുറിച്ച് കേരളീയരെ ഉദ്ബോധിപ്പിച്ചു. കർഷകരെ വെടിവച്ചുകൊന്ന, വ്യാപം അഴിമതിയുടെ പേരിൽ കുപ്രസിദ്ധനായ, ദിവസേന 11 സ്ത്രീകൾ വീതം ബലാൽസംഗത്തിനിരയാകുന്ന സംസ്ഥാനത്തെ ഭരണം നയിക്കുന്ന മദ്ധ്യപ്രദേശ് മുഖ്യമന്ത്രിയും ജാഥയ്ക്ക് മിഴിവുനൽകാൻ എത്തിയിരുന്നു. കർണാടകത്തിലെ പ്രതിപക്ഷ നേതാവ് അക്രമത്തെ അക്രമംകൊണ്ട് നേരിടുമെന്ന വെല്ലുവിളി നടത്തി. ഇന്ത്യയിലാണ് മുസ്ലീങ്ങൾ ഏറ്റവും സുരക്ഷിതരെന്ന് മറ്റൊരു മന്ത്രി തട്ടിമൂളിച്ചു. രാജ്യത്ത് ഹിന്ദു വർഗ്ഗീയവാദമുണ്ടെന്ന് അഭിപ്രായപ്പെട്ട പ്രശസ്ത നടൻ കമൽഹാസനെ വെടിവെച്ചു കൊല്ലണമെന്ന് ഒരു സംഘപരിവാർ നേതാവ് ആക്രോശിച്ചിരിക്കുന്നു. അതിപ്രശസ്തരുടെ പോലും കാര്യത്തിൽ ഇതാണ് സ്ഥിതിയെങ്കിൽ അല്ലാത്തവരുടെ കാര്യം പറയേണ്ടതില്ലല്ലോ. എല്ലാവർക്കും ജീവിക്കണം എന്ന മുദ്രാവാക്യമുയർത്തി ബിജെപി ജാഥ നടത്തുമ്പോൾ രാജ്യത്തെവിടെയും ജനങ്ങളുടെ ജീവനുനേരെ ഭീഷണിയുയർത്തിയും ജനദ്രോഹ നയങ്ങളാൽ ജനജീവിതം താറുമാറാക്കിയും അതിസമ്പന്നരുടെ കീശ വീർപ്പിച്ച് മുന്നേറുകയാണ് ബിജെപി ഭരണം എന്നത് ക്രൂരമായ ഒരു വിരോധാഭാസമാണ്. മലബാർ കലാപം ബ്രിട്ടീഷ് വിരുദ്ധ സമരമല്ലെന്നും മുസ്ലീം ലഹളയാ

(ശേഷം 3-ാം പേജിൽ)

# ഭോപ്പാലിൽ എഐഎംഎസ്എസ് പ്രതിഷേധ റാലി

**സ്ത്രീ**കൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങളും മദ്യത്തിന്റെ വ്യാപനവും തടയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എ.ഐ.എം.എസ്.എസ് സംസ്ഥാന തലത്തിൽ വിവിധ പ്രക്ഷോഭ പരിപാടികൾ സംഘടിപ്പിച്ചു. ഗുണ, ഗ്വാളിയോർ, അലിരാജ്പൂർ, സാഗർ, ഭോപ്പാൽ, ദേവാസ്, ഇൻഡോർ, അശോക് നഗർ, ദാതിയ തുടങ്ങിയ ജില്ലകളിൽ നിന്നായി നൂറുകണക്കിന് വനിതകൾ അണിനിരന്ന പ്രകടനവും സമ്മേളനവും ഭോപ്പാലിൽ നടന്നു.

മുഖ്യപ്രസംഗം നടത്തിയ എഐഎംഎസ്എസ് മദ്ധ്യപ്രദേശ് സംസ്ഥാന സെക്രട്ടറി സഖാവ് രചന അഗർവാൾ സ്ത്രീകൾക്കും കുട്ടികൾക്കും നേരെ നടക്കുന്ന അതിക്രമങ്ങളുടെ പ്രധാന കാരണം സംസ്ഥാന സർക്കാരിന്റെ ജനവിരുദ്ധ മദ്യനയവും അശ്ലീലതയുടെ വ്യാപനവുമാണെന്ന് ആരോപിച്ചു. എസ്.യു.സി.ഐ(സി) സംസ്ഥാന സെക്രട്ടറി സഖാവ് പ്രതാപ് സമലും റാലിയെ അഭിസംബോധന ചെയ്തു. നേരായി ചിന്തിക്കുന്ന മുഴുവൻ ആളുകളും സ്ത്രീകൾ നടത്തുന്ന ഈ പ്രക്ഷോഭത്തെ പിന്തുണയ്ക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. എഐഎംഎസ്എസ് സംസ്ഥാന പ്രസിഡന്റ് സഖാവ് ജോളി സർക്കാർ അദ്ധ്യക്ഷത വഹിച്ചു.



എഐഎംഎസ്എസിന്റെ നേതൃത്വത്തിൽ ഭോപ്പാലിൽ നടന്ന പ്രതിഷേധ റാലി

അമ്പതിനായിരത്തോളം പേർ ഒപ്പിട്ട നിവേദനം മുഖ്യമന്ത്രിയ്ക്ക് സമർപ്പിക്കുകയുണ്ടായി. മദ്യവും ലഹരി പദാർത്ഥങ്ങളും അശ്ലീലതയും വ്യാപിപ്പിച്ചുകൊണ്ട് യുവാക്കളുടെ ചിന്താശേഷി തകർക്കാനും ജനമുന്നേറ്റങ്ങൾക്ക് തടയിടാനുമാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ശ്രമിക്കുന്നത്. ഇതിനെതിരെ ബോധപൂർവ്വവും സംഘടിതവുമായ പ്രക്ഷോഭങ്ങൾ സംസ്ഥാന വ്യാപകമായി വളർത്തിയെടുക്കാനുള്ള പ്രവർത്തന പദ്ധതിയ്ക്ക് സമ്മേളനം രൂപംനൽകി●

# നോട്ട് നിരോധനം...

*(2-ാം പേജിൽ നിന്ന്)*

ണെന്നും ജാഥയിൽ പ്രഖ്യാപനമുണ്ടായതും ദുരുദ്ദേശത്തോടെയായിരുന്നു. അഴിമതിയുടെ കാര്യത്തിൽ ബിജെപിയോട് മത്സരിക്കുകയാണ് സംസ്ഥാനത്തെ എൽഡിഎഫ് ഭരണം. തോമസ് ചാണ്ടിയുടെയും അൻവറിന്റെയും അഴിമതി മാത്രമല്ല സ്വജനപക്ഷപാതം നടത്തിയ ഇ.പി.ജയരാജനെ കുറ്റവിമുക്തനാക്കുന്നതും നമ്മൾ കാണേണ്ടിവന്നു. കൊച്ചി നഗരത്തിൽ സിറ്റി ഗ്യാസ് പദ്ധതിക്കുവേണ്ടി അദാനിക്ക് ഇളവുകൾ നൽകാൻ മുഖ്യമന്ത്രി തന്നെ മുൻകയ്യെടുത്തു. വിഴിഞ്ഞം പദ്ധതിയിൽ സംസ്ഥാന സർക്കാർ അദാനിക്ക് വിടുപണി ചെയ്യുകയാണെന്ന വിമർശനം കോടതി ഉന്നയിച്ചതിന് പിന്നാലെയായിരുന്നു ഈ നടപടി. മലബാർ സിമന്റ്സ് അഴിമതി കേസിൽ ചാക്ക് രാധാകൃഷ്ണന് ഇടതുപക്ഷത്തിന്റെ പിന്തുണ വേണ്ടുവോളമുണ്ടായിരുന്നു. ഒടുവിൽ കേന്ദ്ര അന്വേഷണ ഏജൻസിയായ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് വേണ്ടിവന്നു രാധാകൃഷ്ണന്റെ സ്വത്ത് കണ്ടുകെട്ടാൻ. 2004-08 കാലത്ത് മലബാർ സിമന്റ്സിന് നഷ്ടവും രാധാകൃഷ്ണന് ലാഭവുമുണ്ടായതായി അന്വേഷണ ഏജൻസി കണ്ടെത്തി. തിരുവനന്തപുരത്ത് കെഎസ്ആർടിസി ഭൂമി വില്പനയിൽ അഴിമതി നടന്നത് വിവാദമായതോടെ വില്പന റദ്ദാക്കേണ്ടിവന്നു.

കോൺഗ്രസിന്റെ നേതൃത്വത്തിൽ മറ്റൊരു ജാഥയും ആരംഭിച്ചിട്ടുണ്ട്. പടയൊരുക്കം എന്നാണ് പേര്. എന്തായാലും, എൽഡിഎഫ് നയങ്ങൾക്കെതിരെ യാതൊരു പടയൊരുക്കവും കോൺഗ്രസ് നടത്തില്ല. അപ്പോൾപിന്നെ പാളയത്തിൽ പട എന്നതായിരിക്കും ഉദ്ദേശിക്കുന്നത്. അക്കാര്യത്തിൽ അവർ വിരുതന്മാരുമാണ്. കേരളത്തിൽ കോൺഗ്രസിനെ നിഷ്പ്രഭമാക്കി ബിജെപിയെ പ്രധാന പ്രതിപക്ഷമാക്കിയെടുക്കാനുള്ള ശ്രമം സിപിഎം നടത്തുന്നതായി കോൺഗ്രസ് നേതാക്കൾ നിരന്തരം വിലപിക്കുന്നുണ്ട്. ഇക്കാര്യത്തിൽ ജനങ്ങൾക്ക് എന്തെങ്കിലും താല്പര്യം തോന്നേണ്ട കാര്യമില്ല. എന്നാൽ, ദേശീയ തലത്തിൽ ബിജെപി വിരുദ്ധ മുന്നണിയിൽ കോൺഗ്രസ്സിനെ ഉൾപ്പെടുത്തുന്നതിൽ സിപിഎം കേരള ഘടകം എതിരുനിൽക്കുന്നത് ബിജെപിക്ക് സന്തോഷമുള്ള കാര്യമാണ്. ബിജെപി ജാഥ ഒരിക്കൽപോലും പിണറായി ഭരണത്തിലെ ജനദ്രോഹ നയങ്ങളെ വിമർശിച്ചില്ല എന്നതും ശ്രദ്ധേയമാണ്. നോട്ടുനിരോധനവും ജിഎസ്ടിയുമടക്കം കേന്ദ്രത്തിന്റെ ഒരു നയത്തെയും സിപിഎം എതിർത്തിട്ടുമില്ല. ജിഎസ്ടി നടപ്പിലാക്കാൻ മുന്നൊരുക്കങ്ങൾ നടത്തിയ സമിതിയുടെ തലപ്പത്ത് സിപിഎം നേതാവായിരുന്നല്ലോ. അഴിമതിയിൽ മുങ്ങി നാണംകെട്ടുനിന്ന ബിജെപിക്ക് കേരളത്തിൽ മുഖംരക്ഷിക്കാൻ സിപിഎം അക്രമത്തിലൂടെ അവസരമൊരുക്കിയ കാര്യം നേരത്തെ ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. വിദ്യാർത്ഥി രാഷ്ട്രീയത്തിനെതിരായ കോടതി വിധികൾക്ക് എസ്എഫ്ഐ-എബിവിപി കയ്യാങ്കളികൾ കലാലയങ്ങളിൽ വഴിയൊരുക്കുന്നതും ഗൗരവമായിത്തന്നെ കാണേണ്ട കാര്യമാണ്. കേന്ദ്രത്തിൽ ബിജെപി ഭരണത്തിനും കേരളത്തിൽ സിപിഎം ഭരണത്തിനും അലോസരമുണ്ടാകരുത് എന്ന് ഇരുകൂട്ടരും ആഗ്രഹിക്കുന്നുണ്ടാകാം.

ജനജീവിതത്തിൽ ഗുണപരമായ ഒരു മാറ്റമുണ്ടാക്കാൻ ഈ ജാഥകളും ഇക്കൂട്ടരുടെ പ്രവൃത്തികളും ഉപകരിക്കുന്നില്ല എന്ന യാഥാർത്ഥ്യമാണ് ജനങ്ങളെ തുറിച്ചുനോക്കുന്നത്. ജനങ്ങളുടെ സാമ്പത്തിക ജീവിതത്തിലുണ്ടാകുന്ന പ്രത്യാഘാതങ്ങളെല്ലാം കോൺഗ്രസ്സും ബിജെപിയും സിപിഎം പോലുള്ള പാർട്ടികളുമൊക്കെ കേന്ദ്രത്തിലും സംസ്ഥാനത്തും അധികാരത്തിലിരുന്നുകൊണ്ട് നടപ്പിലാക്കുന്ന നയങ്ങളുടെ ഫലമാണ് എന്നതുകൊണ്ടുതന്നെ ഈ പാർട്ടികളിൽനിന്ന് ഈ പ്രശ്നങ്ങളുടെ പരിഹാരാർത്ഥമുള്ള നീക്കങ്ങളൊന്നും പ്രതീക്ഷിക്കാനില്ല. സാമ്പത്തികാക്രമണങ്ങൾ കൊണ്ട് പൊറുതിമുട്ടുന്ന ജനങ്ങൾ പ്രതിഷേധവുമായി തെരുവിലിറങ്ങുന്നത് ഒഴിവാക്കാൻ അന്ധതയും മതഭ്രാന്തും വർഗ്ഗീയതയുമൊക്കെ ഊട്ടിവളർത്തുന്നതും ഇക്കൂട്ടർതന്നെ. ഈ ദ്വിമുഖമായ ആക്രമണത്തെ അതിജീവിക്കുന്നതിനുള്ള യോജിച്ച രാഷ്ട്രീയ മുന്നേറ്റങ്ങളാണ് ജനങ്ങളുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടത്.

തെരഞ്ഞെടുപ്പുകളിൽ പാർലമെന്ററി പാർട്ടികൾ നേടുന്ന വിജയം ജനപിന്തുണയുടെ പ്രതിഫലനമല്ല. ജനങ്ങളെ നിസ്സഹായരും നിഷ്ക്രിയരുമാക്കി പണവും കയ്യൂക്കും അധികാരവുമുള്ളവർ വിജയം കൊയ്യുകയാണ്. തെരഞ്ഞെടുപ്പിൽ ഒരു കൂട്ടർ പരാജയപ്പെടുമ്പോൾ പകരം വരുന്നവർ അതേ നയങ്ങളും നടപടികളുംതന്നെ തുടരുന്നുവെന്നത് പതിറ്റാണ്ടുകളായി നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ജനജീവിതത്തിൽനിന്ന് ദുരിതങ്ങൾ ഒഴിയാത്തത് ഈ ഭരണത്തുടർച്ചകൊണ്ടാണ്. നാൾ ചെല്ലുന്തോറും മുതലാളിത്ത ഉല്പാദന സമ്പ്രദായത്തിലെ പ്രതിസന്ധി മൂർച്ഛിക്കുകയാണ്. വികസിത രാജ്യങ്ങളിലടക്കം പ്രത്യക്ഷപ്പെടുന്ന പ്രശ്നങ്ങൾ ഇതിന്റെ ദൃഷ്ടാന്തമാണ്. ഇന്ത്യയും ഇതിന് അപവാദമല്ല. പ്രതിസന്ധി മൂർച്ഛിക്കുംതോറും സാമ്പത്തികാക്രമണങ്ങളുടെ കാഠിന്യം കൂടും. രാഷ്ട്രീയ രംഗത്തെ ധാർമികത ചവുട്ടിമെതിക്കപ്പെടും. പൊരുതി നേടിയ അവകാശങ്ങൾ ജനങ്ങളിൽനിന്ന് കവർന്നെടുക്കപ്പെടും. ജാതിയും മതവുമൊക്കെ ജനങ്ങളെ തമ്മിലടിപ്പിക്കാനുള്ള ഉപാധിയായി മാറും. വർഗീയ കലാപങ്ങളും വർഗീയ പിരിമുറുക്കവും വർദ്ധിക്കും. ശാസ്ത്രത്തിന്റെ സ്ഥാനത്ത് കപട ശാസ്ത്രങ്ങൾ സ്ഥാനംപിടിക്കും. യുക്തിചിന്ത നിഷേധിക്കപ്പെടും. ഗവണ്മെന്റിന്റെ ദുഷ്ചെയ്തികളെ വിമർശിക്കുന്നവർ ഉന്മൂലനം ചെയ്യപ്പെടും. ഗവണ്മെന്റിനെ വിമർശിക്കുന്നത് രാജ്യദ്രോഹമായി ചിത്രീകരിക്കപ്പെടും. രാജ്യസ്നേഹത്തിന് കാപട്യപൂർണമായ പുതിയ ഭാഷ്യങ്ങൾ രചിക്കപ്പെടും. ചരിത്രത്തിന്റെ നന്മകൾ മൂടിവയ്ക്കപ്പെടും. അന്തഃസാരശൂന്യമായ ജീവിതത്തിലേയ്ക്ക് യുവാക്കളെ ആട്ടിത്തെളിക്കും. അശ്ലീലതയും മദ്യവും ലഹരിവസ്തുക്കളുമൊക്കെ അധികാരത്തിന്റെ തണലിൽ വിരാജിക്കും. അയൽ രാജ്യക്കാരോടും സ്വന്തം രാജ്യത്തെ വ്യത്യസ്ത ജനവിഭാഗങ്ങൾക്കിടയിലും അവിശ്വാസവും വെറുപ്പും ഊട്ടിവളർത്തപ്പെടും. നികുതിപ്പണത്തിന്റെ സിംഹഭാഗവും പോലീസും പട്ടാളവും ആയുധങ്ങളും ആക്രമണങ്ങളും കയ്യടക്കും. ഒരു ജനാധിപത്യ-മതേതര സമൂഹത്തിന്റെ എല്ലാ നന്മകളും അങ്ങനെ ക്രമേണ അപ്രത്യക്ഷമാകും.

ജനാധിപത്യ വിശ്വാസികളും ദേശസ്നേഹികളുമെല്ലാം ഉണർന്ന് പ്രവർത്തിക്കേണ്ട സന്ദർഭമാണിത്. ജനാധിപത്യാവകാശങ്ങളുടെയും മതേതര-ശാസ്ത്രീയ മൂല്യങ്ങളുടെയും പുനസ്ഥാപനത്തിനുവേണ്ടിയുള്ള ജനങ്ങളുടെ യോജിച്ച മുന്നേറ്റങ്ങളുണ്ടാകുന്നതിലൂടെ മാത്രമേ ഈ സാഹചര്യത്തെ അതിജീവിക്കാനാകൂ. കേവലം പാർലമെന്ററി നേട്ടങ്ങൾക്കുവേണ്ടി കസർത്തുകൾ നടത്തുന്നവർക്ക് ഈ സാഹചര്യത്തെ നേരിടാനുള്ള പദ്ധതിയോ അതിനുള്ള ലക്ഷ്യബോധമോ ധാർമ്മികമായ കരുത്തോ ഇല്ല. ഉന്നതമായൊരു പ്രത്യയശാസ്ത്രത്തിന്റെ അടിത്തറയിൽ കെട്ടിപ്പൊക്കുന്ന, ഉയർന്ന മൂല്യങ്ങൾ പ്രസരിപ്പിക്കുന്ന ഒരു ജനമുന്നേറ്റത്തിനുമാത്രമേ ഈ വെല്ലുവിളി ഏറ്റെടുക്കാനാകൂ.

മാനവരാശി സൃഷ്ടിച്ച ഏറ്റവും നവീനവും കാലികവും കരുത്തുറ്റതുമായ പ്രത്യയശാസ്ത്രമാണ് മാർക്സിസം. മുതലാളിത്ത വ്യവസ്ഥ സൃഷ്ടിക്കുന്ന എണ്ണിയാലൊടുങ്ങാത്ത പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും ശാശ്വത പരിഹാരം കണ്ടെത്തി സമൂഹത്തെ മുന്നോട്ടുനയിക്കാൻ കെല്പുള്ള ഒരേയൊരു ദർശനമാണത്. ചൂഷണത്തിനും അടിച്ചമർത്തലിനുമെതിരായ പോരാട്ടങ്ങളിൽ അത് നമുക്ക് വഴികാട്ടിയാകും. ചൂഷണരഹിതമായൊരു സമൂഹത്തിന്റെ സൃഷ്ടിക്കായുള്ള പോരാട്ടത്തിലൂടെ മാത്രമേ ഇന്നനുഭവിക്കുന്ന എല്ലാ പ്രശ്നങ്ങളും ശാശ്വതമായി പരിഹരിക്കാൻ നമുക്ക് കഴിയൂ. സുദീർഘവും ക്ലേശകരവുമെങ്കിലും കുറുക്കുവഴികളില്ലാത്ത ആ പോരാട്ടത്തിൽ അണിനിരക്കുക എന്നതാണ് ചരിത്രം നമ്മോടാവശ്യപ്പെടുന്നത്●



**നോട്ട് നിരോധനത്തിന്റെ ഒന്നാം വാർഷിക ദിനമായ നവംബർ 8 ദേശീയ തലത്തിൽ പ്രതിഷേധ ദിനമായി ആചരിക്കാൻ സിപിഐ(എം), സിപിഐ, ആർഎസ്പി, ഫോർവേഡ് ബ്ലോക്ക്, എസ്‌യുസിഐ(സി), സിപിഐ-എംഎൽ(ലിബറേഷൻ) എന്നീ ആറ് ഇടതുപക്ഷ പാർട്ടികൾ ചേർന്ന് ആഹ്വാനം ചെയ്തിരുന്നു. ഇതുപ്രകാരം രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലായി നിരവധി പരിപാടികൾ നടന്നു. കേന്ദ്രസർക്കാരിന്റെ ജനദ്രോഹ നയങ്ങൾക്കും വർഗ്ഗീയതയും അസഹിഷ്ണുതയും പടർത്തുന്ന നടപടികൾക്കുമെതിരെ വർഗ്ഗ-ബഹുജന സംഘടനകൾ ചേർന്ന് അഖിലേന്ത്യാ തലത്തിൽ രൂപീകരിച്ച 'ജൻ അധികാർ ജൻ ആന്തോളൻ'ന്റെ ആഭിമുഖ്യത്തിലും രാജ്യവ്യാപകമായ പ്രതിഷേധ പരിപാടികൾ നടക്കുകയുണ്ടായി. എസ്‌യുസിഐ(സി)യും അതിന്റെ മുന്നണി സംഘടനകളും ഈ പ്രക്ഷോഭങ്ങളിൽ സജീവ പങ്കുവഹിച്ചു. ഒക്ടോബർ 31ന് വർഗ്ഗ ബഹുജന സംഘടനകളുടെ ഐക്യവേദിയുടെ ആഭിമുഖ്യത്തിൽ എറണാകുളത്തുനടന്ന പ്രതിഷേധ പരിപാടിയുടെ ദൃശ്യമാണ് മുകളിൽ.**

# കോട്ടയം ഭാരത് ആശുപത്രി സമരം: സർക്കാർ അടിയന്തരമായി ഇടപെട്ട് നഴ്സുമാരെ തിരിച്ചെടുക്കുക

**കോ**ട്ടയം ഭാരത് ആശുപത്രിയിൽനിന്നും അന്യായമായി പിരിച്ചുവിടപ്പെട്ട 58 നഴ്സുമാർ യുണൈറ്റഡ് നഴ്സസ് അസ്സോസിയേഷന്റെ നേതൃത്വത്തിൽ കഴിഞ്ഞ മൂന്നുമാസത്തിലേറെയായി സമരത്തിലാണ്. ജില്ലാ ഭരണകൂടവും സംസ്ഥാന സർക്കാരും സമരത്തോട് തുടക്കം മുതലേ നിഷേധാത്മക സമീപനമാണ് സ്വീകരിച്ചത്. നഷ്ടപ്പെട്ട ജോലി അല്ലെങ്കിൽ മരണം എന്ന അവസ്ഥയിൽ ഒക്ടോബർ 17 മുതൽ നഴ്സുമാർ നിരാഹാര സമരവും ആരംഭിച്ചു. കവി കുരീപ്പുഴ ശ്രീകുമാർ, ഡോ.ഗീവർക്ഷീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത, സംവിധായകൻ ജോഷി മാത്യു തുടങ്ങിയ പ്രമുഖരടക്കം ആയിരക്കണക്കിന് ജനങ്ങൾ ഇതിനകം നിരാഹാരപ്പന്തലിലെത്തി നഴ്സുമാർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. ഒരാഴ്ചയിലേറെ നീണ്ട നിരാഹാര സമരത്തിലൂടെ ആരോഗ്യനില വഷളായ നഴ്സുമാരെ അറസ്റ്റുചെയ്ത് നീക്കുമ്പോൾ പ്രശ്നപരിഹാരം ആവശ്യപ്പെട്ട് നൂറുകണക്കിന് ആളുകൾ സ്വമേധയാ മുന്നോട്ടുവന്ന് മുദ്രാവാക്യം വിളികളോടെ പോലീസിനെ തടഞ്ഞു.

ജോസ് കെ. മാണി എം.പിയും തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎയും സമരപ്പന്തലിലെത്തി പ്രശ്നപരിഹാരത്തിന് മുൻകൈ എടുക്കുമെന്ന് പ്രഖ്യാപിച്ചെങ്കിലും ഇനിയും തീരുമാനമായിട്ടില്ല.

കോൺഗ്രസ്സ്, സിപിഐ എം, ബിജെപി തുടങ്ങിയ പാർട്ടികൾ നഴ്സുമാരുടെ സമരത്തിനെതിരായ നിലപാടിലൂടെ ഹോസ്പിറ്റൽ മാനേജ്മെന്റിന് ഒപ്പമാണ് തങ്ങളെന്ന് പ്രഖ്യാപിച്ചു കഴിഞ്ഞു. സിഐറ്റിയുവിന്റെ നേതാക്കൾ പിന്തുണ അഭ്യർത്ഥിച്ചുചെന്ന നഴ്സുമാരെ യുഎൻഎ ഉപേക്ഷിച്ച് സിഐറ്റിയുവിൽ ചേരണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് അപമാനിക്കുക പോലും ചെയ്തു. ജോലി നഷ്ടപ്പെട്ട നഴ്സുമാർ പിന്തുണ അഭ്യർത്ഥിക്കുമ്പോൾ തികച്ചും സങ്കുചിതമായ സമീപനം പുലർത്തുന്ന സിഐറ്റിയു നേതാക്കൻമാർ എന്ത് ഇടതുപക്ഷ രാഷ്ട്രീയമാണ് പ്രതിനിധാനം ചെയ്യുന്നത്? നഴ്സുമാരെ പിന്തുണയ്ക്കുവാൻ സന്നദ്ധമായിരുന്ന തിരുനക്കരയിലെ ടാക്സി തിരുനക്കരയിലെ ടാക്സി തൊഴിലാളിക്ക് അതിനുള്ള അനുവാദംപോലും സിഐറ്റിയു, ഐഎൻടിയുസി, ബിഎംഎസ് നേതാക്കൾ കൊടുത്തില്ല. ഈ സംഭവവികാസങ്ങളെല്ലാം സൂചിപ്പിക്കുന്നത് ഭാരത് ഹോസ്പിറ്റൽ മാനേജ്മെന്റുമായുള്ള പ്രമുഖ പാർട്ടികളുടെയും ട്രേഡ് യൂണിയൻ നേതാക്കൻമാരുടെയും അവിശുദ്ധ ബന്ധത്തെയാണ്.

സുപ്രീംകോടതി നിർദ്ദേശിച്ച ശമ്പളവർദ്ധനവ് ആവശ്യപ്പെട്ട് നഴ്സുമാർ സംസ്ഥാനവ്യാപകമായി നടത്തിയ പ്രക്ഷോഭത്തിലൂടെ തങ്ങളുടെ സംഘടിതശക്തി പ്രഖ്യാപിച്ചപ്പോൾ കേരള ജനത സർവ്വാർത്ഥത്തിലും അതിനെ പിന്തുണച്ചു. ആ സമരത്തിൽ പങ്കുചേരുകയും ഭാരത് ആശുപത്രിയിൽ യുണൈറ്റഡ് നഴ്സസ് അസ്സോസിയേഷന്റെ യൂണിറ്റ് രൂപീകരിക്കുകയും ചെയ്തതിനാണ് 58 നഴ്സുമാരെയും പിരിച്ചുവിട്ടത്. സമരത്തിന്റെ പേരിൽ പ്രതികാരനടപടികൾ പാടില്ല എന്ന എൽഡിഎഫ് സർക്കാരിന്റെ പ്രഖ്യാപനത്തിന് പുല്ലുവില കൽപ്പിച്ചാണ് ഭാരത് മാനേജ്മെന്റ് നിഷ്ഠുരമായ പിരിച്ചുവിടൽ നടത്തിയത്. അതിനെത്തുടർന്നാണ് ആഗസ്റ്റ് 7 മുതൽ നഴ്സുമാർ അനിശ്ചിതകാല സമരം ആരം ിച്ചത്. കരാർ അടിസ്ഥാനത്തിലാണ് നഴ്സുമാരെ നിയമിച്ചത് എന്നും കരാർ കാലാവധി കഴിഞ്ഞുവെന്നുമുള്ള ദുർബ്ബലമായ വാദം മാത്രമാണ് നഴ്സുമാരുടെ കൂട്ടപിരിച്ചുവിടലിന് കാരണമായി മാനേജ്മെന്റ് പറയുന്നത്. എന്നാൽ 20 ജീവനക്കാരിൽ കൂടുതലുള്ള ഏതൊരു സ്ഥാപനവും കരാർ ജീവനക്കാരെ നിയമിക്കുമ്പോൾ ലേബർ കോൺട്രാക്ട് ലൈസൻസ് എടുക്കേണ്ടതുണ്ട് എന്നാൽ ാരത് ഹോസ്പിറ്റലിന് ലേബർ കോൺട്രാക്ട് ലൈസൻസ് ഇല്ല എന്നത് ജില്ലാ ലേബർ ഓഫീസിൽനിന്നും ലഭിച്ച വിവരാവകാശ രേഖകളിൽ വ്യക്തമാണ്. മാത്രമല്ല, നഴ്സുമാരെ ജോലിക്കെടുക്കുമ്പോൾ നൂറു രൂപയുടെ ബ്ലാങ്ക് മുദ്രപ്പത്രത്തിൽ നിർബന്ധപൂർവ്വം ഒപ്പിടുവിക്കുന്നുമുണ്ട്. തികച്ചും അന്യായമായാണ് നഴ്സുമാരെ പിരിച്ചുവിട്ടതെന്ന് സാമാന്യബോധമുള്ള ഏതൊരാൾക്കും മനസ്സിലാകുന്നതാണ്. ഭരണ പ്രതിപക്ഷ പാർട്ടികളെല്ലാം ഭാരത് ഹോസ്പിറ്റൽ മാനേജ്മെന്റിനുവേണ്ടി അണിനിരന്നിരിക്കുന്നു. ഇടതുവലതു ബിജെപി മുന്നണികൾ അദ്ധ്വാനിക്കുന്നവരുടെ പക്ഷത്തല്ല, മുതലാളിമാരുടെ പക്ഷത്താണെന്ന് ഭാരത് സമരം അടിവരയിട്ട് സ്ഥാപിക്കുന്നു. എന്നാൽ നമ്മുടെ പാർട്ടി എസ്.യു.സി.ഐ കമ്മ്യൂണിസ്റ്റ് തൊഴിലാളിവർഗ്ഗ രാഷ്ട്രീയത്തിന്റെ മഹത്വം ഉയർത്തിപ്പിടിച്ചുകൊണ്ട് സമരസഹായ സമിതിയുടെ ഭാഗമായി നിൽക്കുകയും സമരത്തിന് ബഹുജനപിന്തുണ ഉറപ്പാക്കുന്നതിനുവേണ്ടി അക്ഷീണം പ്രയത്നിക്കുകയും ചെയ്യുന്നു.

ആആദ്മി പാർട്ടി, വെൽഫെയർ പാർട്ടി, എസ്ഡിപിഐ തുടങ്ങിയ പ്രസ്ഥാനങ്ങളും സമരത്തോടൊപ്പം സജീവമായുണ്ട്. ഹോസ്പിറ്റൽ മാനേജ്മെന്റ് എത്ര പ്രബലരായിരുന്നാലും നഴ്സുമാർ അവരുടെ ഡിമാന്റുകളിൽ അടിയുറച്ചുനിന്ന് മുന്നോട്ട് പോകുകയാണെങ്കിൽ സമരം വിജയം വരിക്കുക തന്നെ ചെയ്യും●




ഭാരത് ഹോസ്പിറ്റലിലെ നഴ്സുമാരുടെ സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ച് എസ്‌യുസിഐ(സി) ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കോട്ടയം നഗരത്തിൽ നടത്തിയ പ്രകടനം

# രാജ്യമെമ്പാടും നടക്കുന്ന കർഷക പ്രക്ഷോഭങ്ങളോട് ഐക്യദാർഢ്യം

*(1-ാം പേജിൽ നിന്ന്)*

വി.കെ.ഹംസമാസ്റ്റർ, സണ്ണി ചെറിയാൻ, ജയ്സൺ ജോസഫ്, പി.ആർ. സതീശൻ, എൻ.വിനോദ്കുമാർ. ദേവസ്യ പുറ്റനാൽ, സിബി സി. മാത്യു എന്നിവരും പ്രസംഗിച്ചു. സമ്മേളനം അംഗീകരിച്ച രാഷ്ട്രീയ പ്രമേയത്തിൽ രാജ്യത്തെ കർഷകർ അഭിമുഖീകരിക്കുന്ന അടിസ്ഥാനപ്രശ്നങ്ങളെ സംബന്ധിച്ച് താഴെപ്പറയുംവിധം വിലയിരുത്തുകയുണ്ടായി.

ജീവിതപ്രതിസന്ധികൊണ്ട് ആത്മഹത്യ ചെയ്യുന്ന കർഷകരുടെ എണ്ണം ഏവരെയും ഞെട്ടിപ്പിക്കുംവിധം പെരുകുകയാണ്. മോദി സർക്കാരിന്റെ ആദ്യ രണ്ട് വർഷത്തിനിടയിൽതന്നെ കർഷക ആത്മഹത്യാനിരക്ക് 26% വർധിച്ചു. ആത്മഹത്യ ചെയ്ത കർഷകരെ ആത്മഹത്യാഹേതു മറ്റു പലതാണെന്ന് പറഞ്ഞ് മന്ത്രിമാർ അപമാനിക്കുകയാണ്. കടങ്ങൾ എഴുതിത്തള്ളണമെന്ന കർഷകരുടെ ആവശ്യത്തെ, രാജ്യത്തിന്റെ സാമ്പത്തികസ്ഥിതി അപകടത്തിലാക്കുമെന്നും മോശം വായ്പാസംസ്കാരം വളർത്തുമെന്നും പറഞ്ഞാണ് ബി.ജെ.പി ധനകാര്യമന്ത്രി അരുൺ ജയ്റ്റ്ലി നിരാകരിച്ചത്. അതേസമയം, രാജ്യത്തെ പൊതുമേഖലാ ബാങ്കുകളുടെ കിട്ടാക്കടമായ (ചജഅ) 6.8 ലക്ഷം കോടി രൂപയുടെ 70% വും അംബാനി-അദാനി-മല്ല്യയമാരായ കോർപ്പറേറ്റുകളുടേതാണെന്നും കർഷകരുടേത് 1% മാത്രമാണെന്നും പാർലമെന്റ് പബ്ലിക്ക് അക്കൗണ്ട് കമ്മിറ്റിയുടെ കണക്കുകളിൽ പറയുന്നു. മോദി സർക്കാരിന്റെ 3 സാമ്പത്തിക വർഷംകൊണ്ട് 1.91 ലക്ഷം കോടി രൂപയുടെ കോർപ്പറേറ്റ് കടങ്ങളാണ് എഴുതിത്തള്ളിയത്. ആരാണ് രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ തകർക്കുന്നതെന്നും, ആരാണ് മോശം വായ്പാസംസ്കാരം വളർത്തുന്നതെന്നും ഇതിൽനിന്നും വ്യക്തമാണ്.

കർഷകോല്പന്നങ്ങൾക്ക് ഉല്പാദനച്ചെലവിന്റെ പത്തിലൊന്നുപോലും വിലകിട്ടാത്ത അവസ്ഥയുണ്ടാകുന്നു. വിത്ത്, വളം, കീടനാശിനി, വൈദ്യുതി, ഉല്പാദനോപകരണങ്ങൾ തുടങ്ങിയവക്കെല്ലാം വില കുത്തനെ കയറുകയും ചെയ്യുന്നു. കോർപ്പറേറ്റ് ഫാമിംഗും കോൺട്രാക്ട് ഫാമിംഗും പോലുള്ള കോർപ്പറേറ്റ് കൊള്ളയ്ക്ക് കർഷകർ വിധേയരാകുന്നു. ജീവിക്കാൻ ഗതിയില്ലാതായ കർഷകർ സ്വന്തം ഭൂമിയിൽ കുത്തകകളുടെ കൂലിപ്പണിക്കാരായി ജോലി ചെയ്യേണ്ടി വരുന്നു. ലക്ഷക്കണക്കിന് കർഷകരാണ് കടുംബം പോറ്റാൻ മറ്റു സംസ്ഥാനങ്ങളിലേക്കും നഗരങ്ങളിലേക്കും കുടിയേറുന്നത്. നോട്ട് നിരോധനമെന്ന കാർപ്പറ്റ് ബോംബിംഗും ജി.എസ്.ടി യെന്ന നികുതിക്കുരുക്കും നടപ്പാക്കിയതോടെ രാജ്യത്തെ കർഷകരുടെയും കർഷകതൊഴിലാളികളുടെയും ജീവിതം എരിപിരി കൊള്ളുകയാണ്. രാഷ്ട്രീ പ്രമേയം ചൂണ്ടിക്കാട്ടി.



തൊടുപുഴയിലെ കർഷക സമ്മേളന സദസ്സ്

സ്വതന്ത്ര ഭാരതത്തിലെ കർഷകർ നേരിട്ട അതീവ ഗുരുതരമായ പ്രതിസന്ധിയാണ് ഇപ്പോഴുണ്ടായിരിക്കുന്നത്. അതുകൊണ്ടുതന്നെ രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ കർഷകർ പോരാട്ടത്തിന്റെ പാതയിലാണ്. വെടിയുണ്ടകളെ നേരിട്ടുകൊണ്ടും കർഷകർ രാപ്പകൽ തെരുവിൽതന്നെ നിന്ന് പൊരുതുകയാണ്. ദേശീയതലത്തിൽ നടക്കുന്ന പ്രക്ഷോഭങ്ങളോട് ഐക്യപ്പെട്ടുകൊണ്ട് കേരളത്തിൽ കർഷക മുന്നേറ്റം സംഘടിപ്പിക്കുക എന്ന ലക്ഷ്യം നിറവേറ്റാനായി കർഷക പ്രതിരോധ സമിതി എന്ന സംഘടന രൂപീകരിക്കാൻ സമ്മേളനം അംഗീകരിച്ച സംഘടനാപ്രമേയം കർഷകരോട് ആഹ്വാനം ചെയ്തു. കർഷകപക്ഷത്തുനിന്ന് നൂറ് ശതമാനം ആത്മാർത്ഥമായും കൃത്യമായ ദിശാബോധത്തോടെയും പ്രവർത്തിക്കുന്ന ഒന്നായി കർഷക പ്രതിരോധ സമിതിയെ സംഘടിപ്പിക്കാൻ സമ്മേളനം ഏകകണ്ഠമായി തീരുമാനിച്ചു. കർഷകമുന്നേറ്റങ്ങൾക്ക് പുതിയ തിരികൊളുത്തിയ തീരുമാനത്തെ പ്രതിനിധികൾ ആവേശപൂർവ്വം സ്വീകരിച്ചു.

കർഷക പ്രതിരോധ സമിതിയുടെ രക്ഷാധികാരികളായി ഡോ. ഡി. സുരേന്ദ്രനാഥ്, അഡ്വ. അബ്ദുറഹമാൻ, ജയ്സൺ ജോസഫ്, വി. കെ. ഹംസ മാസ്റ്റർ, അഡ്വ. ഷൈജൻ ജോസഫ്, സി. എ. ഫെലിക്സ് എന്നിവരെയും സംസ്ഥാന പ്രസിഡണ്ടായി ജോർജ്ജ് മാത്യു കൊടുമണ്ണിനെയും വൈസ് പ്രസിഡണ്ടുമാരായി സണ്ണി ചെറിയാൻ, എസ്. രാജീവൻ, വി. കെ. സദാനന്ദൻ, ടോമി വടക്കുഞ്ചേരി എന്നിവരെയും സംസ്ഥാന സെക്രട്ടറിയായി എൻ. വിനോദ്കുമാറിനെയും സമ്മേളനം തെരഞ്ഞെടുത്തു. ജോയിന്റ് സെക്രട്ടറിമാരായി പ്രേംരാജ് ചെറുകര, ദേവസ്യാ പുറ്റനാൽ, പി. ആർ. സതീശൻ, കെ.പി.വിജയൻ എന്നിവരെയും ട്രഷററായി പി.എം.ദിനേശനെയും തെരഞ്ഞെടുത്തു. ഇതര സംസ്ഥാന കമ്മിറ്റി അംഗങ്ങൾ: അനൂപ് ജോൺ(കണ്ണൂർ), എ.ശേഖർ(കോഴിക്കോട്), ബി.ഇമാമുദ്ദീൻ (വയനാട്), അബ്ദുൾ അസീസ് (പാലക്കാട്), ഫ്രാൻസിസ് കളത്തുങ്കൽ, പി.സി.ജോളി (എറണാകുളം), മാത്യു തോമസ്, സെബാസ്റ്റ്യൻ എബ്രഹാം, ജോസഫ് പി.എം., രാജു കൊന്നനാൽ, സിബി സി.മാത്യു (ഇടുക്കി), കെ.എം.പൊന്നപ്പൻ(ആലപ്പുഴ), എ.ജി.അജയകുമാർ(കോട്ടയം), ജി.ധ്രുവകുമാർ(കൊല്ലം)●

## കരാർ ലംഘനത്തിനെതിരെ ചെമ്മീൻ പീലിംഗ് തൊഴിലാളികളുടെ

# സംയുക്തസമര പ്രഖ്യാപന കൺവൻഷൻ






സമരപ്രഖ്യാപന കൺവൻഷനിൽ കെഎംഎസ്ടിയു ജില്ലാ ജോയിന്റ് സെക്രട്ടറി കെ.പി.സുബൈദ അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു

അമ്പലപ്പുഴ,ഒക്ടോബർ29– അംഗീകരിച്ച കരാർ വ്യവസ്ഥ അട്ടിമറിക്കുന്നതിനെതിരെ ചെമ്മീൻ പീലിംഗ്തൊഴിലാളികൾ സമരരംഗത്ത്. 600 കൗണ്ടിൽതാഴെ ഒരു കിലോചെമ്മീൻ പൊളിക്കുന്നതിന് 15രൂപ 50പൈസ, ചെമ്മീൻ പൊളിച്ച് ഡീവെയ്ൻ ചെയ്യുന്നതിന് 17രൂപ, 600കൗണ്ടിനു മുകളിലുള്ള ചെറിയ ചെമ്മീൻ 750ഗ്രാം പൊളിക്കുന്നതിന് 15രൂപ 50പൈസ കൂലി എന്നിങ്ങനെ തൂക്കം അടിസ്ഥാനത്തിൽ കൂലി നിശ്ചയിച്ച് ട്രേഡ് യൂണിയൻ പ്രതിനിധികളും ചെമ്മീൻ പീലിംഗ് ഷെഡ് ഉടമകളുടെ സംഘടനാ നേതാക്കളും തമ്മിലുണ്ടാക്കിയ കരാർ ഉടമകൾ ലംഘിക്കുന്നതിനെതിരെ ചെമ്മീൻ പീലിംഗ് തൊഴിലാളികളുടെ സംയുക്ത സമരപ്രഖ്യാപന കൺവൻഷൻ ഒക്ടോബർ 29ന് അമ്പലപ്പുഴ ടൗൺഹാളിൽ നടന്നു.

ആലപ്പുഴ ജില്ലാ മത്സ്യ സംസ്കരണ–വിപണന തൊഴിലാളി യൂണിയൻ–സിഐടിയു, കേരളാ മത്സ്യ സംസ്കരണ തൊഴിലാളി യൂണിയൻ– കെഎംഎസ്ടിയു–എഐയുടിയുസി, എന്നീ ട്രേഡ് യൂണിയൻ പ്രതിനിധികളും ആലപ്പുഴ ജില്ലാ പ്രോൺസ് പീലിംഗ് ഫെഡറേഷൻ ഉടമകളും തമ്മിൽ ആലപ്പുഴ ജില്ലാ ലേബർ ഓഫീസറുടെ സാന്നിദ്ധ്യത്തിൽ 2017 സെപ്റ്റംബർ 18ന് ഒപ്പുവെച്ച കരാർ ഉടമകൾ അട്ടിമറിച്ചു. രണ്ട്കിലോയിലധികം ചെമ്മീൻ അളന്നു നൽകി 22 രൂപ കൂലി നൽകി തൊഴിലാളികളെ കബളിപ്പിക്കുന്നു. ഒൻപത് രൂപയിലധികം കൂലിയാണ് ഈ അളവിലൂടെ തൊഴിലാളിക്ക് നഷ്ടമാകുന്നത്. സർക്കാർ മിനിമം കൂലി നിശ്ചയിച്ചിരിക്കുന്നത് കിലോ അടിസ്ഥാനത്തിലാണ്.

2015ൽ ആലപ്പുഴ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിലും കിലോ അടിസ്ഥാനത്തിലാണ് കൂലി നിശ്ചയിച്ചിരുന്നത്. കരാർ പ്രകാരം ചെമ്മീൻ തൂക്കി നൽകണമെന്ന് ആവശ്യപ്പെടുന്ന തൊഴിലാളികളെ ഭീഷണിപ്പെടുത്തുകയും 2015 മുതൽ കരാറടിസ്ഥാനത്തിൽ പ്രവർത്തിച്ചിരുന്ന ഷെഡുകൾ പൂട്ടിയിട്ട് തൊഴിലാളികൾക്ക് തൊഴിൽ നിഷേധിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ കരാർ ലംഘനത്തിനെതിരെ തൊഴിലാളികൾ സംഘടിക്കുകയും സംയുക്ത സമരസമിതി രൂപീകരിക്കുകയും ചെയ്തു. സംയുക്ത സമര സമിതിയുടെ ആഭിമുഖ്യത്തിലാണ് സമരപ്രഖ്യാപന കൺവൻഷൻ നടന്നത്. സംയുക്ത സമരസമിതി ചെയർപേഴ്സണും കെഎംഎസ്ടിയു ജില്ലാ ജോയിന്റ് സെക്രട്ടറിയുമായ സഖാവ് കെ.പി.സുബൈദയുടെ അധ്യക്ഷതയിൽ നടന്ന സമരപ്രഖ്യാപന കൺവൻഷൻ സിപിഐ(എം) ആലപ്പുഴ ജില്ലാ സെക്രട്ടേറിയേറ്റംഗം സഖാവ് എച്ച്.സലാം ഉദ്ഘാടനം ചെയ്തു. എഐയുടിയുസി സംസ്ഥാന സെക്രട്ടേറിയേറ്റംഗവും കെഎംഎസ്ടിയു സംസ്ഥാന ജനറൽ സെക്രട്ടറിയുമായ സഖാവ് എസ്.സീതിലാൽ മുഖ്യപ്രഭാഷണം നടത്തി. സമരസമിതി കൺവീനറും മത്സ്യ സംസ്കരണ–വിപണന തൊഴിലാളി യൂണിയൻ സിഐടിയു അമ്പലപ്പുഴ ഏരിയാ സെക്രട്ടറിയുമായ സഖാവ് കെ.കെ ഗോപി സമരപ്രഖ്യാപനം നടത്തി. നവംബർ 15ന് സൂചനാ പണിമുടക്കും തുടർന്ന് ആവശ്യമെങ്കിൽ അനിശ്ചിതകാല പണിമുടക്കും നടത്താൻ കൺവൻഷൻ ഏകകണ്ഠമായി തീരുമാനിച്ചു.

എഐയുടിയുസി ജില്ലാ സെക്രട്ടറി സ.പി.ആർ.സതീശൻ, എ.ഐ.എം.എസ്.എസ് ജില്ലാ സെക്രട്ടറി സ.കെ.ജെ.ഷീല, സിഐടിയു ജില്ലാ നേതാക്കളായ സഖാക്കൾ യു.രാജുമോൻ,സി.രത്നകുമാർ, കെഎംഎസ്ടിയു ജില്ലാ പ്രസിഡന്റ് രേവമ്മചന്ദ്രൻ, ജില്ലാ സെക്രട്ടറി ആർ.അർജ്ജുനൻ, തോട്ടപ്പള്ളി യൂണിറ്റ് സെക്രട്ടറി സുമ എന്നിവർ പ്രസംഗിച്ചു●

## തോമസ് ചാണ്ടിയെ മന്ത്രിസഭയിൽ നിന്നും പുറത്താക്കുക; അന്യാധീനമാക്കപ്പെട്ട കൃഷിഭൂമി കർഷകത്തൊഴിലാളികൾക്ക് തിരികെ നൽകുക

സർക്കാർ ഭൂമി കൈയ്യേറി ക്രിമിനൽ കുറ്റം ചെയ്യുകയും സത്യപ്രതിജ്ഞാലംഘനം നടത്തുകയും ചെയ്ത തോമസ് ചാണ്ടിയെ മന്ത്രിസഭയിൽ നിന്നും പുറത്താക്കണമെന്ന് എസ്.യു.സി.ഐ(സി) ആലപ്പുഴ ജില്ലാകമ്മിറ്റി ആവശ്യപ്പെട്ടു.

കുട്ടനാട്ടിലെ കായൽകൃഷി ഭൂമികൾ മുരുക്കനിൽ നിന്നും മിച്ചഭൂമിയായി ഏറ്റെടുത്ത് പാവപ്പെട്ട കർഷകത്തൊഴിലാളികൾക്ക് ജീവനോപാധിയെന്ന നിലയിലാണ് പതിച്ചുനൽകിയത്. എന്നാൽ ഈ കൃഷിഭൂമിയിൽ ഭൂരിഭാഗവും തോമസ്ചാണ്ടിയെ പോലെയുള്ളവരുടെ കൈകളിലായിരിക്കുന്നു. എത്രയും വേഗം ഈ ഭൂമി വീണ്ടെടുത്ത് കർഷകത്തൊഴിലാളികൾക്ക് തിരികെ നൽകണം.

2008–ലെ തണ്ണീർത്തട സംരക്ഷം നിയമവും 2009–ലെ ഭൂസംരക്ഷണ ഭേദഗതിനിയമവും പ്രകാരം വയലുകൾ അനുമതിയില്ലാതെ നികത്തുന്നതും സർക്കാർ ഭൂമികൈയ്യേറുന്നതും ക്രിമിനൽകുറ്റമാണ്. ഈ രണ്ട് പ്രവൃത്തികളും തോമസ്ചാണ്ടി ചെയ്തിട്ടുണ്ടെന്ന് ആലപ്പുഴ ജില്ലാ കളക്ടർ റിപ്പോർട്ട് നൽകിയിട്ടും സർക്കാർ മന്ത്രിക്കെതിരെ യാതൊരു നടപടിയും കൈക്കൊള്ളാത്തത് കുറ്റകരമാണ്.

പണവും പദവിയും ഉള്ളവർക്ക് എന്ത് നിയമവിരുദ്ധ പ്രവൃത്തികളും ചെയ്യാൻ സർക്കാർ കൂട്ടുനിൽക്കുമെന്നാണിത് കാണിക്കുന്നത്. നിയമം എല്ലാവർക്കും ഒരുപോലെയാണെന്നിരിക്കെ സർക്കാരിൽ നിന്നുള്ള വിവേചനം നമ്മുടെ നിയമവ്യവസ്ഥയുടെ നിലനിൽപ്പിനെത്തന്നെ അപകടപ്പെടുത്തുന്നതാണ്.

എത്രയും വേഗം മന്ത്രിസഭയിൽ നിന്നും തോമസ്ചാണ്ടിയെ പുറത്താക്കണമെന്നും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി മാതൃകാപരമായി ശിക്ഷിക്കണമെന്നും എസ്.യു.സി.ഐ(സി) ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു●

## ജി.അന്തിക്കാട് അനുസ്മരണം

പാർട്ടിയുടെ തൃശ്ശൂർ ജില്ലയിലെ മുതിർന്ന സഖാവും ബാനർ സാംസ്കാരിക സമിതിയുടെ സംസ്ഥാന സമിതി അംഗവുമായിരുന്ന അന്തരിച്ച ജി.അന്തിക്കാടിന്റെ 4–ാം ചരമവാർഷികദിനമായ ഒക്ടോബർ 15ന് ബാനർ സാംസ്കാരിക സമിതിയുടെ ആഭിമുഖ്യത്തിൽ സാഹിത്യ അക്കാദമി വൈലോപ്പിള്ളി ഹാളിൽ വച്ച് അനുസ്മരണം നടത്തി.

ബാനർ സുഹൃത്തുക്കളും ജി.അന്തിക്കാടിന്റെ വിപുലമായ സാമൂഹ്യബന്ധങ്ങളും കുടുംബാംഗങ്ങളും സഖാക്കളും പൊതുജനങ്ങളുമടക്കം നിറഞ്ഞ സദസ്സിലാണ് പരിപാടി നടന്നത്. ജീവിച്ചിരുന്ന കാലത്ത് തന്റെ രചനകളൊന്നും സമാഹരിച്ച് പ്രസിദ്ധീകരിക്കാൻ താൽപര്യം കാട്ടാതിരുന്ന ജി.അന്തിക്കാടിന്റെ തെരഞ്ഞെടുത്ത കവിതകളുടെ സമാഹാരം, എന്റെ സൂര്യൻ അസ്തമിക്കുന്നില്ല എന്ന പുസ്തകത്തിന്റെ പ്രകാശനം പ്രൊഫ.കെ.പി.ശങ്കരൻ നിർവ്വഹിച്ചു.

ആവിഷ്കാര സ്വാതന്ത്ര്യം നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തിൽ ശ്രീ.പി.എൻ.ഗോപീകൃഷ്ണൻ പ്രഭാഷണം നടത്തി. കാസിം വാടാനപ്പിള്ളി, ടി.കെ.വാസുദേവൻ, ടി.കെ.സുധീർകുമാർ, വാസുദേവൻ അന്തിക്കാട്, പി.ജി.ജനാർദ്ദനൻ മാസ്റ്റർ, ജോയ് ചിറമേൽ, ദിനേശ് രാജാ, സുവർണ്ണലതടീച്ചർ, ഡോ.ചന്ദ്രശേഖരൻ, ഫ്രാൻസിസ് മണലൂർ, സി.എ.രവീന്ദ്രൻ, എന്നിവർ ജി.അന്തിക്കാടിനെ അനുസ്മരിച്ചു. ഡോ.പി.എസ്.ബാബു അദ്ധ്യക്ഷത വഹിച്ചു. എം.പ്രദീപൻ സ്വാഗതം ആശംസിച്ചു. സി.ആർ.ഉണ്ണികൃഷ്ണൻ നന്ദി രേഖപ്പെടുത്തി●




അനുസ്മരണ സമ്മേളനത്തിൽ പ്രൊഫ.കെ.പി.ശങ്കരൻ
പുസ്തക പ്രകാശനം നിർവ്വഹിച്ചുകൊണ്ട് പ്രസംഗിക്കുന്നു

## ഗുരുത്വ തരംഗങ്ങളെക്കുറിച്ച് ശാസ്ത്ര സെമിനാർ

ബ്രേക്ത്രൂ സയൻസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പത്തനംതിട്ട തൈക്കാവ് ഗവ.ഹയർ സെക്കന്ററി സ്കൂളിൽ 2017ലെ ഫിസിക്സ് നൊബൽ പ്രൈസിനെ ആസ്പദമാക്കി ഗുരുത്വ തരംഗങ്ങളെക്കുറിച്ച് ശാസ്ത്ര സെമിനാർ നടന്നു.




സെമിനാർ ഡോ. സി.എസ്.മേനോൻ ഉദ്ഘാടനം ചെയ്യുന്നു

സെമിനാർ ഗന്ധിയൂണിവേഴ്സിറ്റി സ്കൂൾ ഓഫ് പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക്സ് മുൻ ഡയറക്ടർ ഡോ. സി.എസ്.മേനോൻ ഉദ്ഘാടനം ചെയ്തു.

നൂറുവർഷം മുൻപ് പ്രവചിച്ച ശാസ്ത്രപ്രവചനമാണിപ്പോൾ കണ്ടെത്തിയിരിക്കുന്നതെന്നും ഐൻസ്റ്റീന്റെ ആപേക്ഷികതാ സിദ്ധാന്തത്തിന്റെ ശക്തിയും ശാസ്ത്ര പ്രവചനങ്ങളുടെ കരുത്തുമാണ് ഇതിലൂടെ വെളിവാക്കുന്നതെന്നും ഗുരുത്വതരംഗ ജ്യോതിശാസ്ത്രം എന്ന പുതിയ ഗവേഷണ ശാഖതന്നെ തുറക്കുന്നതിന് ഈ ഗവേഷണം കാരണമാകുമെന്നും ഡോ. സി.എസ്.മേനോൻ തന്റെ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

സ്കൂൾ പി.ടി.എ പ്രസിഡന്റ് ജയകുമാർ കെ. അദ്ധ്യക്ഷത വഹിച്ചു. ബ്രേക്ത്രൂ സയൻസ് സൊസൈറ്റിസംസ്ഥാന സെക്രട്ടറി പ്രൊഫ. പി.എൻ.തങ്കച്ചൻ, സ്കൂൾ പ്രിൻസിപ്പാൾ ഇൻചാർജ്ജ് സി.സി.അലക്സ്, ബ്രേക് ത്രൂ സയൻസ് സൊസൈറ്റി പത്തനംതിട്ട ചാപ്റ്റർ കൺവീനർ കെ.ജി.അനിൽകുമാർ, വിദ്യാർത്ഥി പ്രതിനിധി ഗായത്രി മോഹൻ എന്നിവർ പ്രസംഗിച്ചു●

# നവംബർ സോഷ്യലിസ്റ്റ് വിപ്ലവ ശതാബ്ദി ആചരണം




പാർട്ടി കേന്ദ്ര സ്റ്റാഫംഗവും ആന്ധ്ര-തെലുങ്കാന സംസ്ഥാന സെക്രട്ടറിയുമായ സ. കെ.ശ്രീധർ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുന്നു.




പ്രകടനത്തിന്റെ മുൻനിര




പ്രകടനത്തിന്റെ മുന്നിൽ കോംസമോൾ മാർച്ച്




ലോകസിനിമയിൽ സോവിയറ്റ് സിനിമ ചെലുത്തിയ സ്വാധീനം: സെമിനാർ പ്രമുഖ സിനിമ സംവിധായകൻ കെ.പി.കുമാരൻ ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ സ. വി.കെ. സദാനന്ദൻ, വിജയകൃഷ്ണൻ, എം.എഫ്.തോമസ്, ആർ.ബിജു തുടങ്ങിയവർ

മഹത്തായ നവംബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ശതാബ്ദി ആചരണങ്ങളുടെ സംസ്ഥാനതല സമാപന പരിപാടികൾ നവംബർ 3,4,5 തീയതികളിൽ തിരുവനന്തപുരത്ത് പുത്തരിക്കണ്ടം മൈതാനിയിൽ നടന്നു. ഒരു വർഷം നീണ്ടുനിന്ന ആചരണപരിപാടികളുടെ സമാപനത്തിന് ചേർന്ന എല്ലാ പകിട്ടും ഗാംഭീര്യവും പ്രതിഫലിപ്പിക്കുന്ന പരിപാടികളാണ് മൂന്ന് ദിവസങ്ങളിലായി തിരുവനന്തപുരത്ത് നടന്നത്. മാനവശക്തി ചരിത്രപ്രദർശനം, പ്രകടനം, പൊതുസമ്മേളനം, സെമിനാറുകൾ, സമ്മേളനങ്ങൾ, ഗാനസദസ്സ്, സാംസ്കാരിക സദസ്സ് തുടങ്ങി നിരവധി വിപുലമായ പരിപാടികളാണ് സംഘടിപ്പിക്കപ്പെട്ടത്. സോഷ്യലിസ്റ്റ് വിപ്ലവം സോവിയറ്റ് യൂണിയനിലും ലോകത്തും വരുത്തിയ വിപ്ലവകരമായ പരിവർത്തനങ്ങളെ സംബന്ധിച്ച് വിവരിക്കുന്ന മാനവശക്തി ചരിത്ര പ്രദർശനം ആരംഭിക്കുന്നതിന് മുമ്പ് തന്നെ വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ വിവിധ ജില്ലകളിൽ വിശേഷിച്ചും തിരുവനന്തപുരം ജില്ലയിൽ നടന്നിരുന്നു. ഒക്ടോബർ 30ന് ശതാബ്ദി ആചരണ പരിപാടികൾ വിളംബരം ചെയ്യുന്ന ഒരു വിളംബര ജാഥ പാർട്ടിയുടെ തിരുവനന്തപുരം ജില്ലാ കമ്മിറ്റി സംഘടിപ്പിച്ചു. പേരൂർക്കടയിൽ വൈകുന്നേരം 4 മണിക്ക് ജില്ലാ സെക്രട്ടറി സഖാവ് ആർ. കുമാർ ഉദ്ഘാടനം ചെയ്തു. നഗരത്തിൽ വലിയ ചലനങ്ങൾ സൃഷ്ടിക്കാൻ വിളംബര ജാഥക്ക് കഴിഞ്ഞു. നവംബർ 3ന് രാവിലെയാണ് മാനവശക്തി ചരിത്ര പ്രദർശനം പാർട്ടി സംസ്ഥാനകമ്മിറ്റിയംഗം സഖാവ് എസ്. രാജീവൻ ഉദ്ഘാടനം ചെയ്തത്. സഖാവ് ആർ. കുമാർ അധ്യക്ഷത വഹിച്ച ഉദ്ഘാടന ചടങ്ങിൽ സ.ആർ. ബിജു സ്വാഗതവും സ.ഡി.സുന്ദരേശൻ നന്ദിയും പറഞ്ഞു. വൈകുന്നേരം 3 മണിക്ക് പ്രകടനം തമ്പാനൂരിൽ നിന്നും ആരംഭിച്ചു. പ്രകടനത്തിന്റ മുൻ നിരയിൽ യൂണിഫോം ഇട്ട കോംസമോൾ വോളണ്ടിയർമാർ മാർച്ച് ചെയ്തു. നൂറുകണക്കിന് സഖാക്കൾ പങ്കെടുത്ത ആവേശകരമായ പ്രകടനത്തിന് എസ്.യു.സി.ഐ. കമ്മ്യൂണിസ്റ്റ് സംസ്ഥാന കമ്മിറ്റിയംഗങ്ങൾ നേതൃത്വം നൽകി.

4 മണിയോടെ പ്രകടനം പുത്തരിക്കണ്ടം നായനാർ പാർക്കിലെ പ്രദർശന നഗരിയിൽ എത്തിച്ചേർന്നു. തുടർന്ന് വിപ്ലവ ഗാനസദസ്സ് നടന്നു. എസ്.യു.സി.ഐ. കമ്മ്യൂണിസ്റ്റ് സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് വി. വേണുഗോപാലിന്റെ അധ്യക്ഷതയിലാണ് പൊതുസമ്മേളനം നടന്നത്. നവംബർ വിപ്ലവം മർദ്ദിത ജനതയുടെ മോചനത്തിനുള്ള വഴികാട്ടിയാണന്നും സോഷ്യലിസ്റ്റ് വിപ്ലവബോധമില്ലാതെ മാനവ സമൂഹത്തിന് മുന്നേറാനാവില്ലെന്നും അധ്യക്ഷ പ്രസംഗത്തിൽ സഖാവ് വി. വേണുഗോപാൽ ഊന്നിപ്പറഞ്ഞു. പാർട്ടി സെൻട്രൽ സ്റ്റാഫും ആന്ധ്ര തെലുങ്കാന സംസ്ഥാന സെക്രട്ടറിയുമായ സഖാവ് കെ, ശ്രീധർ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. രണ്ടാം ലോക മഹായുദ്ധകാലത്ത് ഹിറ്റ്ലറുടെ നേതൃത്വത്തിൽ രൂപം കൊണ്ട ജർമ്മൻ ഫാസിസ്റ്റ് അച്ചുതണ്ടിനെ പരാജയപ്പെടുത്താൻ റഷ്യൻ കമ്മ്യൂണിസ്റ്റ് ചെമ്പട സഖാവ് സ്റ്റാലിന്റെ നേതൃത്വത്തിൽ നടത്തിയ ധീരോജ്ജ്വലമായ പോരാട്ടത്തിന് ലോകചരിത്രത്തിൽ സമാനതകളില്ലെന്ന് അദ്ദേഹം പറഞ്ഞു. യുദ്ധാനന്തരം ലോകത്ത് അമേരിക്കയുടെ നേതൃത്വത്തിൽ വളർന്നുവന്ന സാമ്രാജ്യത്വ ചേരിക്ക് ബദലായി ലോകസമാധാനത്തിന്റെ കേന്ദ്രമായി നിലകൊണ്ടത് സോവിയറ്റ് യൂണിയനും സോഷ്യലിസ്റ്റ് ചേരിയുമായിരുന്നുവെന്ന് സ. ശ്രീധർ വിശദീകരിച്ചു. സംസ്ഥാന സെക്രട്ടേറിയറ്റംഗങ്ങളായ സഖാക്കൾ ജി. എസ്. പത്മകുമാർ, ജയ്സൺ ജോസഫ്, ജില്ലാസെക്രട്ടറി സ.ആർ.കുമാർ എന്നിവർ പ്രസംഗിച്ചു. തൊഴിലാളിവർഗ്ഗ സാർവ്വദേശീയഗാനാലാ

(ശേഷം 7-ാം പേജിൽ)

# മാനവശക്തി ചരിത്രപ്രദർശനം ഒറ്റപ്പാലത്ത്

മാനവശക്തി നവംബർ വിപ്ലവചരിത്രപ്രദർശനം ഒക്ടോബർ 27,28 തിയ്യതികളിൽ ഒറ്റപ്പാലം മിനി ഓപ്പൺ ഓഡിറ്റോറിയത്തിൽ നടന്നു. 27 രാവിലെ 10.30 ന് ഒറ്റപ്പാലം നഗരസഭ ചെയർമാൻ നാരായണൻ നമ്പൂതിരി ഉദ്ഘാടനം ചെയ്തു. അന്ന് വൈകിട്ട് 5.30ന് സോഷ്യലിസവും ലോകസമാധാനവും എന്ന വിഷയത്തിൽ ചർച്ച നടന്നു. എസ്യുസിഐ(കമ്മ്യൂണിസ്റ്റ്) പാലക്കാട് ജില്ലാസെക്രട്ടറി കെ.അബ്ദുൾ അസീസിന്റെ അദ്ധ്യക്ഷതയിൽ നടന്ന ചർച്ചയിൽ പാർട്ടി സംസ്ഥാന കമ്മിറ്റിയംഗം ഡോ.പി.എസ്.ബാബു, ഒറ്റപ്പാലം നഗരസഭ മുൻ ചെയർമാനും സിപിഐ(എം) നേതാവുമായ ഇ. രാമചന്ദ്രൻ എന്നിവർ പങ്കെടുത്തു. ജോസ് കെ.ജോഷ്വ സ്വാഗതവും കെ.പ്രദീപ് നന്ദിയും പറഞ്ഞു. 28 ന് വൈകിട്ട് 5.30ന് ഫാസിസത്തിനെതിരായ പ്രതിരോധവും സോഷ്യലിസവും എന്ന വിഷയത്തിലുള്ള ചർച്ച പ്രമുഖ സാഹിത്യകാരൻ ശ്രീകൃഷ്ണപുരം കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്തു. എസ്യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാക്കമ്മിറ്റിയംഗം കെ.എം. ബീവി അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാനസെക്രട്ടേറിയറ്റംഗം ജി.എസ്. പത്മകുമാർ, സംസ്ഥാനകമ്മിറ്റിയംഗം ടി.കെ.സുധീർകുമാർ, ഇ.ജയപ്രകാശ് എന്നിവർ പങ്കെടുത്തു സംസാരിച്ചു. എ.ഹസീന നന്ദി പറഞ്ഞു ●




ഫാസിസ്റ്റ് വിരുദ്ധ പോരാട്ടവും സോഷ്യലിസവും – സെമിനാർ കഥാകൃത്ത് ശ്രീകൃഷ്ണപുരം കൃഷ്ണൻ കുട്ടി ഉദ്ഘാടനം ചെയ്യുന്നു



നവംബർ വിപ്ലവ ചരിത്ര പ്രദർശനം നഗരസഭാ ചെയർമാൻ നാരായണൻ നമ്പൂതിരി ഉദ്ഘാടനം ചെയ്യുന്നു

# സംസ്ഥാനതല പരിപാടികൾക്ക് പ്രൗഢോജ്ജ്വല സമാപനം

(6-ാം പേജിൽ നിന്ന്)
പനത്തോടെ ആരംഭിച്ച പൊതുസമ്മേളനം സഖാവ് ശിബ്ദാസ്ഘോഷിനെക്കുറിച്ചുള്ള ഗാനാലാപനത്തോടെ അവസാനിച്ചു. രാത്രി 8 മണിക്ക് വിഖ്യാത സിനിമ ബെല്ലാഡ് ഓഫ് എ സോൾജിയർ പ്രദർശിപ്പിച്ചു.

രണ്ടാം ദിവസമായ ശനിയാഴ്ച രാവിലെ നടന്ന കവിസമ്മേളനം പ്രശസ്ത കവിയും അധ്യാപകനുമായ ഡോ. ദേശമംഗലം രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ദേശാഭിമാനി ഗോപി അധ്യക്ഷത വഹിച്ചു. പൂവച്ചൽ ഖാദർ, തിരുമല ശിവൻകുട്ടി, പി വൈ. ബാലൻ, വിനോദ് വെള്ളായണി, ഡി. യേശുദാസ് സുലേഖകുറുപ്പ്, ആമച്ചൽ ഹമീദ്, ആശ ശശികുമാർ, സുമേഷ് കൃഷ്ണൻ, ഉണ്ണികൃഷണൻ മംഗലയ്ക്കൽ, മനു കൈരളി, ശ്രീകുമാർ ചേർത്തല എന്നിവരും കവിതകൾ അവതരിപ്പിച്ചു. ശശി പള്ളിപ്പുറം സ്വാഗതം പറഞ്ഞു.

അന്ന് നാലുമണിക്ക് ഫാസിസ്റ്റ് വിപത്തിനെതിരെ നടന്ന സാംസ്കാരിക സദസ്സ് സിപിഐ(എം) മുൻ ജില്ലാ സെക്രട്ടറി സ.പിരപ്പൻകോട് മുരളി ഉദ്ഘാടനം ചെയ്തു. എസ്. യു.സി.ഐ സംസ്ഥാന കമ്മിറ്റിയംഗം സ.റ്റി. കെ. സുധീർകുമാർ അധ്യക്ഷത വഹിച്ചു. എ.ഐ.ഡി.വൈ.ഒ സംസ്ഥാന പ്രസിഡന്റ് എൻ.കെ. ബിജു, നാഷണൽ ഫിഷ് വർക്കേഴ്സ് ഫെഡറേഷൻ നേതാവ് ടി. പീറ്റർ, കായിക്കര ബാബു, വിളപ്പിൽശാല ജനകീയസമിതി പ്രസിഡന്റ് എസ്. ബുർഹാൻ, പെരുങ്ങുഴി ബി. രവി എന്നിവർ പ്രസംഗിച്ചു. എസ്. മിനി സ്വാഗതവും എ. ഷൈജു നന്ദിയും പറഞ്ഞു. 6 മണിക്ക് ലോകസമാധാനത്തിന് നേരെ സാമ്രാജ്യത്വയുദ്ധ ശക്തികൾ ഉയർത്തുന്ന വെല്ലുവിളികൾ എന്ന വിഷയത്തിലുള്ള സെമിനാർ സഖാവ് കെ. ശ്രീധർ ഉദ്ഘാടനം ചെയ്തു. പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജി.എസ്. പത്മകുമാർ അദ്ധ്യക്ഷത വഹിച്ചു. സിപിഐ കേന്ദ്ര സെക്രട്ടേറിയറ്റംഗം സഖാവ് പന്ന്യൻ രവീന്ദ്രൻ, ആർ. എം. പി.ഐ കേന്ദ്രക്കമ്മിറ്റിയംഗം സഖാവ് കെ. എസ്. ഹരിഹരൻ, എം.സി.പിഐ.(യു) നേതാവ് സ.വി. എസ്. രാജേന്ദ്രൻ, എസ്.യു.സി.ഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് എ. ശേഖർ, ആൾ ഇൻഡ്യ ആന്റി ഇംപീരിയലിസ്റ്റ് ഫോറം ജില്ലാ കൺവീനർ ജി.ആർ. സുഭാഷ് എന്നിവർ സംസാരിച്ചു.

8 മണിക്കു നടന്ന സംഗീത സദസ്സിൽ നഗരത്തിലെ പ്രമുഖ ഗായകരും കലാകാരന്മാരും പങ്കെടുത്തു.

നവംബർ 5 ന് രാവിലെ ലോകസിനിമയിൽ സോവിയറ്റ് സിനിമ ചെലുത്തിയ സ്വാധീനം എന്ന വിഷയത്തെ അധികരിച്ച് നടന്ന സെമിനാറിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാനകമ്മിറ്റിയംഗം സ. വി.കെ. സദാനന്ദൻ അധ്യക്ഷത വഹിച്ചു. പ്രമുഖ സിനിമ സംവിധായകൻ കെപി കുമാരൻ ഉദ്ഘാടനം ചെയ്തു. പ്രമുഖ ചലച്ചിത്രനിരൂപകരായ എംഎഫ് തോമസ്, വിജയകൃഷ്ണൻ, നീലൻ എന്നിവർ സംസാരിച്ചു. ആർ. ബിജു സ്വാഗതവും പി.എസ്. ഗോപകുമാർ നന്ദിയും പറഞ്ഞു. വൈകുന്നേരം 4 മണിക്ക് സോഷ്യലിസ്റ്റ് വിദ്യാഭ്യാസം,ശാസ്ത്രം, സ്ത്രീ വിമോചനം എന്നിവ സൃഷടിച്ച പുതിയ മനുഷ്യൻ എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ അഖിലേന്ത്യാ മഹിളാ സാംസ്കാരികസംഘടന സംസ്ഥാനസെക്രട്ടറി ഷൈല കെ. ജോൺ അദ്ധ്യക്ഷത വഹിച്ചു. പ്രമുഖ പത്രപ്രവർത്തകൻ സി.ഗൗരിദാസൻ നായർ ഉദ്ഘാടനം ചെയ്തു. സ്ത്രീസുരക്ഷാസമിതി സംസ്ഥാനസെക്രട്ടറി മിനി കെ.ഫിലിപ്പ് വിഷയാവതരണം നടത്തി. പ്രൊഫ. വിശ്വമംഗലം സുന്ദരേശൻ, പ്രൊഫ. സി.പി. അരവിന്ദാക്ഷൻ, എം.ഷാജർഖാൻ,എ.ഐ. ഡി.എസ്.ഒ സംസ്ഥാനപ്രസിഡന്റ് ബിനുബേബി എന്നിവർ പ്രസംഗിച്ചു. പി.എസ്. ഗോപകുമാർ സ്വാഗതവും എ.സബൂറ നന്ദിയും പറഞ്ഞു.

വൈകിട്ട് 6 മണിക്ക് സ.ആർ. കുമാറിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമാപനസമ്മേളനത്തിൽ സംസ്ഥാനസെക്രട്ടേറിയറ്റംഗങ്ങളായ സഖാക്കൾ ജയ്സൺജോസഫ്, ജി.എസ്. പത്മകുമാർ എന്നിവർ പ്രസംഗിച്ചു.

തുടർന്ന് മിഷൻ ടു മോസ്കോ എന്ന സിനിമ പ്രദർശിപ്പിക്കപ്പെട്ടു.

അഖിലേന്ത്യാ തലത്തിൽ നവംബർവിപ്ലവശതാബ്ദിയാചരണത്തിന് സമാപനം കുറിച്ചുകൊണ്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കേന്ദ്രക്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നവംബർ 17-ന് കൊൽക്കത്തയിൽ നടക്കുന്ന വമ്പിച്ച റാലിയിൽ കേരളത്തിൽ നിന്ന് നൂറുകണക്കിന് പാർട്ടി പ്രവർത്തകർ പങ്കെടുക്കും●



ലോകസമാധാനത്തിന് നേരേ സാമ്രാജ്യത്വയുദ്ധ ശക്തികൾ ഉയർത്തുന്ന വെല്ലുവിളികൾ : സെമിനാർ : സഖാവ് പന്ന്യൻ രവീന്ദ്രൻ പ്രസംഗിക്കുന്നു. വേദിയിൽ സഖാവ് കെ. ശ്രീധർ, സഖാവ് ജി.എസ്. പത്മകുമാർ, സഖാവ് കെ. എസ്. ഹരിഹരൻ, സ.വി.എസ്. രാജേന്ദ്രൻ, സഖാവ് എ. ശേഖർ, ജി.ആർ.സുഭാഷ് തുടങ്ങിയവർ.



കവിസമ്മേളനം പ്രശസ്ത കവി ഡോ. ദേശമംഗലം രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു



ഫാസിസ്റ്റ് വിപത്തിനെതിരെ നടന്ന സാംസ്കാരിക സദസ്സ് : സ.പിരപ്പൻകോട് മുരളി ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ കായിക്കര ബാബു, സ. എൻ.കെ. ബിജു, സ. ടി.കെ.സുധീർകുമാർ, എസ്. ബുർഹാൻ, ടി. പീറ്റർ, പെരുങ്ങുഴി ബി. രവി തുടങ്ങിയവർ



മാനവശക്തി പ്രദർശനം സ. എസ്.രാജീവൻ ഉദ്ഘാടനം ചെയ്യുന്നു.



സോഷ്യലിസ്റ്റ് വിദ്യാഭ്യാസം,ശാസ്ത്രം, സ്ത്രീ വിമോചനം എന്നിവ സൃഷടിച്ച പുതിയ മനുഷ്യൻ: സെമിനാർ പ്രമുഖ പത്രപ്രവർത്തകൻ സി.ഗൗരിദാസൻ നായർ ഉദ്ഘാടനം ചെയ്യുന്നു. ഷൈല കെ. ജോൺ, മിനി കെ.ഫിലിപ്പ്, പ്രൊഫ. വിശ്വമംഗലം സുന്ദരേശൻ, പ്രൊഫ. സി.പി. അരവിന്ദാക്ഷൻ, എം.ഷാജർഖാൻ, ബിനുബേബി തുടങ്ങിയവർ വേദിയിൽ

ആന്ധ്ര–തെലങ്കാന സംസ്ഥാന സംഘാടക കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ

# നവംബർ വിപ്ലവ റാലി



അനന്തപുരിൽ നടന്ന നവംബർ വിപ്ലവ ശതാബ്ദി ആചരണ റാലിയുടെ മുൻനിര

മഹത്തായ നവംബർ വിപ്ലവത്തിന്റെ ശതാബ്ദി ആചരണത്തോടനുബന്ധിച്ച് എസ്.യു.സി.ഐ(സി)യുടെ ആന്ധ്ര-തെലങ്കാന സംസ്ഥാന സംഘാടക കമ്മിറ്റി അനന്തപൂരിൽ സംസ്ഥാനതല റാലിയും സമ്മേളനവും സംഘടിപ്പിച്ചു.

കമ്മ്യൂണിസ്റ്റ് ആചാര്യന്മാരുടെ ചിത്രങ്ങളുമേന്തിയുള്ള റാലിയിൽ ആയിരത്തിലേറെ വിദ്യാർത്ഥികളും കർഷകരും സ്ത്രീകളുമൊക്കെ അണിനിരന്നു. നവംബർ വിപ്ലവ ഫോട്ടോ പ്രദർശനവും സംഘടിപ്പിച്ചു.

സമ്മേളനത്തിൽ പാർട്ടി കേന്ദ്ര കമ്മിറ്റി അംഗം സഖാവ് കെ.രാധാകൃഷ്ണ മുഖ്യപ്രഭാഷണം നടത്തി. മാർക്സിസം-ലെനിനിസം-ശിബ്ദാസ് ഘോഷ് ചിന്തകളുടെ അടിസ്ഥാനത്തിൽ മഹത്തായ നവംബർ വിപ്ലവത്തിന്റെ പാഠങ്ങൾ സഖാവ് രാധാകൃഷ്ണ വിശകലനം ചെയ്തു. സോഷ്യലിസ്റ്റ് സമൂഹത്തിലും വർഗ്ഗങ്ങൾ നിലനിൽക്കുന്നതിനാൽ വർഗ്ഗസമരം ശക്തമായി മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്. ഇതിന്, മാറിയ സാഹചര്യത്തിന് നിരക്കും വിധം മാർക്സിസത്തെ വികസിപ്പിക്കേണ്ടതുണ്ട്. ഇന്ന്, മാർക്സിസത്തിന്റെ ഏറ്റവും കാലികവും വികസിതവുമായ ധാരണ പ്രദാനം ചെയ്യുന്നത് ശിബ്ദാസ് ഘോഷ് ചിന്തകളാണ്. അത് ഉൾക്കൊണ്ടു മാത്രമേ സോഷ്യലിസ്റ്റ് വിപ്ലവ പോരാട്ടത്തെ മുന്നോട്ടുനയിക്കാനാകൂ എന്ന സഖാവ് രാധാകൃഷ്ണ ഓർമ്മിപ്പിച്ചു.

ലെനിനെ അനുസ്മരിച്ചുകൊണ്ടുള്ള ഗാനത്തോടെ ആരംഭിച്ച സമ്മേളനം തൊഴിലാളി വർഗ്ഗത്തിന്റെ സാർവ്വദേശീയ ഗാനത്തോടെ സമാപിച്ചു. നവംബർ വിപ്ലവത്തെ അധികരിച്ച് തയ്യാറാക്കിയ അരുണാർണവം എന്ന നാടകവും അവതരിപ്പിച്ചു●

ജനകീയ പ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിൽ

# മനുഷ്യസംഗമം



മനുഷ്യസംഗമം ആർ.പാർത്ഥസാരഥി വർമ്മ ഉദ്ഘാടനം ചെയ്യുന്നു

## കണിച്ചുകുളങ്ങര

ജനകീയ പ്രതിരോധ സമിതി ചേർത്തല താലൂക്ക് സമിതി 2017 ഒക്ടോബർ 13ന് കണിച്ചുകുളങ്ങര ബീച്ച് ജംഗ്ഷനിൽ സംഘടിപ്പിച്ച മനുഷ്യ സംഗമം പ്രശസ്ത ചിത്രകല അധ്യാപകൻ ആർ.പാർത്ഥസാരഥി വർമ്മ ഉദ്ഘാടനം ചെയ്തു.

കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി ചേർത്തല താലൂക്ക് ജോയിന്റ് സെക്രട്ടറി കെ.എ.വിനോദ് അധ്യക്ഷത വഹിച്ച സംഗമത്തിൽ താലൂക്ക് സെക്രട്ടറി കെ.പി.മനോഹരൻ, ആർട്ടിസ്റ്റ് സിബി, പി.ഡി.രമണൻ, ആർ.രഞ്ജിത്, ആർ.ബിനോദ് എന്നിവർ പങ്കെടുത്തു.

സംഗമത്തിന് മുന്നോടിയായി വയലാറിന്റെ 'ശ്രീ നാരായണ ഗുരു' എന്ന പ്രശസ്ത കവിത എം.ബി. സന്തോഷ് കുമാർ ആലപിച്ചു.



കലവൂരിൽ ഡോ.അമൃത മനുഷ്യസംഗമം ഉദ്ഘാടനം ചെയ്യുന്നു

## കലവൂർ

ഗൗരി ലങ്കേഷിന്റെ ഘാതകരെ ശിക്ഷിക്കുക, പശുവിന്റെ പേരിലുള്ള നരഹത്യ അവസാനിപ്പിക്കുക, മതേതര ജനാധിപത്യ മൂല്യങ്ങൾ സംരക്ഷിക്കുക, പാചക വാതക വിലവർദ്ധനവടക്കം ജനങ്ങളുടെ മേലുള്ള സാമ്പത്തിക അതിക്രമങ്ങൾ അവസാനിപ്പിക്കുക തുടങ്ങി സുപ്രധാന ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ട് കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി ചേർത്തല കമ്മിറ്റി ഒക്ടോ. 7ന് കലവൂരിൽ സംഘടിപ്പിച്ച മനുഷ്യ സംഗമം പ്രശസ്ത കവയിത്രി ഡോ.അമൃത ഉദ്ഘാടനം ചെയ്തു. കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി സംസ്ഥാന കമ്മിറ്റിയംഗം ശ്രീ.ജ്യോതി കൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി.

ആലപ്പുഴ ജില്ലാ വൈസ്പ്രസിഡന്റ് ടി.ബി.വിശ്വനാഥൻ അദ്ധ്യക്ഷത വഹിച്ചു. എം.ബി.സന്തോഷ് കുമാർ, ബി.ഭാഗ്യൻ, കുഞ്ഞുമോൾ ബെന്നി, എം.എ.ബിന്ദു, ടി.മുരളി, എസ്.സീതിലാൽ, മാരാരിക്കുളം വിജയൻ, കെ.പി.മനോഹരൻ, കെ.എ.വിനോദ് തുടങ്ങിയവർ പ്രസംഗിച്ചു. എ.ഐ.ഡി.എസ്.ഒ-എ.ഐ.ഡി. വൈ.ഒ നാടകസംഘത്തിന്റെ 'വരൂ, ഈ തെരുവിലെ രക്തം കാണൂ' എന്ന തെരുവു നാടകത്തിന്റെ അവതരണവും നടന്നു.

## തെങ്ങണ

ജനകീയ പ്രതിരോധ സമിതി മാടപ്പള്ളി മേഖല കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഒക്ടോ. 21ന് തെങ്ങണയിൽ നടന്ന മനുഷ്യസംഗമം താലൂക്ക് ലൈബ്രറി കൗൺസിൽ പ്രസിഡന്റ് ജയിംസ് വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു. എൻ.കെ.ബിജു മുഖ്യപ്രഭാഷണം നടത്തി. മൈത്രി ഗോപീകൃഷ്ണൻ തോമസ് കെ.മാറാട്ടുകളം, പി.എം.ചാക്കോ, കെ.എസ്.ശശികല, ടി.ജെ.ജോണിക്കുട്ടി തുടങ്ങിയവർ പ്രസംഗിച്ചു.



തെങ്ങണയിൽ ജയിംസ് വർഗ്ഗീസ് മനുഷ്യസംഗമം ഉദ്ഘാടനം ചെയ്യുന്നു

# അന്യായമായ കുടിയൊഴിപ്പിക്കൽ അനുവദിക്കില്ല: എൻഎച്ച് 17 ആക്ഷൻ കൗൺസിൽ

ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് അന്യായമായി സ്ഥലമേറ്റെടുക്കാനുള്ള നീക്കത്തെ സംഘടിതമായി ചെറുക്കുമെന്നും അന്യായമായ കുടിയൊഴിപ്പിക്കൽ അനുവദിക്കില്ലെന്നും എൻ.എച്ച് 17 ആക്ഷൻ കൗൺസിൽ കണ്ണൂരിൽ സംഘടിപ്പിച്ച ജില്ലാ കൺവെൻഷൻ ഏകകണ്ഠമായി പ്രഖ്യാപിച്ചു. 30 മീറ്ററിനുള്ളിൽ 6 വരിയായി റോഡ് നിർമ്മിക്കാമെന്നിരിക്കെ അന്യായമായി 45 മീറ്റർ വീതിയിൽ ഭൂമിയേറ്റെടുത്ത് 4 വരിപ്പാത നിർമ്മിക്കുവാനാണ് സർക്കാർ ശ്രമിക്കുന്നത്. കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് മുൻകൂർ പുനഃരധിവാസവും മാർക്കറ്റ് വിലയും നഷ്ടപരിഹാരമായി നൽകുവാനും സർക്കാർ തയ്യാറല്ല. മാർക്കറ്റ് വില നൽകുമെന്നുള്ള കുപ്രചരണം നടത്തി, ബലം പ്രയോഗിച്ച് ഭൂമിയേറ്റെടുക്കാൻ ശ്രമിക്കുകയാണ് സർക്കാർ. ഇതിനെതിരെ വലിയ പ്രതിഷേധമാണ് ജനങ്ങളുടെയിടയിൽ രൂപപ്പെട്ടു വരുന്നത്.

ദേശീയപാത വികസനത്തിന്റെ പേരിൽ അന്യായമായി ഭൂമിയേറ്റെടുക്കുന്നതു വഴി ആയിരക്കണക്കിന് കുടുംബങ്ങളാണ് കുടിയൊഴിപ്പിക്കപ്പെടുന്നത്. 30 മീറ്ററിനുള്ളിൽ 4 വരിയായോ 6 വരിയായോ പാത നിർമ്മിച്ചാൽ കുടിയൊഴിപ്പിക്കൽ ഗണ്യമായി കുറയ്ക്കാനാകും. പൊതു ആവശ്യത്തിന് വേണ്ടി ഭൂമിയും കെട്ടിടങ്ങളും വിട്ടുകൊടുക്കുന്നവർക്ക് നിലവിലുണ്ടായിരുന്നതിനേക്കാൾ മെച്ചപ്പെട്ട നിലയിലുള്ള പുനഃരധിവാസവും മാർക്കറ്റ് വിലയും നൽകണം; ഇത് പൊതു ആവശ്യത്തിന് വേണ്ടി ഭൂമിയും കെട്ടിടങ്ങളും വിട്ടുകൊടുക്കാൻ ജനങ്ങളെ സ്വമേധയാ പ്രേരിപ്പിക്കുകയും ചെയ്യും. ഈ ആധുനിക വികസന സങ്കൽപം നമ്മുടെ ഭരണാധികാരികൾ അംഗീകരിക്കാൻ തയ്യാറല്ല. ജനങ്ങളെ തെരുവിലേക്ക് വലിച്ചെറിഞ്ഞുള്ള ഈ വികസന ഭ്രാന്തിനെ ഒരു കാരണവശാലും അംഗീകരിക്കാനാവില്ല. ഇതിനെതിരെ ശക്തമായി നിലകൊള്ളാനാണ് ജില്ലാ കൺവെൻഷൻ തീരുമാനിച്ചിരിക്കുന്നത്. കുടിയൊഴിപ്പിക്കൽ ഭീഷണി നേരിടുന്നവരുടെയൊപ്പം മുഴുവൻ ജനങ്ങളുടെയും പിന്തുണയും സഹകരണവും ഉണ്ടാവണമെന്നും കൺവൻഷൻ ആഹ്വാനം ചെയ്തു.



ജില്ലാ കൺവെൻഷനു മുന്നോടിയായി കണ്ണൂർ ടൗണിൽ നടന്ന പ്രകടനം

എൻ.എച്ച് 17 ആക്ഷൻ കൗൺസിൽ സംസ്ഥാന ജനറൽ കൺവീനർ ടി.കെ. സുധീർകുമാർ കൺവൻഷൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ് പ്രസിഡന്റ് ഹാഷിം ചേന്ദാമ്പള്ളി മുഖ്യ പ്രഭാഷണം നടത്തി. ജില്ലാ ചെയർമാൻ ഡോ. ഡി. സുരേന്ദ്രനാഥ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ കൺവീനർ പോൾ.ടി.സാമുവൽ, ജില്ലാ വൈസ് പ്രസിഡന്റ് കെ.കെ. ഉത്തമൻ, ജില്ലാ ജോയിന്റ് കൺവീനർ അനൂപ് ജോൺ ഏരിമറ്റം, ടി. പവിത്രൻ (കാസർഗോഡ് ജില്ലാ ആക്ഷൻ കൗൺസിൽ, ജില്ലാ വൈസ് പ്രസിഡണ്ട്), രാജു മാത്യു, ടി.സി. മനോജ്, കെ. ശ്രീമതി എന്നിവർ പ്രസംഗിച്ചു.

ജനകീയ പ്രതിരോധ സമിതി

## കായംകുളം മേഖലാ കൺവെൻഷൻ

നോട്ട് നിരോധനവും ജി.എസ്.ടിയും ജനജീവിതത്തെ പ്രതികൂലമായി ബാധിച്ചതായി ജനകീയ പ്രതിരോധ സമിതി ആലപ്പുഴ ജില്ലാ പ്രസിഡന്റ് അഡ്വ.മാത്യു വേളങ്ങാടൻ അഭിപ്രായപ്പെട്ടു. ജനകീയ പ്രതിരോധസമിതിയുടെ കായംകുളം മേഖലാ കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എൻ. ആർ അജയകുമാറിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ആർ. പാർത്ഥസാരഥി വർമ്മ, എം.ഒ.പുഷ്കരൻ, അഡ്വ.ഒ.ഹാരിസ്, എൻ. ഉദയകുമാർ, ഷാജി കൊട്ടാരം തുടങ്ങിയവർ പ്രസംഗിച്ചു. ജനകീയപ്രതിരോധസമിതിയുടെ കായംകുളം മേഖലാ കമ്മിറ്റി ഭാരവാഹികളായി പ്രസിഡന്റ് ബി.ദിലീപൻ, വൈസ് പ്രസിഡന്റ്.അഡ്വ.ഒ.ഹാരിസ്, സെക്രട്ടറി എൻ.ഉദയകുമാർ, ജോ.സെക്രട്ടറിമാർ എൻ.ആർ അജയകുമാർ, എസ്.അനിൽപ്രസാദ് എന്നിവരെ കൺവൻഷൻ തെരഞ്ഞെടുത്തു.

## തോട്ടപ്പള്ളി മേഖലാ സമിതി രൂപീകരിച്ചു

ജനകീയ പ്രതിരോധസമിതി അമ്പലപ്പുഴ തോട്ടപ്പള്ളി മേഖലാ സമിതി രൂപീകരണ കൺവൻഷൻ അക്ഷയ പാരലൽ കോളേജിൽ നടന്നു. രവീന്ദ്രനാഥ് തോട്ടപ്പള്ളി പ്രസിഡന്റും എ.എം.സാലി, സുഭാഷ്ബാബു, സുഭദ്രാമ്മ എന്നിവർ വൈസ് പ്രസിഡന്റുമാരും കെ.ജെ.ഷീല സെക്രട്ടറിയും ആർ.ശ്രീനാഥ്, എം.ആദിത്ത് എന്നിവർ ജോയിന്റ് സെക്രട്ടറിമാരും എസ്.സുമ ട്രഷററുമായുള്ള കമ്മിറ്റിയെ കൺവൻഷൻ തെരഞ്ഞെടുത്തു.

# ദേശീയപാത സമരം: ചാവക്കാട് പ്രതിഷേധ യോഗം



എൻ.എച്ച് ആക്ഷൻ കൗൺസിൽ ജില്ലാ കൺവീനർ സി.കെ.ശിവദാസൻ മുഖ്യപ്രസംഗം നടത്തുന്നു

ദേശീയപാത സ്വകാര്യവൽക്കരിച്ച് ടോൾ പാതയാക്കാനുള്ള സർക്കാർ നടപടിക്കെതിരെ എൻ.എച്ച് ആക്ഷൻ കൗൺസിൽ തൃശൂർ ജില്ല ഉത്തര മേഖല കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ചാവക്കാട് പ്രതിഷേധ യോഗം നടന്നു. സംസ്ഥാന പ്രസിഡന്റ് ഇ.വി.മുഹമ്മദലി ഹാജി യോഗം ഉദ്ഘാടനം ചെയ്തു. മേഖലാ കമ്മിറ്റി ചെയർമാൻ വി.സിദ്ദിഖ് ഹാജി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ കൺവീനർ സി.കെ.ശിവദാസൻ മുഖ്യ പ്രസംഗം നടത്തി. ജനകീയ സമരങ്ങൾ തീവ്രവാദമല്ലെന്നും ജനകീയ സമരങ്ങളെ തീവ്രവാദമാരോപിച്ച് അടിച്ചമർത്താനാവില്ലെന്നും സർക്കാരിന്റെ ഇത്തരം നീക്കങ്ങൾ ഇടതുപക്ഷ സർക്കാരിന് ഭൂഷണമല്ലെന്നും ഇ.വി.മുഹമ്മദലി പറഞ്ഞു. ബിഒടി പദ്ധതിക്കായി ജനങ്ങളെ കുടിയൊഴിപ്പിക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ സമവായത്തിലാണ്. ദേശീയപാത 30 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിന് ഭൂമിവിട്ടു കൊടുക്കുവാൻ തയ്യാറായ ജനങ്ങളെ വികസന വിരോധികളായി ചത്രീകരിക്കരുതെന്നും അദ്ദേഹം പറഞ്ഞു. മേഖലാ കൺവീനർ സി.ഷറഫുദ്ദീൻ, സി. ആർ.ഉണ്ണികൃഷ്ണൻ, സി.വി.പ്രേംരാജ്, ഫിറോസ് തൈപ്പറമ്പിൽ, തോമസ് ചിറമ്മേൽ, ഒ.കെ.ഫഹിം, കെ. വി.സത്യൻമാസ്റ്റർ, പട്ടാളം കമറുദ്ദീൻ എന്നിവർ പ്രസംഗിച്ചു.



എസ്.യു.സി.ഐ(സി) ഡൽഹി സംസ്ഥാന സെക്രട്ടറി സ.പ്രാൺ ശർമ്മ 'മാർച്ച് ഫോർ ഡെമോക്രസി'യെ അഭിസംബോധന ചെയ്യുന്നു

## ഗൗരി ലങ്കേഷ് വധം: ഡൽഹിയിൽ 'മാർച്ച് ഫോർ ഡെമോക്രസി'

പ്രമുഖ പത്രപ്രവർത്തക ഗൗരി ലങ്കേഷ് വധിക്കപ്പെട്ട് ഒരു മാസം തികയുന്ന വേളയിൽ ഇടതു പ്രസ്ഥാനങ്ങളും പൗരാവകാശ സംഘടനകളും ജനകീയ നേതാക്കളും പുരോഗമന വിശ്വാസികളും അണിനിരന്ന 'മാർച്ച് ഫോർ ഡെമോക്രസി' ഡൽഹിയിലെ ജന്തർ മന്ദറിൽ ഒക്ടോബർ 5ന് നടന്നു. പ്രശാന്ത് ഭൂഷൺ, കുൽദീപ് നയ്യാർ, സ്വാമി അഗ്നിവേശ് എന്നിവർ മാർച്ചിനെ അഭിസംബോധന ചെയ്തു. എസ്.യു.സി.ഐ(സി) ഡൽഹി സംസ്ഥാന സെക്രട്ടറി സഖാവ് പ്രാൺ ശർമ്മ പാർട്ടിയെ പ്രതിനിധീകരിച്ച് പ്രസംഗിച്ചു. പാർട്ടിയുടെ മുഴുവൻ മുന്നണി സംഘടനകളും മാർച്ചിൽ പങ്കെടുത്തു. എ.ഐ.യു.ടി.യു.സി അഖിലേന്ത്യ വൈസ് പ്രസിഡന്റ് സഖാവ് ആർ.കെ.ശർമ്മ ഗൗരി ലങ്കേഷിനെ കുറിച്ചുള്ള ഗാനം ആലപിച്ചു.

## കുടിവെള്ളക്ഷാമം പരിഹരിക്കുക: ചങ്ങനാശ്ശേരി മുനിസിപ്പൽ ഓഫീസ് ധർണ്ണ

നഗരത്തിലെയും പരിസരപ്രദേശങ്ങളിലെയും കുടിവെള്ള ക്ഷാമം പരിഹരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് എസ്.യു.സി.ഐ കമ്മ്യൂണിസ്റ്റ് ചങ്ങനാശ്ശേരി ലോക്കൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മുനിസിപ്പൽ ഓഫീസിനുമുന്നിൽ നടന്ന ധർണ്ണ പാർട്ടി ജില്ലാ സെക്രട്ടേറിയറ്റ് അംഗം സഖാവ് റ്റി.ജെ.ജോണിക്കുട്ടി ഉദ്ഘാടനം ചെയ്തു.

ചങ്ങനാശ്ശേരി താലൂക്ക് രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന്റെ പിടിയിലാണ്. കാലവർഷവും തുലാവർഷവും പെയ്യുമ്പോഴും ജനങ്ങൾ കുടിവെള്ളത്തിനായി നെട്ടോട്ടമോടുകയാണ്.

ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി, വാഴപ്പള്ളി, കുറിച്ചി, തൃക്കൊടിത്താനം പഞ്ചായത്തുകളിൽ ആഴ്ചകളോളം കുടിവെള്ള വിതരണം മുടങ്ങുക പതിവായിരിക്കുന്നു. കൂലിപ്പണിക്കാരും സാധാരണക്കാരുമായ ജനങ്ങൾപോലും വൻതുകമുടക്കി കുടിവെള്ളം വിലയ്ക്കുവാങ്ങേണ്ടുന്ന ഗതികേടിലാണ്.

ചങ്ങനാശ്ശേരി ലോക്കൽ കമ്മിറ്റിയംഗം സഖാവ് വി.അരവിന്ദ് അദ്ധ്യക്ഷത വഹിച്ചു. സഖാക്കൾ മിനി കെ.ഫിലിപ്പ്, മേധ സുരേന്ദ്രനാഥ്, കെ.എൻ.രാജൻ തുടങ്ങിയവർ പ്രസംഗിച്ചു.കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ ശാശ്വതവും അടിയന്തരവുമായ നടപടികൾ കൈക്കൊള്ളണം എന്നാവശ്യപ്പെട്ടുകൊണ്ട് ജലസേചനവകുപ്പ് മന്ത്രിക്കുള്ള നിവേദനവും സമർപ്പിച്ചു.



എസ്.യു.സി.ഐ(സി) ജില്ലാ സെക്രട്ടേറിയറ്റ് അംഗം സഖാവ് റ്റി.ജെ.ജോണിക്കുട്ടി ധർണ്ണ ഉദ്ഘാടനം ചെയ്യുന്നു.

## പാചകവാതക വിലവർദ്ധന പിൻവലിക്കുക: എൽ.പി.ജി കൺസ്യൂമേഴ്സ് ഫോറം

ജനജീവിതം ദുരിതപൂർണ്ണമാക്കുന്ന തരത്തിൽ സബ്സിഡിയുള്ള പാചകവാതക സിലിണ്ടറിന് 4 രൂപ 50 പൈസയും, സബ്സിഡിയില്ലാത്ത സിലിണ്ടറിന് 93 രൂപയും വാണിജ്യാവശ്യത്തിനുള്ള സിലിണ്ടറിന് 146 രൂപയും ആയി വർദ്ധിപ്പിച്ചതിൽ എൽ.പി.ജി. കൺസ്യൂമേഴ്സ് ഫോറം കുണ്ടറ മേഖലാ കമ്മിറ്റി പ്രതിഷേധിച്ചു. 2018-മാർച്ച് മാസത്തോടെ സബ്സിഡി പൂർണ്ണമായും ഇല്ലാതാക്കാനുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനം പിൻവലിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. പ്രസിഡന്റ് വൈ.റോബർട്ട് അദ്ധ്യക്ഷം വഹിച്ച യോഗം ജനകീയ പ്രതിരോധ സമിതി ജില്ല് പ്രസിഡന്റ് എ.ജെയിംസ് ഉദ്ഘാടനം ചെയ്തു. ഫാ.ഗീവർഗ്ഗീസ് തരകൻ, കെ.ഒ.മാത്യു പണിക്കർ, അരുൺഗോപിനാഥ്, എസ്.രാഘവൻ, എൻ.വിജയകൃഷ്ണൻ, പി.പി.പ്രശാന്ത്കുമാർ, വി.ലീല, വി.ആന്റണി എന്നിവർ പ്രസംഗിച്ചു.

# അഡ്വ.ഹാമിദ് എസ്.വടുതലയ്ക്ക് ആദരാഞ്ജലികൾ



മാവേലിക്കരയിൽ നടന്ന അനുസ്മരണ സമ്മേളനത്തിൽ അഡ്വ.മാത്യു വേളങ്ങാടൻ അദ്ധ്യക്ഷപ്രസംഗം നടത്തുന്നു

ജനകീയ പ്രതിരോധ സമിതിയുടെ ആലപ്പുഴ ജില്ലാ വൈസ് പ്രസിഡന്റും വിവിധ സാമൂഹ്യ-സാസ്കാരിക-രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ നായകസ്ഥാനത്ത് പ്രവർത്തിച്ചിരുന്നയാളുമായ അഡ്വ.ഹാമീദ് എസ്.വടുതല അന്തരിച്ചു. നവംബർ 2ന് കൊല്ലത്ത് ഒരു യോഗത്തിൽ പങ്കെടുത്ത് മടങ്ങുംവഴി ആശുപത്രിയിൽ പ്രവേശിക്കപ്പെട്ട അദ്ദേഹം പിറ്റേന്ന് രാവിലെ അന്തരിച്ചു.

മാനവികതയിലും മതേതരത്വത്തിലും ഊന്നിയുള്ള രാഷ്ട്രീയ-സാസ്കാരിക-സാമൂഹ്യ പ്രവർത്തനം നിസ്വാർത്ഥമായി നടത്തിവന്ന ആളായിരുന്നു അദ്ദേഹം. ജനകീയ പ്രതിരോധംകൊണ്ടും മാനവിക ഐക്യംകൊണ്ടും ഫാസിസത്തെ ചെറുക്കാമെന്ന കാഴ്ചപ്പാടാണ് അദ്ദേഹം വച്ചുപുലർത്തിയത്. മാവേലിക്കര വെടിമരുന്ന് ദുരന്തവുമായി ബന്ധപ്പെട്ട ജനകീയ സമരം മുതൽ നിരവധി സമരരംഗങ്ങളിൽ ജനപക്ഷത്ത് അടിയുറച്ചു നിന്ന് ഇടപെടലുകൾ നടത്തിയ അദ്ദേഹത്തിന്റെ വിയോഗം പുരോഗമന പ്രസ്ഥാനങ്ങൾക്ക് തീരാനഷ്ടമാണെന്ന് മാവേലിക്കര പബ്ലിക് ലൈബ്രറി ഹാളിൽ നവംബർ 6ന് ചേർന്ന അനുസ്മരണയോഗം വിലയിരുത്തി. യോഗത്തിൽ ജനകീയ പ്രതിരോധ സമിതി ആലപ്പുഴ ജില്ലാ പ്രസിഡന്റ് അഡ്വ.മാത്യു വേളങ്ങാടൻ അദ്ധ്യക്ഷത വഹിച്ചു. മാവേലിക്കര മുനിസിപ്പൽ ചെയർപേഴ്സൺ ലീല അഭിലാഷ്, അഡ്വ.മുജീബ് റഹ്മാൻ, ബി.ദിലീപൻ, അഡ്വ.സണ്ണിക്കുട്ടി, അഡ്വ.വിൻസന്റ് ജോസഫ്, അഡ്വ.സീമ, പ്രൊഫ.ചന്ദ്രശേഖരൻ, പ്രസന്ന ചുനക്കര, ജി.ശശികുമാർ മാവേലിക്കര, അഭിലാഷ്, ചുനക്കര ഹനീഫ, എസ്.സീതിലാൽ, ആർ.പാർത്ഥസാരഥി വർമ്മ എന്നിവർ അനുസ്മരണ പ്രസംഗങ്ങൾ നടത്തി.

ജനകീയ പ്രതിരോധ സമിതി കായംകുളം മേഖല കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന അനുശോചന യോഗത്തിൽ മേഖല പ്രസിഡന്റ് ബി. ദിലീപൻ അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് അഡ്വ. ഒ.ഹാരീസ്, സെക്രട്ടറി എൻ.ഉദയകുമാർ, ജോ.സെക്രട്ടറി എൻ.ആർ.അജയകുമാർ, കെ.എസ്.ആനന്ദ ചന്ദ്രൻ തുടങ്ങിയവർ അനുശോചനം രേഖപ്പെടുത്തി.

# നവംബർ വിപ്ലവ ശതാബ്ദി ആചരണം

● നവംബർ 7ന് എസി.യു.സി.ഐ(സി) ആലപ്പുഴ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പ്രകടനവും യോഗവും നടന്നു. ചേർത്തല കെഎസ്ആർടിസി ബസ് സ്റ്റാന്റിന് സമീപം നടന്ന യോഗം സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ജയ്സൺ ജോസഫ് മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന കമ്മിറ്റി അംഗം സഖാവ് എസ്.സീതിലാൽ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന കമ്മിറ്റി അംഗം സഖാവ് വർഗ്ഗീസ് എം.ജേക്കബ്, ജില്ലാ സെക്രട്ടേറിയറ്റ് അംഗം സഖാവ് ആർ.പാർത്ഥസാരഥി വർമ്മ, ലോക്കൽ കമ്മിറ്റി സെക്രട്ടറി സഖാവ് കെ.പി.മനോഹരൻ എന്നിവരും പ്രസംഗിച്ചു.



ചേർത്തലയിൽ ശതാബ്ദി ആചരണ സമ്മേളനം എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സ. വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു

● ഒക്ടോബർ 19ന് അമ്പലപ്പുഴ കരൂരിൽ നടന്ന ആചരണ യോഗത്തിൽ സംസ്ഥാന കമ്മിറ്റി അംഗം സഖാവ് എസ്.രാജീവൻ മുഖ്യപ്രസംഗം നടത്തി. ലോക്കൽ കമ്മിറ്റി അംഗം സഖാവ് സി.വി.പീതാംബരൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ കമ്മിറ്റി അംഗം സഖാവ് കെ.ജെ.ഷീല, ലോക്കൽ കമ്മിറ്റി അംഗങ്ങളായ സഖാക്കൾ വി.ഉഷാകുമാരി, സി.ഹണി, ആർ.ആപർണ, എഐഡിഎസ്ഒ ജില്ലാ കമ്മിറ്റി അംഗം സഖാവ് വി.പി.വിദ്യ എന്നിവർ പ്രസംഗിച്ചു.

● ഒക്ടോബർ 26ന് അമ്പലപ്പുഴ വളഞ്ഞവഴിയിൽ നടന്ന യോഗത്തിൽ എസി.യു.സി.ഐ(സി) സംസ്ഥാന കമ്മിറ്റി അംഗം സഖാവ് ജ്യോതികൃഷ്ണൻ മുഖ്യപ്രസംഗം നടത്തി. ലോക്കൽ കമ്മിറ്റി സെക്രട്ടറി സഖാവ് കെ.ആർ.ശശി അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന കമ്മിറ്റി അംഗം സഖാവ് എസ്.സീതിലാൽ, ജില്ലാ കമ്മിറ്റി അംഗം സഖാവ് പി.കെ.ശശി, എഐയുടിയുസി സംസ്ഥാന കമ്മിറ്റി അംഗം സഖാവ് ആർ.അർജ്ജുനൻ എന്നിവർ പ്രസംഗിച്ചു.

● ഒക്ടോബർ 31ന് കുട്ടനാട് നീരേറ്റുപുറത്ത് സംഘടിപ്പിച്ച യോഗത്തിൽ എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് സഖാവ് എൻ.കെ.ബിജു മുഖ്യപ്രസംഗം നടത്തി. ലോക്കൽ കമ്മിറ്റി സെക്രട്ടറി സഖാവ് പി.ആർ.സതീശൻ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന കമ്മിറ്റി അംഗം സഖാവ് വർഗ്ഗീസ് എം.ജേക്കബ് പ്രസംഗിച്ചു.

● നവംബർ 1ന് മവേലിക്കര ടൗണിൽ പ്രകടനവും കെഎസ്ആർടിസി ജംഗ്ഷനിൽ പൊതുയോഗവും നടത്തി. സംസ്ഥാന കമ്മിറ്റി അംഗം സഖാവ് ജ്യോതികൃഷ്ണൻ മുഖ്യപ്രസംഗം നടത്തി. ലോക്കൽ കമ്മിറ്റി സെക്രട്ടറി സഖാവ് കെ.ആർ.ഓമനക്കുട്ടൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടേറിയറ്റ് അംഗങ്ങളായ സഖാക്കൾ വർഗ്ഗീസ് എം.ജേക്കബ്, ആർ.പാർത്ഥസാരഥി വർമ്മ എന്നിവരും പ്രസംഗിച്ചു.

● നവംബർ 8ന് മാന്നാർ പരുമലക്കടവിൽ സംഘടിപ്പിച്ച യോഗത്തിൽ സംസ്ഥാന കമ്മിറ്റി അംഗം സഖാവ് ജ്യോതികൃഷ്ണൻ മുഖ്യ പ്രസംഗം നടത്തി. ലോക്കൽ കമ്മിറ്റി സെക്രട്ടറി സഖാവ് ടി.കോശി അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടേറിയറ്റ് അംഗം സഖാവ് ആർ.പാർത്ഥസാരഥി വർമ്മ, ലോക്കൽ കമ്മിറ്റി അംഗങ്ങളായ സഖാക്കൾ കെ.ബിമൽജി, വേണുഗോപാൽ വി., ടെസി ബേബി എന്നിവരും പ്രസംഗിച്ചു.



എസ്.യു.സി.ഐ(സി) സംസ്ഥാന കമ്മിറ്റി അംഗം സഖാവ് ജ്യോതികൃഷ്ണൻ മാവേലിക്കരയിൽ മുഖ്യപ്രസംഗം നടത്തുന്നു

# കലാലയ രാഷ്ട്രീയത്തിനെതിരായ കോടതിവിധി ജനാധിപത്യവിരുദ്ധം

**വിദ്യാർത്ഥിരാഷ്ട്രീയത്തിനെതിരായ കോടതി വിധി പരമ്പരകളിൽ ഏറ്റവും പുതിയ 2017 ഒക്ടോബർ 13, 16 തീയതികളിലെ ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റ വിധി, ജനാധിപത്യത്തെക്കുറിച്ചും വിദ്യാഭ്യാസ പ്രക്രിയയെക്കുറിച്ചും പ്രാഥമിക ധാരണയെങ്കിലുമുള്ള ഏതൊരാളെയും അമ്പരപ്പിക്കുന്നതായിരുന്നു. കലാലയങ്ങളിൽ രാഷ്ട്രീയവും പഠനവും ഒന്നിച്ചുവേണ്ടെന്നും വിദ്യാർത്ഥി സംഘടനകൾ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഹൈജാക്ക് ചെയ്യുന്നത് അനുവദിക്കാനാവില്ല എന്നുമായിരുന്നു പരാമർശം. സമരം ചെയ്യുന്നവരെ പുറത്താക്കാൻ ഏതുനടപടിയും മാനേജുമെന്റിന് സ്വീകരിക്കാമെന്നും കോളേജുകളല്ല, മറൈൻ ഡ്രൈവ് പോലെയുള്ള സ്ഥലങ്ങളാണ് സമരവേദികളാകേണ്ടതെന്നും കോടതി പറഞ്ഞു. കാമ്പസ് രാഷ്ട്രീയത്തിനെതിരെ പൊന്നാനി എം.ഇ.എസ് മാനേജ്മെന്റ് കോടതിയെ സമീപിച്ചതിനെ തുടർന്നാണ് ഈ വിധി ഉണ്ടായിരിക്കുന്നത്. എം.ഇ.എസ് മാനേജ്മെന്റ് പിന്നീട് ഹർജി പിൻവലിച്ചതോടെ ഹൈക്കോടതി ഉത്തരവ് അസാധുവായെങ്കിലും ഭരണകൂടത്തിന്റെ ഇക്കാലത്തെ ഒരു പ്രധാന നയമാണ് വിദ്യാർത്ഥി രാഷ്ട്രീയ നിരോധനം എന്നതുകൊണ്ട് ഈ വിഷയം ഗൗരവമായി ചർച്ച ചെയ്യേണ്ടതുണ്ട്.**



**ക**ലാലയ രാഷ്ട്രീയം സംബന്ധിച്ച ഈ വിധിയെ തുടർന്ന് സമൂഹത്തിന്റെ നാനാമേഖലയിൽ നിന്നും നിരവധി പേർ കാമ്പസ് രാഷ്ട്രീയ നിരോധനം ജനാധിപത്യ വിരുദ്ധമാണെന്ന നിലപാടുമായി രംഗത്തുവരികയുണ്ടായി. ക്യാമ്പസിൽ പുകവലി നിരോധിക്കുന്നത് മനസ്സിലാകും, മദ്യപാനം നിരോധിക്കുന്നതും മനസ്സിലാകും. പക്ഷേ മദ്യപാനവും പുകവലിയും പോലെ ഒന്നായാണോ കോടതി രാഷ്ട്രീയ പ്രവർത്തനത്തെ കാണുന്നത് ? എന്നാണ് അധ്യാപകനും എഴുത്തുകാരനും വന്ദ്യവയോധികനുമായ പ്രൊഫ. എം.കെ.സാനു ഈ വിധിയോട് പ്രതികരിച്ചത്. സമരം ചെയ്ത വിദ്യാർത്ഥികളെ വീട്ടിൽ പോയി അറസ്റ്റ് ചെയ്തുകൂടെ എന്ന ചോദ്യം അടിയന്തിരാവസ്ഥയെയാണ് ഓർമ്മിപ്പിക്കുന്നത് എന്ന് നിരവധിപേർ അഭിപ്രായപ്പെട്ടു. വിദ്യാർത്ഥിരാഷ്ട്രീയത്തെ പടിയടച്ച് പുറത്താക്കിയ ക്യാമ്പസുകളിലും അരാഷ്ട്രീയ ക്യാമ്പസുകളിലും എന്താണ് നടക്കുന്നതെന്ന് ജിഷ്ണു പ്രണോയ് എന്ന വിദ്യാർത്ഥിയുടെ മരണത്തോടെ കേരളം മനസ്സിലാക്കിയതാണ്. സമൂഹം നേരിടുന്ന നീറുന്ന പ്രശ്നങ്ങളിൽ ന്യായമായ മുദ്രാവാക്യങ്ങളുയർത്തി സങ്കുചിത താൽപ്പര്യങ്ങൾക്ക് അതീതമായി സമരങ്ങൾ ഉയർന്നുവരണമെന്ന് സമൂഹം അഭിലഷിക്കുന്ന സാഹചര്യത്തിൽ ഈ വിധി അധികപ്പറ്റാണ് എന്ന് കരുതുന്നവരാണ് ഏറെയും.

ജോലിനേടി ശമ്പളം വാങ്ങി മാന്യമായി ജീവിക്കാനാണ് വിദ്യാർത്ഥികൾ പഠിക്കേണ്ടത് എന്ന് കോടതി ഉപദേശിക്കുന്നു. ഇത്തരത്തിൽ മാന്യമായി ജീവിക്കാനും ഉപജീവനത്തിനായി ജോലി നേടാനും അതിന് ആവശ്യമുള്ള വിദ്യാഭ്യാസം നേടാനുമുള്ള അവകാശം എല്ലാവർക്കുമുണ്ടോ. ഇല്ലെങ്കിൽ എന്തുകൊണ്ട് അതുണ്ടാകുന്നില്ല എന്ന അന്വേഷണമാണ് വിദ്യാർത്ഥികളെ തെരുവിലിറക്കുന്നത്. സാമൂഹികവും സാമ്പത്തികവുമായ മേഖലകളിൽ അർഹമായതു നേടാൻ ഭരണഘടനാപരമായ മാർഗ്ഗങ്ങളുണ്ടെന്ന അംബേദ്കറുടെ വാചകവും വിധിക്കിടയിൽ കോടതി ഉദ്ധരിക്കുകയുണ്ടായി. ഭരണസ്ഥാപനങ്ങൾ ജനങ്ങൾക്ക് ജീവനോപാധികളും നീതിയും ഉറപ്പാക്കിയിരുന്നെങ്കിൽ ദലിതർ മനുഷ്യാവകാശങ്ങൾക്കുവേണ്ടിയും ഭൂമിക്കുവേണ്ടിയും സമരം ചെയ്യുമായിരുന്നില്ല എന്ന് നാം വിസ്മരിക്കരുത്. ദലിത് ജനവിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി പത്ത് വർഷത്തേക്ക് ഭരണഘടനാപരമായി വിഭാവനം ചെയ്തിരുന്ന സംവരണം, ഏഴുപതിറ്റാണ്ട് നൽകിയിട്ടും ബഹുഭൂരിപക്ഷവും പാർശ്വവൽക്കരിക്കപ്പെട്ട നിലയിലാണ്. ഭരണസ്ഥാപനങ്ങൾ നീതി നടപ്പാക്കിയിരുന്നെങ്കിൽ നമ്മുടെ രാജ്യത്തെ നാലുലക്ഷത്തോളം കർഷകർ ആത്മഹത്യ ചെയ്യുമായിരുന്നില്ല. ഏതാനും വർഷം മുമ്പ് സ്ത്രീപീഡനങ്ങൾക്കെതിരെ വിദ്യാർത്ഥികളും യുവാക്കളും ജലപീരങ്കികളെ നേരിട്ടുകൊണ്ട് അതീവസുരക്ഷാ മേഖലയായ രാഷട്രപതിഭവന് മുന്നിൽ വരെ സമരം ചെയ്യുമായിരുന്നില്ല. സുപ്രീം കോടതി അംഗീകരിച്ച മിനിമം കൂലിയെങ്കിലും ലഭിക്കണമെന്ന് ആവശ്യപ്പെട്ട് നഴ്സുമാർ സമരം ചെയ്യേണ്ടിവരുമായിരുന്നില്ല. വിദ്യാർത്ഥികളുടെ പ്രതിഷേധമില്ലായിരുന്നെങ്കിൽ ജിഷ്ണുപ്രണോയിയുടെ കൊലപാതകം പുറത്തറിയുമായിരുന്നില്ലെന്ന് ഏവർക്കുമറിയാം. ലോ അക്കാദമി, പാമ്പാടി നെഹ്രു കോളേജ്, മറ്റക്കര ടോംസ് കോളേജ്, മാള മെറ്റ്സ് കോളജ് തുടങ്ങി കേരളത്തിലെ നിരവധി സ്വാശ്രയ സ്ഥാപനങ്ങളിലെ മനുഷ്യാവകാശ ലംഘനങ്ങൾ പുറത്തുകൊണ്ടുവന്നത് വിദ്യാർത്ഥി സമരങ്ങളാണ്. വിദ്യാഭ്യാസത്തിന്റ വർഗ്ഗീയവൽക്കരണത്തിനെതിരായും ഫണ്ടുകൾ വെട്ടിക്കുറച്ച് ഗവേഷണരംഗത്തെ താറുമാറാക്കുന്നതിനെതിരെയും രാജ്യത്തെ വിദ്യാർത്ഥികൾ യോജിച്ച പ്രക്ഷോഭണത്തിൽ അണിനിരക്കുന്ന സമയമാണിത്. വിദ്യാർത്ഥിദ്രോഹ നടപടിയിലൂടെയും വിദ്യാഭ്യാസ വിരുദ്ധനയങ്ങളിലൂടെയും കുപ്രസിദ്ധി ആർജ്ജിച്ച കെടിയു(കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റി)വിനെതിരെ കേരളത്തിലെ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ സമരരംഗത്താണ്. സമൂഹം നേരിടുന്ന നീറുന്ന പ്രശ്നങ്ങളിൽ ന്യായമായ മുദ്രാവാക്യങ്ങളുയർത്തി സങ്കുചിത താൽപ്പര്യങ്ങൾക്ക് അതീതമായി സമരങ്ങൾ ഉയർന്നുവരണം.




**വിദ്യാർത്ഥി രാഷ്ട്രീയ നിരോധനത്തിനെതിരെ എഐഡിഎസ്ഒ അമ്പലപ്പുഴയിൽ നടത്തിയ പ്രകടനം**

ഇന്ത്യൻ സ്വാതന്ത്ര്യസമരകാലത്ത് ബ്രിട്ടീഷ് കോളനി ഭരണകൂടമാണ് വിദ്യാർത്ഥികൾ രാഷ്ട്രീയത്തിൽ ഇടപെടരുതെന്ന വാദം ആദ്യമായി ഇന്ത്യയിൽ അവതരിപ്പിക്കുന്നത്. സ്വാതന്ത്ര്യ സമരത്തിലെ മഹാന്മാരായ നേതാക്കൾ - സി ആർ ദാസ്, ലാലാ ലജ്പത്റായ്, നേതാജി സുഭാഷ് ചന്ദ്രബോസ്, ഭഗത് സിംഗ് തുടങ്ങിയവരെല്ലാം യുക്തിഹീനമായ ഈ വാദത്തിന് ചുട്ടമറുപടി നൽകിയിട്ടുണ്ട്. രാഷ്ട്രത്തെ സംബന്ധിക്കുന്നതാണ് രാഷ്ട്രീയമെന്നും രാഷ്ട്രീയത്തിൽ നിന്ന് മാറിനിൽക്കാൻ ആർക്കും - അധ്യാപകനായാലും വിദ്യാർത്ഥിയായാലും - കഴിയില്ലെന്നും നേതാജി നിരീക്ഷിച്ചു. വിദ്യാർത്ഥികൾ പ്രത്യേകിച്ചും സർവ്വകലാശാലാ വിദ്യാർത്ഥികൾ രാഷ്ട്രീയത്തിൽ നിന്ന് അകന്നു നിൽക്കണമെന്ന് വാദിക്കുന്നത് അസംബന്ധമാണെന്നായിരുന്നു വിദ്യാഭ്യാസ വിചക്ഷണൻ കൂടി ആയിരുന്ന ലാലാ ലജ്പത്റായ് അഭിപ്രായപ്പെട്ടത്. ആശയകുഴപ്പത്തിൽ നിന്നല്ല, സത്യസന്ധതയില്ലായ്മയിൽനിന്നാണ് ഈ സിദ്ധാന്തം രൂപപ്പെടുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ജന്മിത്തത്തിന്റെയും രാജാധിപത്യത്തിന്റെയും കാലത്ത് പ്രജകൾക്ക് ഭരണവ്യവഹാരങ്ങളിൽ യാതൊരു പങ്കുമില്ലായിരുന്നു. പാരമ്പര്യവും മാമൂലുകളുമാണ് അക്കാലത്തെ സമൂഹത്തെ നിർണ്ണയിച്ചത്. നവോത്ഥാനവും ബൂർഷ്വാ ജനാധിപത്യ വിപ്ലവങ്ങളുമാണ് സമത്വം എന്ന ആദർശത്തെ മുൻനിർത്തി, രാജ്യത്തെ പ്രായപൂർത്തിയായ ഏതൊരാളും രാഷ്ട്ര വ്യവഹാരങ്ങളിൽ ഇടപെടുന്ന പൗരൻ എന്ന സങ്കൽപം അവതരിപ്പിച്ചത്. പൗരബോധത്തിന്റെ അവിഭാജ്യഘടകമാണ് രാഷ്ട്രീയ അവബോധമെന്നത്. അതിനാൽ ജനാധിപത്യരാഷ്ട്രത്തിന്റെ നിലനിൽപ്പ് തന്നെ അതിലെ ജനങ്ങളുടെ രാഷ്ട്രീയ അവബോധത്തെ ആധാരമാക്കിയാണ്. ജനാധിപത്യ രാഷ്ട്രത്തിലെ പൗരന്മാർ രാഷ്ട്രീയ അവബോധമാർജ്ജിക്കുന്നത് ജനാധിപത്യ വിദ്യാഭ്യാസത്തിലൂടെയാണ്. അതുകൊണ്ടാണ് രാഷ്ട്രീയ പ്രവർത്തനവും വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പും മറ്റും ജനാധിപത്യ വിദ്യാഭ്യാസത്തിന്റെ ഭാഗമായത്. കേവലം പുസ്തകങ്ങളിൽനിന്നും ഇന്റർനെറ്റിൽ നിന്നും മാത്രമല്ല വിദ്യാർത്ഥികൾ വിജ്ഞാനമാർജ്ജിക്കുന്നത്. മനുഷ്യന് സാമൂഹികമായ നിലനിൽപ്പാണുള്ളതെന്ന തിരിച്ചറിവ് പകരുന്ന പ്രായോഗിക പാഠശാല കാമ്പസുകളിലെ രാഷ്ട്രീയ പ്രക്രിയയാണ്. മാത്രമല്ല ക്യാമ്പസിൽ എത്തുന്ന വിദ്യാർത്ഥി വോട്ടവകാശമുള്ള പൗരനാണ്. കോളനിവാഴ്ചക്കെതിരെ വിദ്യാർത്ഥികളുൾപ്പെടെ നടത്തിയ പോരാട്ടങ്ങളിലൂടെ സ്ഥാപിക്കപ്പെട്ട ഇന്ത്യൻ ജനാധിപത്യ വ്യവസ്ഥ പൗരന് നൽകുന്ന അവകാശമാണ് സംഘടിക്കാനും സമരം ചെയ്യാനുമുള്ള അവകാശം.

വിദ്യാഭ്യാസം ഒരു സാമൂഹിക പ്രക്രിയയാണ് എന്ന ജനാധിപത്യ വിദ്യാഭ്യാസത്തിന്റ ധരണയല്ല, മറിച്ച് അതൊരു ബിസിനസ്സാണ് എന്ന ആഗോളീകരണത്തിന്റെ കാഴ്ചപ്പാടാണ് ഈ വിധിയുടെ അടിസ്ഥാനമെന്ന് സൂക്ഷ്മമായി പരിശോധിച്ചാൽ നമുക്ക് കാണാം. അതിനാൽ ഈ വിധി ഏറെ സന്തോഷിപ്പിച്ചത് വിദ്യാഭ്യാസകച്ചവടം നടത്തുന്ന മാനേജുമെന്റുകളെയാണെന്ന് പറയേണ്ടതില്ല. 1990 കളോടെ ഇന്ത്യയിൽ നടപ്പിലാക്കിയ ആഗോളീകരണനയങ്ങൾ ഭരണഘടന ഉറപ്പുനൽകിയ ജനാധിപത്യ അവകാശങ്ങൾ ഒന്നൊന്നായി കവർന്നെടുത്തുകൊണ്ട് മറ്റുമേഖലകളെന്നപോലെ വിദ്യാഭ്യാസ രംഗത്തെയും വാണിജ്യവൽക്കരിച്ചു. വിജ്ഞാനം കമ്പോളചരക്കും വിദ്യാർത്ഥി ഉപഭോക്താവുമായി. 1997ൽ ഹരിപാൽ സിംഗ് കേസിലാണ് സുപ്രീം കോടതി കലാലയ രാഷ്ട്രീയത്തിനെതിരെ രംഗത്തുവരുന്നത്. രണ്ടായിരാമാണ്ടിൽ വാജ്പേയി സർക്കാർ നിയോഗിച്ച ബിർല അംബാനി വിദ്യാഭ്യാസ കമ്മിറ്റി, വിദ്യാഭ്യാസ രംഗം വാണിജ്യവൽക്കരിക്കുന്നതോടൊപ്പം വിദ്യാർത്ഥി രാഷ്ട്രീയമവസാനിപ്പിക്കാൻ രാഷ്ട്രീയ പാർട്ടികളുമായി സമവായത്തിലെത്തണമെന്ന് നിർദ്ദേശിച്ചു. 2002 ലെ സോജൻ ഫ്രാൻസിസ് കേസാണ് കലാലയയൂണിയൻ തെരഞ്ഞെടുപ്പുകളെ അരാഷ്ട്രീയമാക്കുന്ന ലിംഗ്ദോ കമ്മീഷന്റെ നിയോഗത്തിന് കാരണമായത്. വിദ്യാർത്ഥി രാഷ്ട്രീയമെന്നാൽ അക്രമമാണെന്നും അക്രമം ഇല്ലാതാക്കാൻ കലാലയരാഷ്ട്രീയം ഇല്ലാതാക്കണമെന്നുമുള്ള വിദ്യാഭ്യാസ കച്ചവടക്കാരുടെ വിചിത്രമായ വാദഗതികൾ ക്രമേണ സമൂഹത്തിൽ സ്ഥാപിച്ചെടുക്കപ്പെട്ടു. സങ്കുചിത താൽപ്പര്യങ്ങളോടെ പ്രവർത്തിക്കുന്ന രാഷ്ട്രീയ പാർട്ടികളുടെ ചട്ടുകങ്ങളായി വിദ്യാർത്ഥി സംഘടനകൾ

*(ശേഷം 11-ാം പേജിൽ)*

# വിദ്യാർത്ഥി രാഷ്ട്രീയ നിരോധനം:
# എഐഡിഎസ്ഒ പ്രതിഷേധിച്ചു

കലാലയങ്ങളിൽ വിദ്യാർത്ഥി രാഷ്ട്രീയത്തിനും സമരങ്ങൾക്കും വിലക്ക് പ്രഖ്യാപിച്ചുകൊണ്ടുള്ള ഹൈക്കോടതി ഡിവിഷൻ ബഞ്ച് വിധി ജനാധിപത്യാവകാശങ്ങളുടെ ലംഘനമാണെന്ന് എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി പി.കെ. പ്രഭാഷ് അഭിപ്രായപ്പെട്ടു. വിദ്യാർത്ഥിരാഷ്ട്രീയം നിരോധിച്ചുകൊണ്ടുള്ള കോടതി വിധിയിൽ പ്രതിഷേധിച്ചുകൊണ്ട് ആൾ ഇന്ത്യാ ഡമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ(എഐഡിഎസ്ഒ) ആലപ്പുഴ ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച പ്രതിഷേധ യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രാഷ്ട്രീയപ്രവർത്തനമില്ലാത്ത കലാലയങ്ങളിൽ മനുഷ്യാവകാശ ലംഘനങ്ങളും മദ്യ-മയക്കുമരുന്ന് മാഫിയകളുടെ പ്രവർത്തനവുമാണ് നടക്കുന്നത്. ജിഷ്ണു പ്രണോയിയുടെ കൊലപാതകത്തിന് ശേഷം കാമ്പസുകളിൽ വിദ്യാർത്ഥി സംഘടനാ സ്വാതന്ത്ര്യം അനിവാര്യമാണെന്ന് രക്ഷിതാക്കൾ പോലും ചിന്തിക്കുന്ന അവസരത്തിലാണ് ഈ വിധിയെന്നത് നിർഭാഗ്യകരമാണ്. വിദ്യാഭ്യാസക്കച്ചവടവും സ്വതന്ത്രചിന്തയ്ക്കും യുക്തിബോധത്തിനും മേലുള്ള ആക്രമണങ്ങളും ശക്തമായിരിക്കുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് നിശബ്ദരാകുവാൻ കഴിയില്ല. സ്വാതന്ത്ര്യ സമരകാലഘട്ടം മുതലുള്ള ഇന്ത്യൻ കലാലയങ്ങളുടെയും വിദ്യാർത്ഥികളുടെയും ചരിത്രം അതനുവദിക്കില്ല- പി.കെ.പ്രഭാഷ് അഭിപ്രായപ്പെട്ടു.




കൊടുങ്ങല്ലൂരിൽ എ.ഐ.ഡി.എസ്.ഒ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം സ.ആർ.അപർണ യോഗം ഉദ്ഘാടനം ചെയ്യുന്നു




മുളന്തുരുത്തിയിൽ നടന്ന യോഗം എഐഡിഎസ്ഒ ജില്ലാ പ്രസിഡന്റ് സഖാവ് നിഖിൽ സജി ഉദ്ഘാടനം ചെയ്യുന്നു




കോട്ടയത്ത് നടന്ന പ്രതിഷേധ യോഗത്തിൽ എഐഡിഎസ്ഒ ജില്ലാ വൈസ് പ്രസിഡന്റ് സഖാവ് മേധ സുരേന്ദ്രനാഥ് പ്രസംഗിക്കുന്നു




എഐഡിഎസ്ഒ ജില്ലാ സെക്രട്ടറി സഖാവ് ആർ.ജതിൻ പത്തനംതിട്ടയിൽ നടന്ന പ്രതിഷേധ യോഗത്തിൽ പ്രസംഗിക്കുന്നു

എഐഡിഎസ്ഒ ആലപ്പുഴ ജില്ലാ പ്രസിഡന്റ് ആർ.അപർണ അധ്യക്ഷയായിരുന്നു. ജില്ലാ സെക്രട്ടറി എസ്.ശില്പ, ഗോവിന്ദ് ശശി, ആർ.ജതിൻ, നൈതിക രാജ്, വി.പി.വിദ്യ എന്നിവർ പ്രസംഗിച്ചു.

അമ്പലപ്പുഴ കച്ചേരിമുക്കിൽ നിന്നാരംഭിച്ച പ്രകടനത്തിന് സി.ഒ.ആദിത്യൻ, വി.പി.വിശാഖ്, പി.ഉദേഷ്, അപർണ അനിൽ, ശ്രുതി സുഭാഷ് എന്നിവർ നേതൃത്വം നൽകി.

കോട്ടയം ടൗണിൽ നടന്ന പ്രതിഷേധ പ്രകടനവും യോഗവും എഐഡിഎസ്ഒ ജില്ലാ പ്രസിഡന്റ് സഖാവ് എം.കെ.ഷഹസാദ് ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി സഖാവ് ആർ.മീനാക്ഷി അദ്ധ്യക്ഷത വഹിച്ചു. ജില്ലാ വൈസ് പ്രസിഡന്റ് മേധ സുരേന്ദ്രനാഥ്, ട്രഷറർ ശാലിനി ജി.എസ്. എഐഡിവൈഒ സംസ്ഥാന കമ്മിറ്റി അംഗം വി.അരവിന്ദ് തുടങ്ങിയവർ പ്രസംഗിച്ചു.

ആലപ്പുഴ എസ്.ഡി കോളെജിൽ നടന്ന യോഗം എഐഡിഎസ്ഒ ആലപ്പുഴ ജില്ലാ പ്രസിഡന്റ് ആർ.അപർണ ഉദ്ഘാടനം ചെയ്തു. കോളേജ് യൂണിറ്റ് പ്രസിഡന്റ് കെ.പി.നൈതികാരാജ് അദ്ധ്യക്ഷത വഹിച്ചു. കോളേജ് യൂണിറ്റ് ഭാരവാഹികളായ ശ്രുതി സുഭാഷ്, രോഹിത് എന്നിവർ പ്രസംഗിച്ചു. അമ്പലപ്പുഴ ഗവൺമെന്റ് കോളേജിൽ നടന്ന യോഗത്തിൽ യൂണിറ്റ് പ്രസിഡന്റ് വി.പി.വിദ്യ മുഖ്യപ്രസംഗം നടത്തി.

എ.ഐ.ഡി.എസ്.ഒ കൊടുങ്ങല്ലൂർ മേഖലകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ചന്തപ്പുരയിൽ പ്രതിഷേധ യോഗം നടന്നു. എ.ഐ.ഡി.എസ്.ഒ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം സഖാവ് ആർ.അപർണ്ണ ഉദ്ഘാടനം ചെയ്തു. ജില്ലാ കൺവീനർ സഖാവ് സുകന്യ കുമാർ അദ്ധ്യക്ഷത വഹിച്ചു. സഖാക്കൾ ടി.ആർ.രാധിക, സൂര്യഗായത്രി, ശ്രീലക്ഷ്മി എന്നിവർ സംസാരിച്ചു●




അമ്പലപ്പുഴയിൽ നടന്ന പ്രതിഷേധ യോഗം എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി സഖാവ് പി.കെ.പ്രഭാഷ് ഉദ്ഘാടനം ചെയ്യുന്നു

## കലാലയ രാഷ്ട്രീയം...

(10-ാം പേജിൽ നിന്ന്)

മാറിയതാണ് അതിന് കാരണമായത്. നിരവധി കേസുകളിലൂടെ കേരളത്തിലെ കലാലയങ്ങളിൽ ഒന്നൊന്നായി രാഷ്ട്രീയ നിരോധനമേർപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. വിദ്യാർത്ഥി രാഷ്ട്രീയം നിരോധിക്കാൻ വെമ്പൽ കൊള്ളുന്നത് മുതലാളിമാരാണ്. അവരുടെ താൽപ്പര്യങ്ങളാണ് ഭരണത്തിലെത്തുന്ന രാഷ്ട്രീയ പാർട്ടികളുടെയും ഭരണകൂടങ്ങളുടെയും നയങ്ങളിലൂടെ നടപ്പിലാകുന്നത്.

വിദ്യാർത്ഥികളുടെ സംഘടനാ സ്വാതന്ത്ര്യം നിഷേധിക്കാൻ ഒരു ന്യായമാണ് അക്രമ രാഷ്ട്രീയം. എസ്.എഫ്.ഐ മുതൽ എബിവിപി വരെയുള്ള വിദ്യാർത്ഥി സംഘടനകൾ നടത്തിക്കൊണ്ടിരിക്കുന്ന കായികാക്രമണ ശൈലി പൂർണ്ണമായും ഉപേക്ഷിച്ചേ മതിയാകൂ. ആശയസംവാദങ്ങൾ നടക്കട്ടെ. രാഷ്ട്രീയ വാഗ്വാദങ്ങൾ കാമ്പസുകളിൽ വേണം. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന വിദ്യാർത്ഥികളെ കാമ്പസുകളിൽ നിന്നും പുറത്താക്കാൻ സർവ്വകലാശാലക്കും പോലീസിനും കഴിയും. അതിനെയാരും എതിർക്കുന്നില്ല. എന്നാൽ തലവേദനയ്ക്ക് മരുന്ന് തലവെട്ടലല്ല എന്ന് ഓർമ്മിപ്പിക്കേണ്ടതുണ്ട്. ജനാധിപത്യപരമായ പ്രശ്ന പരിഹാരത്തിന്റെ സംസ്കാരം തന്നെയാണ് എപ്പോഴും അഭികാമ്യം. ജനാധിപത്യ അന്തരീക്ഷം പുനഃസ്ഥാപിച്ചുകൊണ്ടുമാത്രമേ അത് സാധ്യമാകൂ. വ്യക്തിത്വവും ആത്മാഭിമാനബോധവുമുള്ള വിദ്യാർത്ഥികളുടെ ഒരു തലമുറയെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ വേണം സർഗ്ഗാത്മക സംഘടനാ പ്രവർത്തനങ്ങൾ നടത്തേണ്ടത്. വിദ്യാർത്ഥികളുടെ ജനാധിപത്യ അവകാശങ്ങൾക്കെതിരെയുള്ള ഒരു നടപടിയെയും സമൂഹം അംഗീകരിക്കില്ല. അങ്ങനെ സംഭവിച്ചാൽ നമ്മുടെ ജനാധിപത്യ വ്യവസ്ഥ തന്നെ തകരാറിലാകും. തുടർന്ന് ഫാസിസ്റ്റ് ശക്തികൾ രാജ്യത്തെ തങ്ങളുടെ കാൽകീഴിലാക്കുന്നത് കാണേണ്ടിവരും. പഠനവും തൊഴിലും ഒത്തുപോകില്ലെന്ന വാദഗതി തൊഴിലും സമരവും ഒത്തുപോകില്ലെന്ന് വാദിക്കാനുള്ള മുന്നൊരുക്കമാണെന്നും തിരിച്ചറിയുന്നുണ്ട്. പോരാട്ടങ്ങളിലൂടെ നേടിയെടുത്ത അവകാശങ്ങൾ ഒരോന്നായി പിഴുതെറിയുന്നതിന്റെ ഭാഗമാണ് ഇത്തരം വിധികളെന്ന് തിരിച്ചറിഞ്ഞ് ഇവയെ പ്രതിരോധിക്കാൻ ജനാധിപത്യവിശ്വാസികൾ മുന്നിട്ടിറങ്ങണം●

## 'ഗെയ്ൽ' സമരം: പോലീസ് അതിക്രമം അവസാനിപ്പിക്കുക

ഗെയ്ൽ പൈപ്പ് ലൈൻ ഇടുന്നതുമായി ബന്ധപ്പെട്ട് കോഴിക്കോട് മുക്കം പ്രദേശത്ത് ന്യായമായ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് സമരം ചെയ്യുന്ന സ്ഥലവാസികൾക്കും സമരസമിതി പ്രവർത്തകർക്കുംമേൽ കൈക്കൊണ്ടുവരുന്ന പോലീസ് നടപടികൾ ഉടനടി അവസാനിപ്പിക്കണമെന്ന് എസ്.യു.സി.ഐ(സി) കോഴിക്കോട് ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു. സമരത്തോട് സർക്കാർ സ്വീകരിച്ചിരിക്കുന്ന സമീപനം ഇടതുപക്ഷമെന്നല്ല ജനാധിപത്യപരമായി പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റിനും നിരക്കുന്നതല്ല. ജനാധിപത്യസമരങ്ങളുയർന്നുവരുന്നിടത്തെല്ലാം തീവ്രവാദികളാണ വയ്ക്കെല്ലാം പിന്നിലെന്ന് നുണപ്രചരണം നടത്തി സമരനേതാക്കൾക്കും ജനങ്ങൾക്കുമെതിരെ കള്ളക്കേസ്സുകളെടുക്കുകയും വിവേചനരഹിതമായി അറസ്റ്റ് നടത്തുകയും ഭീഷണിപ്പെടുത്തുകയും ചെയ്തുകൊണ്ട് സമരത്തെ നേരിടുന്ന രീതി സർക്കാർ അവസാനിപ്പിക്കണം. ജനങ്ങളുടെ ന്യായമായ ആവശ്യങ്ങൾ സർക്കാർ അംഗീകരിച്ചേ മതിയാവൂ. ഭരണത്തിലിരിക്കുമ്പോൾ ജനങ്ങളുടെ പ്രതിഷേധങ്ങൾക്ക് ചെവികൊടുക്കാതിരിക്കുകയും പ്രതിപക്ഷത്താകുമ്പോൾ സമരത്തിനെത്തുകയും ചെയ്യുന്ന പാർട്ടികളുടെ തനിനിറം തിരിച്ചറിഞ്ഞുകൊണ്ട് ആവശ്യങ്ങൾ അംഗീകരിക്കുന്നതുവരെ ജനങ്ങൾ സമരത്തിലുറച്ച് നിൽക്കണമെന്നും എസ്.യു.സി.ഐ(സി) അഭ്യർത്ഥിച്ചു●



# സ്ഫോടനാത്മകമായ റോഹിംഗ്യ പ്രശ്നം

**മ്യാൻമറിന്റെ (1989വരെ ബർമ്മ)പടിഞ്ഞാറൻ ഭാഗത്തുള്ള റാഖൈൻ മേഖലയിൽ (1982 വരെ അരാക്കൻ) കഴിഞ്ഞ ഏതാനും വർഷങ്ങളായി നിരന്തരം നടക്കുന്ന പീഡനങ്ങളെത്തുടർന്ന് ആയിരക്കണക്കിന് റോഹിംഗ്യകളാണ് പലായനം ചെയ്തത്. സ്ത്രീകളും പുരുഷൻമാരും കുട്ടികളുമടക്കം നിരാശ്രയരായ ജനങ്ങളുടെ ഒരു വൻപടതന്നെയാണ് രാജ്യം വിട്ട് ഓടിപ്പോയത്. മ്യാൻമർ ഗവൺമെന്റും പട്ടാളവും മറ്റും നടത്തിയ ഏറ്റവും ക്രൂരമായ വംശഹത്യയാണ് ഇവർക്കുനേരിടേണ്ടിവന്നത്.**



ബുദ്ധമതക്കാർക്ക് പ്രാമുഖ്യമുള്ള മ്യാൻമറിൽ 11 ലക്ഷംവരുന്ന റോഹിംഗ്യകളിൽ കുറച്ച് ഹിന്ദുക്കളെ ഒഴിച്ചു നിർത്തിയാൽ ബഹുഭൂരിപക്ഷവും മുസ്ലീംകളാണ്. 2016ലും 2017 ആഗസ്റ്റിലുമായി ഇവരിൽ പകുതിയും നാടുവിട്ടു. തലമുറകളായി താമസിക്കുന്ന നാടുവിട്ട് കരയും കടലും താണ്ടിയുള്ള പലായനത്തിൽ ഇവരിൽ അധികംപേരും എത്തിയത് ബംഗ്ലാദേശിലും ബാക്കിയുള്ളവർ മലേഷ്യ, തായ്‌ലണ്ട്, ഇന്തോനേഷ്യ, ഇന്ത്യ എന്നിവിടങ്ങളിലുമാണ്. ഇന്ത്യയിൽ ജമ്മു, ഡൽഹി, തെലുങ്കാന, ആസ്സാം, പശ്ചിമബംഗാൾ, വടക്കൻബീഹാർ എന്നിവിടങ്ങളിലെ മുസ്ലീം ഭൂരിപക്ഷമുള്ള ജില്ലകളിലാണ് ഇവർ അഭയാർത്ഥികളായി എത്തിയത്.

ബുദ്ധിസ്റ്റ് ദേശീയവാദികൾ എന്നവകാശപ്പെടുന്ന മുഖംമറച്ച ആളുകളും സൈന്യവും ഗ്രാമങ്ങളിൽ പുരുഷന്മാരെ ഒന്നൊഴിയാതെ വെടിവച്ചും തലവെട്ടിയും കൊലപ്പെടുത്തിയതിന്റെ ഞെട്ടലിൽനിന്ന് ഇന്നും ഇവർ മുക്തരായിട്ടില്ല. പ്രിയപ്പെട്ടവർ കൺമുന്നിൽ അരുംകൊല ചെയ്യപ്പെടുമ്പോൾ ജീവനുംകൊണ്ട് ഓടിരക്ഷപ്പെടുന്നതിനിടയിൽ പിന്നിലേയ്ക്ക് തിരിഞ്ഞുനോക്കിയവർ കണ്ടത് ഉപേക്ഷിക്കപ്പെട്ട ഗ്രാമങ്ങൾ കൊള്ളയടിക്കപ്പെടുന്നതും ചുട്ടു ചാമ്പലാക്കപ്പെടുന്നതുമാണ്. കൊല ചെയ്യുന്നതിന് മുമ്പ് വസ്തുവകകൾ കൊള്ളയടിക്കാൻ ആക്രമികൾ പ്രത്യേക ശ്രദ്ധ പുലർത്തി. ജീവൻ രക്ഷിക്കാൻവേണ്ടി ഒരു ജൂവലറി ഉടമ എല്ലാം അടിയറവുവച്ചിട്ടും അയാളെ വീടിനു വെളിയിലേയ്ക്ക് വലിച്ചിഴച്ച് വെട്ടിനുറുക്കി. സ്ത്രീകളെ ബലാത്സംഗം ചെയ്തശേഷം കഴുത്തു ഞെരിച്ചുകൊന്നു. ജീവനോടെ റോഡരുകിലും മറ്റും അവശേഷിച്ച 'ഭാഗ്യശാലികൾ' ജീവനുംകൊണ്ടോടി. ഇതേക്കുറിച്ച് ആരാഞ്ഞ മാധ്യമ പ്രവർത്തകരോട് ക്രൂരമായ പരിഹാസത്തോടെ പട്ടാളമേധാവികൾ ചോദിച്ചത് അവരെ കണ്ടാൽ ആരെങ്കിലും ബലാത്സംഗം ചെയ്യുമെന്ന് തോന്നുന്നുണ്ടോ എന്നാണ്. ആഹാരമോ കുടിക്കാൻ വെള്ളമോ ഒരഭയസ്ഥാനമോ പോലുമില്ലാത്ത സാഹചര്യങ്ങളിലേയ്ക്കാണ് അവശേഷിച്ചവർ മരണവെപ്രാളത്തോടെ ഓടിയത്. പട്ടിണി കിടക്കേണ്ടിവന്നാലും ഭയമില്ലാതെ ഒന്നു തലചായ്ക്കാമെന്ന പ്രതീക്ഷയിലാണ് വൃദ്ധരും രോഗികളും കുട്ടികളുമൊക്കെയായി ആയിരങ്ങൾ സംഭീതരായി, നിരാശ നിഴലിക്കുന്ന മിഴികളും നിസ്സഹായമായ മുഖഭാവവുമായി അനേകം മൈലുകൾ താണ്ടിയത്. വിശപ്പു സഹിക്കവയ്യാതായപ്പോൾ അവർ വഴിയിൽ കണ്ട ചെടികൾ പറിച്ചുതിന്നു. മണ്ണിരയെ ഭക്ഷണമാക്കി. തൊണ്ട വരണ്ടപ്പോൾ ഉപ്പുവെള്ളവും ചെളിവെള്ളവും കുടിച്ചു. രക്ഷപ്പെടാൻ സാദ്ധ്യതയില്ല എന്നറിഞ്ഞുകൊണ്ടുതന്നെ കള്ളക്കടത്തുകാർക്കും മനുഷ്യക്കടത്തുകാർക്കുമൊക്കെ പണം കൊടുത്ത് അവർ അപകടകരമായ കടൽ യാത്ര നടത്തി. മരണം ഉറപ്പാണെന്നറിയുമ്പോൾ എങ്ങോട്ടെങ്കിലും ഓടിരക്ഷപ്പെടാൻ ശ്രമിക്കുകയല്ലാതെ എന്തുചെയ്യാൻ?

**ഇന്ത്യയിൽ 40,000 റോഹിംഗ്യൻ അഭയാർത്ഥികളുണ്ട്. അതിൽ 16,000 പേർ രജിസ്റ്റർ ചെയ്തവരാണ്. എന്നിട്ടും ഒരു പൊതുതാൽപര്യ ഹർജിയിൽ സുപ്രീംകോടതി സർക്കാരിന്റെ അഭിപ്രായമാരാഞ്ഞപ്പോൾ അവരെല്ലാം നിയമവിരുദ്ധ കുടിയേറ്റക്കാരാണെന്ന് സർക്കാർ ബോധിപ്പിച്ചു. എന്നുമാത്രമല്ല, അവരിൽ ചിലർക്ക് തീവ്രവാദി ബന്ധമുണ്ടെന്ന് ആരോപിച്ചുകൊണ്ട് ഇവരൊന്നടങ്കം ദേശീയ സുരക്ഷയ്ക്ക് ഭീഷണിയാണെന്നും കോടതിയിൽ പറഞ്ഞു. അങ്ങനെ ഇന്ത്യാഗവൺമെന്റ് അന്തർദ്ദേശീയ നിയമങ്ങളും മനുഷ്യത്വപരമായ പരിഗണനകളുമൊക്കെ കാറ്റിൽ പറത്തി.**

കുപ്രസിദ്ധമായ 'വംശശുദ്ധീകരണ പ്രസ്ഥാന'ത്തിന്റെ ഭാഗമായി നടന്ന ഈ കൂട്ടക്കൊലയും തുടർന്നുണ്ടായ അഭയാർത്ഥിപ്രവാഹവും മനുഷ്യരാശിക്കുനേരെയുള്ള പൊറുക്കാനാകാത്ത പാതകമായിരുന്നു. അടിയന്തരമായി ഇതിനുവിരാമം ഇടുകയും അഭയാർത്ഥികൾക്ക് ആശ്വാസം എത്തിക്കുകയും അതോടൊപ്പം ഈ പ്രശ്നത്തിന് ശാശ്വതപരിഹാരം കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായുകയും വേണം. അതിനുമുമ്പ് ആരാണ് ഈ റോഹിംഗ്യകൾ? ആരാണ്, എന്തിനാണ് അവരെ ആക്രമിക്കുന്നത് എന്നൊക്കെ മനസ്സിലാക്കേണ്ടതുണ്ട്. 1947ൽ ഇന്ത്യ സ്വതന്ത്രയായ ഉടനെ 1948ൽ റോഹിംഗ്യകളുടെ നാടായ റാഖൈൻ കൂടി ഉൾപ്പെടുന്ന മ്യാൻമർ ബ്രിട്ടീഷുകാരിൽനിന്ന് സ്വാതന്ത്ര്യം നേടി. റാഖൈനോട് ചേർന്നു കിടക്കുന്ന ചിറ്റഗോംഗ് ജില്ല ഉൾപ്പടെയുള്ള ബംഗ്ലാദേശ്(അന്ന് കിഴക്കൻ പാകിസ്ഥാൻ ആയിരുന്നു) സ്വതന്ത്രമായത് 1971ൽ ആണ്. ഇന്ത്യ, ബംഗ്ലാദേശ്, മ്യാൻമർ എന്നീ മൂന്ന് രാജ്യങ്ങളും ഇന്ന് സ്വതന്ത്രപരമാധികാര മുതലാളിത്ത രാജ്യങ്ങളാണ്. പല സമയത്തായി ബ്രിട്ടീഷ് ഇന്ത്യയോട് കൂട്ടിച്ചേർക്കപ്പെട്ട ഈ പ്രദേശങ്ങൾ പല രാജാക്കൻമാർ ഭരിച്ചിരുന്ന വ്യത്യസ്ത രാജ്യങ്ങളായിരുന്നു. ബർമ്മ ഭരിച്ചിരുന്നത് ബുദ്ധമതക്കാരായ ബാമർ വിഭാഗത്തിൽപ്പെട്ട രാജാക്കൻമാരായിരുന്നു. അരാക്കൻ മലനിരകളാൽ വേർപെടുത്തപ്പെട്ടുകിടന്ന അരാക്കൻപ്രദേശത്ത് 1930 മുതൽ അരാക്കൻരാജാക്കൻമാരാണ് ഭരിച്ചിരുന്നത്. 16,17 നൂറ്റാണ്ടുകളിൽ ചിറ്റഗോംഗ് പ്രദേശവും ഇവരുടെ അധീനതയിൽ ആയിരുന്നു. പിന്നീട് 1666ൽ മുഗളൻമാർ ഈ പ്രദേശം വീണ്ടും അധീനതയിൽ ആക്കിയെങ്കിലും 1770ൽ ചിറ്റഗോംഗ് വീണ്ടും ബ്രിട്ടീഷുകാരുടെ അധീനതയിൽ ആയി. ബർമ്മയിലെ ബാമർ രാജാവ് 1784-85ൽ പിടിച്ചടക്കുന്നതുവരെയുള്ള 350 വർഷം അരാക്കൻ രാജ്യത്തിന് സ്വതന്ത്രമായ നിലനില്പ്പ് ഉണ്ടായിരുന്നു. 1824ൽ ആദ്യ ആംഗ്ലോ ബർമ്മീസ് യുദ്ധത്തിൽ അവരെ തോൽപ്പിച്ച് ബ്രിട്ടീഷ് ഭരണം സ്ഥാപിക്കപ്പെട്ടു. ബർമ്മയിലെ രാജാവും ബ്രിട്ടീഷുകാരും തമ്മിൽ 1826ൽ ഉണ്ടാക്കിയ 'യെന്താബൂ കരാർ' പ്രകാരം അരാക്കൻ പ്രദേശം ബംഗാൾ പ്രസിഡൻസിയിൽ ഉൾപ്പെടുത്തി. രണ്ടാം ആംഗ്ലോ ബർമ്മീസ് യുദ്ധത്തെത്തുടർന്ന് ബ്രിട്ടീഷുകാർ അരാക്കനെ ബർമ്മയോട് കൂട്ടിച്ചേർത്തു.

റോഹിംഗ്യ എന്നാൽ അരാക്കനിൽനിന്ന് എന്നാണ് അവരുടെ ഭാഷയിൽ അർത്ഥം. 15-ാം നൂറ്റാണ്ടു മുതൽ ഇവിടെ ബുദ്ധമതക്കാരോടൊപ്പം വലിയൊരു സംഖ്യ വരുന്ന മുസ്ലീംകളും താമസിച്ചുവരുന്നതായി റോഹിംഗ്യകൾ അവകാശപ്പെടുന്നു. റാഖൈൻ ബുദ്ധിസ്റ്റുകൾ ബാമർ ബുദ്ധിസ്റ്റുകളിൽനിന്ന് സാംസ്കാരികമായും രാഷ്ട്രീയമായും ഭിന്നരാണ്. ബംഗ്ലാദേശും പശ്ചിമബംഗാളും ഉൾപ്പെടുന്ന പഴയ ബംഗാളിലേതിൽനിന്നു ഭിന്നമായ ഭാഷയും സംസ്കാരവും ആണ് റാഖൈൻ മേഖലയിൽ ഉള്ളത്. ഇവ തമ്മിൽ വളരെ അടുപ്പം ഉണ്ടായിരുന്നു എന്നു മാത്രം. ബംഗാളി ഭാഷയുടെ ചിറ്റഗോംഗ് മേഖലയിലെ ഭാഷാഭേദമാണ് റാഖൈൻ മേഖലയിലെ മുസ്ലീംകളും ബുദ്ധിസ്റ്റുകളും മുഖ്യമായും സംസാരിച്ചിരുന്നത്. മ്യാൻമാറിലെ ഭാഷയിൽനിന്ന് പലതും ഇതിലേയ്ക്ക് കൂട്ടിച്ചേർത്തിട്ടുണ്ട്. അരാക്കൻ രാജ്യത്ത് ഈ രണ്ട് ജനവിഭാഗങ്ങളും രമ്യതയോടെ കഴിഞ്ഞിരുന്നു. മ്യാൻമറിൽനിന്നും ഇന്ത്യയിൽനിന്നുമുള്ള പല ആക്രമണങ്ങളെയും അവർ ഒന്നിച്ചുനിന്ന് ചെറുക്കുകയും ചെയ്തിരുന്നു. ഇപ്പോൾ അവർ ഉപയോഗിക്കുന്നത് മ്യാൻമറിലെ ഔദ്യോഗിക ഭാഷ തന്നെയാണ്. എന്നാൽ മ്യാൻമർ ഗവൺമെന്റും അതിന്റെ സൈന്യവും ബാമർ, റാഖൈൻ ബുദ്ധിസ്റ്റുകളും റോഹിംഗ്യകളെ ബംഗാളികളെന്നാണ് വിശേഷിപ്പിക്കുന്നത്. ഒന്നാം ആംഗ്ലോ-ബർമ്മീസ് യുദ്ധത്തിൽ ചിറ്റഗോംഗിൽനിന്നും നവാഖാലിയുടെ ചില പ്രദേശങ്ങളിൽനിന്നുമൊക്കെയുള്ള ദരിദ്ര ഗ്രാമീണരായ മുസ്ലീംകൾ ബ്രിട്ടീഷ് സൈന്യത്തെ ചുമടെടുത്തും മറ്റും സഹായിച്ചിരുന്നു. 1826ലെ യെന്താബു കരാറിനുശേഷവും ഇവരെ തൊഴിൽ രംഗത്ത് ബ്രിട്ടീഷുകാർ ഉപയോഗിച്ചിരുന്നു. സാമ്രാജ്യത്വ ശക്തിക്കുവേണ്ടി റാഖൈൻ ഭൂമി കൃഷിയോഗ്യമാക്കിത്തീർക്കാനും ഖനനത്തിന് തേക്കുമരങ്ങൾ മുറിക്കാനും തോടുകളും പാലങ്ങളും നിർമ്മിക്കാനുമൊക്കെ ഇവരെ ഉപയോഗിച്ചു. കൊളോണിയൽ ഉൽപ്പാദനരീതി വിപുലപ്പെടുത്തിയെടുക്കാൻ ഇവരെ ഒരു കരുവായി ബ്രിട്ടീഷുകാർ ഉപയോഗപ്പെടുത്തുകയായിരുന്നു. ഡാർജിലിംഗിലെയും ആസ്സാമിലെയുമൊക്കെ തേയിലത്തോട്ടങ്ങളിൽ ആദിവാസികളെയും മറ്റും പാർപ്പിച്ചിരുന്നതുപോലെ അരാക്കാൻ മേഖലയിൽ വാസമുറപ്പിക്കാൻ ബ്രിട്ടീഷ് ഭരണം ഇവരെ നിർബന്ധിതരാക്കി. ഇവിടെ വാസമുറപ്പിച്ചതോടെ റാഖൈൻ മേഖലയെ മാതൃഭൂമിയായിക്കണ്ട് ഇവരുടെ തലമുറകൾ ഇവിടെ വളർന്നുവരുന്നു.

ബ്രിട്ടീഷ് വാഴ്ചക്കാലത്ത് റാഖൈൻ മേഖലയിലെ ജനങ്ങൾക്കിടയിൽ പലനിർണ്ണായക മാറ്റങ്ങളും ഉണ്ടായി. ബ്രിട്ടീഷ് വാഴ്ചയ്ക്കുമുമ്പ് ഇവിടെ താമസിച്ചിരുന്ന മുസ്ലീംകളെ ബർമ്മീസ് മുസ്ലീംകളെന്നും ബ്രിട്ടീഷ് വാഴ്ച ആരംഭിച്ചതിനുശേഷം വന്നവരെ ഇന്ത്യൻ മുസ്ലീംകളെന്നുമാണ് 1872ലെ സെൻസസിൽ ബ്രിട്ടീഷുകാർ രേഖപ്പെടുത്തിയത്. അരാക്കൻ രാജവാഴ്ചയിൽ മൈത്രിയോടെ കഴിഞ്ഞിരുന്ന സാധാരണ ജനങ്ങളിൽ ഇത് അസ്വസ്ഥതകൾ സൃഷ്ടിച്ചു. റാഖൈൻ ബുദ്ധിസ്റ്റുകൾക്ക് തങ്ങളുടെ എണ്ണം കുറയുന്നു എന്ന ആശങ്ക ഉടലെടുത്തു. സെൻസസ് റിപ്പോർട്ട് റോഹിംഗ്യൻ മുസ്ലീംകളെ തന്നെ ബർമ്മീസ് ഇന്ത്യൻ എന്നീ രണ്ടുവിഭാഗങ്ങളായി തിരിച്ചു. രണ്ടാം ലോകയുദ്ധകാലത്ത് കുറച്ചുനാൾ മ്യാൻമർ ബ്രിട്ടീഷുകാരിൽനിന്ന് ജപ്പാൻ പിടിച്ചെടുത്തിരുന്നു. അന്ന് ഇത് തിരിച്ചുപിടിക്കുന്നതിന് പ്രദേശവാസികളുടെ പിന്തുണ ആവശ്യമായിരുന്ന ബ്രിട്ടീഷ് ഭരണം, മ്യാൻമർകാർക്കും റാഖൈൻകാർക്കും റോഹിംഗ്യകൾക്കുമൊക്കെ ആയുധം നൽകി.



**സ്വതന്ത്ര മുതലാളിത്ത രാജ്യമായ മ്യാൻമറിൽ റോഹിംഗ്യകളുടെ ചരിത്രം**

മ്യാൻമറിന് സ്വാതന്ത്ര്യം ലഭിച്ചതോടെ കൂടുതൽ മാറ്റങ്ങളുണ്ടായി. ശക്തമായ സാമ്രാജ്യത്വവിരുദ്ധ സ്വാ

*(ശേഷം 13-ാം പേജിൽ)*

**റോഹിംഗ്യ പ്രശ്നം**

# സാമ്രാജ്യത്വ ഇടപെടലിന് പിന്നിൽ സ്ഥാപിത താൽപ്പര്യങ്ങൾ

(12-ാം പേജിൽ നിന്ന്)

തന്ത്ര്യസമരമൊന്നും ഈ മേഖലയിൽ ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ ഉണ്ടായിട്ടില്ല. അതുകൊണ്ടുതന്നെ ഇവിടെ ജീവിച്ചിരുന്ന നിരവധി മതവംശീയ വിഭാഗങ്ങളെ ഏകോപിപ്പിക്കാനും സംയോജിപ്പിക്കാനും കഴിഞ്ഞതുമില്ല. ഇവയുടെ ഒരു അയഞ്ഞ സമുച്ചയമായാണ് മ്യാൻമർ വികസിച്ചത്. 135 വംശീയ വിഭാഗങ്ങളുടെ പട്ടികയാണ് ഉണ്ടായിരുന്നത്. അധികാര കൈമാറ്റം നടന്നതാകട്ടെ ബ്രിട്ടീഷ് സാമ്രാജ്യത്വ ശക്തികളിൽനിന്ന് ഒരു സന്ധിയിലൂടെ നവജാതവും ദുർബ്ബലവുമായ മുതലാളിവർഗ്ഗത്തിലേയ്ക്കും. അതും രണ്ട് ലോകയുദ്ധങ്ങൾ കഴിഞ്ഞ് സാമ്രാജ്യത്വം കൂടുതൽ പ്രതിസന്ധിഗ്രസ്തവും ജീർണ്ണവുമായി മാറിക്കഴിഞ്ഞ ശേഷവും. തീർത്തും അവികസിതവും കെട്ടുറപ്പില്ലാത്തതും പുറംലോകത്തുനിന്ന് സ്വയം ഒറ്റപ്പെട്ടതുമായ ഒരു രാഷ്ട്രത്തിന്റെ അധികാരമാണ് അവിടുത്തെ മുതലാളിവർഗ്ഗത്തിന്റെ കൈകളിലെത്തിയത്. വടക്കും കിഴക്കും പടിഞ്ഞാറും മലനിരകളും തെക്ക് ബംഗാൾ ഉൾക്കടലും ആൻഡമാൻ കടലും ഇളക്കാനാകാത്തവണ്ണം അതിനെ ഒറ്റപ്പെടുത്തിനിർത്തി. ഈ ഒറ്റപ്പെടൽ സൃഷ്ടിച്ച സങ്കുചിതത്വം, പ്രത്യേകിച്ച് സമ്പന്ന വിഭാഗങ്ങളിൽ ഒരു പരദേശി സ്പർദ്ധയുടെ രൂപം എടുത്തിരുന്നു. രാഷ്ട്രീയ ഘടനയാകട്ടെ സിവിലിയൻ-പട്ടാള സങ്കരവും. അതായത്, തുടക്കം മുതൽ ആ രാഷ്ട്രം സാമ്പത്തികവും രാഷ്ട്രീയവും സാമൂഹികവുമായി പ്രതിസന്ധിയിലായിരുന്നു എന്നർത്ഥം. മുതലാളിവർഗ്ഗത്തിൽ ബാമർ ബുദ്ധിസ്റ്റ് വിഭാഗത്തിനായിരുന്നു മുൻതൂക്കം. വാർത്താവിനിമയ സൗകര്യങ്ങൾ വികസിപ്പിച്ചുകൊണ്ടും സാമൂഹ്യ സാംസ്കാരിക പ്രസ്ഥാനങ്ങൾ വളർത്തിയെടുത്തുകൊണ്ടും മാത്രമേ വിവിധ മതക്കാരും വംശീയ വിഭാഗക്കാരുമായ ജനവിഭാഗങ്ങൾക്കിടയിൽ ഐക്യവും കെട്ടുറപ്പും വളർത്തിയെടുക്കാൻ കഴിയുമായിരുന്നുള്ളൂ. ഭൂമിശാസ്ത്രപരമായ സംയോജനത്തിനും അത് അത്യന്താപേക്ഷിതമായിരുന്നു. എന്നാൽ രാഷ്ട്രദൃഢീകരണത്തിന്റെ ഈ അനിവാര്യ പ്രക്രിയയ്ക്ക് ഭംഗം വരുത്തുന്ന സമീപനമാണ് മുതലാളിവർഗ്ഗം കൈക്കൊണ്ടത്. എന്നുമാത്രമല്ല, ദേശീയ പുനർനിർമ്മാണമെന്ന പേരിൽ അവർ പ്രാദേശികവാദവും വിഭാഗീയ വീക്ഷണവുമൊക്കെ പോഷിപ്പിക്കുകയും ചെയ്തു. സമ്പദ്ഘടന പ്രതിസന്ധിയുടെയും സമൂഹം ശൈഥില്യത്തിന്റെയും പിടിയിലമർന്നു. പരിശ്രമശാലികളായ റോഹിംഗ്യകളാണ് മ്യാൻമർകാരുടെ ദുസ്ഥിതിക്ക് കാരണക്കാരെന്ന് മുതലാളിവർഗ്ഗം ദുഷ്ടലാക്കോടെ ആരോപിച്ചു. പ്രതിസന്ധിക്ക് പരിഹാരം കണ്ടെത്താൻ കഴിയാതായതോടെ 1962ൽ ജനറൽ നേവിന്റെ നേതൃത്വത്തിൽ പട്ടാളം അധികാരം പിടിച്ചെടുത്തു. മ്യാൻമർ മുതലാളിവർഗ്ഗത്തിന്റെ ആകമാനവും ആക്രമണോത്സുകവുമായ താൽപ്പര്യങ്ങൾ സംരക്ഷിക്കാനുള്ള ചുമതലയാണ് അവർ ഏറ്റെടുത്തത്. വ്യവസായങ്ങൾ ദേശസാൽക്കരിച്ചുകൊണ്ട് ലഭ്യമായ മൂലധനം ഭരണകൂടത്തിന്റെയും മുതലാളിത്ത ഭരണാധികാരികളുടെയും കൈകളിൽ അവർ കേന്ദ്രീകരിച്ചു. അതോടൊപ്പംതന്നെ മ്യാൻമർ ജനതയിൽ റോഹിംഗ്യകളോടുള്ള സ്പർദ്ധ വളർത്തിയെടുക്കുകയും ചെയ്തു. അസംതൃപ്തരായ ജനങ്ങൾ സംഘടിക്കുന്നതും ജനാധിപത്യസമരപാത സ്വീകരിക്കുന്നതും ഒഴിവാക്കാനായി അവരുടെ ഐക്യം തകർക്കുക എന്ന ഗൂഢതന്ത്രമാണവർ പയറ്റിയത്.

സൈനിക ഭരണകൂടത്തിന്റെ അടിച്ചമർത്തൽ നടപടികൾ റോഹിംഗ്യകളെ സ്വന്തമായി രാജ്യമില്ലാത്ത സ്ഥിതിയിലേയ്ക്ക് കൊണ്ടെത്തിച്ചു. സ്വതന്ത്ര മ്യാൻമറിൽ അധികാരം കയ്യാളിയ ഗവൺമെന്റുകളെല്ലാം റോഹിംഗ്യകളുടെ ചരിത്രസംബന്ധിയായ അവകാശവാദങ്ങളെല്ലാം നിരാകരിക്കുകയും രാജ്യത്തെ 135 വംശീയ വിഭാഗങ്ങളിൽ ഒന്നായി അവരെ അംഗീകരിക്കാൻ കൂട്ടാക്കാതിരിക്കുകയുമാണ് ചെയ്തത്. അവിഭക്ത ബംഗാളിൽനിന്നുള്ള നിയമവിരുദ്ധ കുടിയേറ്റക്കാരായി അവരെ മുദ്രകുത്തുകയും ചെയ്തു. ഒരു രാജ്യത്ത് നൂറ്റാണ്ടുകളായി ജീവിച്ചുവരുന്നവരും അതിന്റെ ചരിത്രത്തോട് അഭേദ്യമായി ബന്ധപ്പെട്ട് കിടക്കുന്നവരുമായ, പത്തുലക്ഷത്തിലേറെ വരുന്ന ഒരു സമുദായത്തെ നിയമവിരുദ്ധ കുടിയേറ്റക്കാരായി ചിത്രീകരിക്കുന്നത് യുക്തിക്ക് നിരക്കുന്ന കാര്യമാണോ? കേന്ദ്രഗവൺമെന്റോ അവരുടെ ശക്തിസ്രോതസ്സായ ബാമർ ബുദ്ധിസ്റ്റുകളോ റാഖൈനിലെ ബുദ്ധിസ്റ്റുകളോ, 1950കളിൽ പ്രചാരത്തിൽവന്ന റോഹിംഗ്യകൾ എന്ന പദപ്രയോഗം പോലും അംഗീകരിക്കുന്നില്ല. റാഖൈൻ മേഖലയുടെ സുപ്രധാനമായ ഒരു ചരിത്രഘട്ടം, അതുവഴി മ്യാൻമറിന്റെതന്നെ ചരിത്രത്തിലെ ഒരേട്, മായ്ച്ചുകളയുന്നതിന് സമാനമല്ലേ ഈ നടപടി? ചരിത്രത്തിന് നിരക്കാത്തതും നീതിരഹിതവും സങ്കുചിതവുമായ ഈ വംശശുദ്ധീകരണ നീക്കത്തെ പരിഷ്കൃതരും ജനാധിപത്യബോധമുള്ളവരുമായ ആർക്കെങ്കിലും പിന്തുണയ്ക്കാനാകുമോ? പട്ടാളഭരണകൂടം തുടക്കംമുതൽത്തന്നെ ഹീനമായ ഈ മുതലാളിവർഗ്ഗ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. രാജ്യത്ത് പ്രതിസന്ധി മൂർച്ഛിച്ചതോടെ ഇരുപതു വർഷങ്ങൾക്കുശേഷം അവർ പൂർണ്ണ പൗരത്വത്തിനുള്ള റോഹിംഗ്യകളുടെ എല്ലാ അവകാശങ്ങളും റദ്ദാക്കുകയും ചെയ്തു.



അടുത്തകാലംവരെ താൽക്കാലിക താമസക്കാർ എന്ന നിലയിൽ രജിസ്റ്റർ ചെയ്തുകൊണ്ട് റോഹിംഗ്യകൾക്ക് സൈനിക ഗവൺമെന്റ് തിരിച്ചറിയൽ കാർഡായി ഒരു വെള്ളകാർഡ് നൽകിയിരുന്നു. 1990കളിൽ റോഹിംഗ്യകളും അല്ലാത്തവരുമായ മുസ്ലീംകൾക്ക് ഇത് നൽകിയിരുന്നു. ഇത് പൗരത്വം തെളിയിക്കുന്ന തിരിച്ചറിയൽ കാർഡായി പരിഗണിക്കില്ല. പരിമിതമായ അവകാശങ്ങളേ ഇതുമൂലം ലഭിച്ചിരുന്നുള്ളൂ. എങ്കിലും താൽക്കാലിക താമസത്തിനുള്ള അനുമതിയായി ഇത് കണക്കാക്കപ്പെട്ടിരുന്നു. 1982ലെ നിയമം അരാക്കൻ എന്നതിനുപകരം റാഖൈൻ എന്നപേര് ഏർപ്പെടുത്തുകയും റോഹിംഗ്യകളെ പൗരത്വത്തിൽ നിന്ന് പുറന്തള്ളുകയും ചെയ്തു. ഇതോടെ അവർ രണ്ടാംതരക്കാരായി. 2014ൽ ഐക്യരാഷ്ട്രസഭയുടെ സഹായത്തോടെ നടന്ന ദേശീയ സെൻസസ് മുസ്ലീം ന്യൂനപക്ഷങ്ങളെ റോഹിംഗ്യകൾ എന്നു രേഖപ്പെടുത്താൻ അനുമതി നൽകിയെങ്കിലും ഭരണവർഗ്ഗത്തിന്റെയും ബുദ്ധിസ്റ്റ് തീവ്രദേശീയ വാദികളുടെയും സമ്മർദ്ദഫലമായി അവരെ ബംഗാളികളായാണ് രേഖപ്പെടുത്തിയത്. സ്വാഭാവിക പൗരന്മാരായി കണക്കാക്കണമെങ്കിൽ മൂന്നുതലമുറകളായി അവിടെ താമസിക്കുന്നതിന്റെ തെളിവ് ഹാജരാക്കാണമെന്ന് അവരോട് ആവശ്യപ്പെടുകയും 2015ൽ അവരുടെ വൈറ്റ് കാർഡുകളും വോട്ടവകാശവും റദ്ദാക്കുകയും ചെയ്തു. അങ്ങനെ മ്യാൻമറിൽ താമസിക്കുന്ന ബഹുഭൂരിപക്ഷം റോഹിംഗ്യകൾക്കും നിയമപരമായ രേഖകളെല്ലാം നഷ്ടപ്പെടുകയും അവർ യഥാർത്ഥത്തിൽ രാജ്യമില്ലാത്തവരായി മാറുകയും ചെയ്തു. മ്യാൻമറിലെ ഭരണമുതലാളിവർഗ്ഗവും സൈന്യവും നടത്തിയ ഹീനമായ ഈ കളികളിലൂടെ ഒരു വലിയ ജനവിഭാഗം അരികുവത്ക്കരിക്കപ്പെടുന്ന സ്ഥിതി ഉണ്ടായി. 1826 പൗരത്വം നൽകുന്നതിനുള്ള അടിസ്ഥാന വർഷമാക്കിക്കൊണ്ട് ഒരു വംശീയ വിഭാഗത്തിനുമേൽ അടിച്ചേൽപ്പിക്കപ്പെട്ട വിവേചനത്തെ ഗവൺമെന്റ് സ്ഥാപനവത്ക്കരിച്ചു. വിവാഹം, കുടുംബാസൂത്രണം, തൊഴിൽ, വിദ്യാഭ്യാസം, മതവിശ്വാസം, സഞ്ചാരസ്വാതന്ത്ര്യം തുടങ്ങിയവയിലൊക്കെ നിയന്ത്രണങ്ങളും ഏർപ്പെടുത്തി. ലോകബാങ്കിന്റെ കണക്കുപ്രകാരം മ്യാൻമറിലെ ദാരിദ്ര്യനിരക്ക് 37.5 ശതമാനം ആണെങ്കിൽ ഏറ്റവും അവികസിതമായ റാഖൈൻ സ്റ്റേറ്റിൽ അത് 78 ശതമാനം ആണ്. ബുദ്ധിസ്റ്റുകളുടെയും മുസ്ലീംകളുടെയും ഇടയിൽ ദാരിദ്ര്യം, തൊഴിലവസരം, അടിസ്ഥാനവികസനം തുടങ്ങിയ കാര്യങ്ങളിൽ വലിയ അന്തരം നിലനിൽക്കുന്നു. ഇതിനുപുറമേയാണ് മുതലാളിവർഗ്ഗവും സൈന്യവുംകൂടി അവരെ സ്വന്തമായി രാജ്യമില്ലാത്തവരാക്കിത്തീർത്തത്. 1978 മുതൽ ഭൂരിപക്ഷ സമുദായത്തിന്റെ പിന്തുണയോടെ അവർക്കുമേൽ ഹീനമായ ആക്രമണങ്ങൾ നടക്കുകയാണ്. അടുത്തകാലത്ത് 2016ലും 2017 ആഗസ്റ്റ് മാസത്തിലും ഇത് ആവർത്തിക്കപ്പെട്ടു. ആയിരക്കണക്കിന് റോഹിംഗ്യകൾ ജന്മഭൂമിവിട്ട് പലായനം ചെയ്യാൻ നിർബന്ധിതരായി. മ്യാൻമറിലെ അറിയപ്പെടുന്ന നേതാവും സമാധാനത്തിന് നോബൽ സമ്മാനം നേടിയ വ്യക്തിയുമായ ആൻ സാൻ സൂകി പട്ടാളത്തിന്റെ വ്യാജറിപ്പോർട്ടുകൾ അതേപടി ഏറ്റുപാടിക്കൊണ്ടിരുന്നു. അധികാരം കയ്യാളുന്ന പട്ടാളം അടിച്ചമർത്തലിനെയും ബലാത്സംഗങ്ങളെയുംകുറിച്ചൊക്കെ കള്ളങ്ങളാണ് പ്രചരിപ്പിച്ചുകൊണ്ടിരുന്നത്. ബംഗ്ലാദേശിലേയ്ക്ക് ഓടിപ്പോകുന്ന റോഹിംഗ്യകൾതന്നെ അവരുടെ ഗ്രാമങ്ങൾ അഗ്നിക്കിരയാക്കുകയാണ് എന്നുപോലും സൈന്യം പ്രചരിപ്പിച്ചു. നോബൽ സമ്മാനം സ്വീകരിച്ചുകൊണ്ട് സൂക്കി നടത്തിയ പ്രസംഗത്തിൽ യാതനകളെ അവഗണിക്കുന്നിടത്ത് സംഘർഷത്തിന്റെ വിത്തുമുളയ്ക്കുന്നു എന്നും യാതനകൾ ജീവിതത്തെ തരംതാഴ്ത്തുകയും കലുഷവും പ്രക്ഷുബ്ധവുമാക്കുകയും ചെയ്യുമെന്നുമൊക്കെ പറഞ്ഞിരുന്നു. ഇന്നത്തെ യാഥാർത്ഥ്യത്തിന്റെ ക്രൂരമായ ഒരു പ്രവചനമായി പരിണമിച്ചിരിക്കുന്നു ആ വാക്കുകൾ.

അന്തമില്ലാതെ തുടരുന്ന ക്രൂരമായ അടിച്ചമർത്തലും ശരിയായ ഒരു നേതൃത്വത്തിന്റെ അഭാവവുംമൂലം ജനാധിപത്യ അവകാശങ്ങൾക്കുവേണ്ടിയും ജീവിതാവശ്യങ്ങൾ മുൻനിർത്തിയും റോഹിംഗ്യകൾ നടത്തുന്ന സമരങ്ങൾ വഴിതെറ്റിപ്പോയിട്ടുണ്ട്. വംശീയവും വിഭാഗീയവുമായ കാഴ്ചപ്പാടുകളാൽ സ്വാധീനിക്കപ്പെട്ട ഒരു വിഭാഗം 1950കളിൽ സ്വയംഭരണാവകാശത്തിനുവേണ്ടിയുള്ള മുദ്രാവാക്യമുയർത്തി. തങ്ങളുടെ സമരത്തെ ന്യായീകരിക്കുന്നതിനായി അവർ റോഹിംഗ്യ എന്ന പേര് ഉപയോഗപ്പെടുത്തുകയായിരുന്നു. 2016ലും 17ലും നടന്ന ക്രൂരമായ അടിച്ചമർത്തലിനെത്തുടർന്ന് റോഹിംഗ്യ മിലിറ്റൻസിന്റെ സംഘടനയായ അരാക്കൻ റോഹിംഗ്യ സാൽവേഷൻ ആർമിയുടെ നേതൃത്വത്തിൽ സെക്യൂരിറ്റി പോസ്റ്റുകൾക്കുനേരെ ആക്രമണം നടന്നു. ജനാധിപത്യപ്രക്ഷോഭണത്തിന് ഹാനി വരുത്തുന്നതായിരുന്നു ഈ ആക്രമണങ്ങൾ.

**മുതലാളിത്തം മർദ്ദിതജനതയുടെ ഐക്യം തകർക്കാൻ പൈശാചിക നീക്കങ്ങൾ നടത്തുന്നു**

റാഖൈൻ ഉൾപ്പെടെ മ്യാൻമറിലുള്ള ആളുകൾ ഭരണവർഗ്ഗത്തിന്റെയും പട്ടാളത്തിന്റെയും അസത്യ പ്രചാരണങ്ങളാൽ സ്വാധീനിക്കപ്പെട്ടിട്ടുണ്ടാകാം. എന്നാൽ അൽപ്പമെങ്കിലും ജനാധിപത്യധാരണയുള്ള ആളുകൾ ചില അനിഷേധ്യ സത്യങ്ങൾ തിരിച്ചറിയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. മുതലാളിത്ത സാമ്രാജ്യത്വ വ്യവസ്ഥ മരണാസന്നമായിരിക്കുന്ന ഇന്ന് അത് ജനങ്ങൾക്കുമേൽ നാനാതരത്തിലുള്ള ഹീനമായ ആക്രമണങ്ങൾ ലോകമെമ്പാടും നടത്തിക്കൊണ്ടിരിക്കുകയാണ്. സാമ്പത്തിക-രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക-നൈതിക രംഗങ്ങളിലെല്ലാം സമ്പൂർണ്ണമായ പ്രതിസന്ധിയാണ് അത് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. മറുവശത്ത് ആ പ്രതിസന്ധിയുടെ ഭാരം മുഴുവൻ ജനങ്ങൾക്കുമേൽ അടിച്ചേൽപ്പിച്ച് മുതലാളിത്ത ഭരണകൂടങ്ങൾ ജനങ്ങളെ എല്ലുംതോലുമാക്കിക്കൊണ്ടിരിക്കുന്നു. ഓരോ രാജ്യത്തെയും മുതലാളിത്ത ഭരണാധികാരികൾ മുതലാളിത്ത വ്യവസ്ഥയ്ക്കെതിരെ ജനങ്ങൾ യോജിച്ച പ്രതിഷേധമുയർത്തും എന്ന് തിരിച്ചറിഞ്ഞുകൊണ്ട് അവരുടെ ഐക്യം തകർക്കാൻ സാദ്ധ്യമായ എല്ലാ മാർഗ്ഗങ്ങളും അവലംബിക്കുന്നു. ഇതിനായി ഓരോ രാജ്യത്തും ഓരോ തരത്തിലുള്ള പദ്ധതികൾ പരസ്യമായോ ഗോപ്യമായോ ഇവർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഇതിന്റെ ഫലമായി വംശീയമായ സംഘർഷങ്ങൾക്കും വർഗ്ഗീയവും മതമൗലികവാദപരവുമായ കൂട്ടക്കൊലകൾക്കും ഭീകരാക്രമണങ്ങൾക്കും ജനങ്ങൾ ഇരയായിക്കൊണ്ടിരിക്കുന്നു. ഇതിന്റെ പ്രത്യാഘാതമെന്നോണം ഭീകരവാദത്തെ അമർച്ച ചെയ്യാനും ക്രമസമാധാനം സ്ഥാപിക്കാനുമെന്ന പേരിൽ ഭരണകൂടം ഭീകരമായ അടിച്ചമർത്തൽ നടത്തുകയും ചെയ്യുന്നു. പെട്ടെന്നുള്ള പ്രകോപനം എന്തുതന്നെയായാലും അന്തിമവിശകലനത്തിൽ ഇതെല്ലാം മുതലാളിവർഗ്ഗ ഹീനപദ്ധതികളുടെ സൃഷ്ടിയും

(ശേഷം 14-ാം പേജിൽ)



**വളർന്നുവരുന്ന സാമ്രാജ്യത്വ ശക്തിയും മ്യാൻമറിനോട് ചേർന്നു കിടക്കുന്ന രാജ്യവുമായ ഇന്ത്യ ശ്രമിക്കുന്നതാകട്ടെ ചൈനയെ തള്ളിമാറ്റി സ്വന്തം സ്വാധീനം വർദ്ധിപ്പിക്കാനാണ്. അതുകൊണ്ടാണ് അടുത്തിടെ മ്യാൻമർ സന്ദർശിച്ച ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദി റോഹിംഗ്യകളുടെമേൽ നടക്കുന്ന ക്രൂരമായ അടിച്ചമർത്തലുകളെക്കുറിച്ച് ഒരക്ഷരംപോലും ഉരിയാടാതിരുന്നത്.**

**റോഹിംഗ്യ പ്രശ്നം**

# പ്രശ്നപരിഹാരത്തിന് ശക്തമായ ലോകാഭിപ്രായം ഉയർന്നുവരണം

(13-ാം പേജിൽ നിന്ന്)

അദ്ധ്വാനിച്ചു ജീവിക്കുന്നവന്റെ ഐക്യം തകർക്കുക എന്ന ലക്ഷ്യംവച്ചുള്ളതുമായിരിക്കും. മുതലാളിത്ത വ്യവസ്ഥയെ തൂത്തെറിഞ്ഞ് ചൂഷണത്തെയും അടിച്ചമർത്തലിനെയും അടിസ്ഥാനമാക്കാത്ത ഒരു വ്യവസ്ഥ സ്ഥാപിക്കുന്നതിലൂടെ മാത്രമേ ഇതിന് അന്ത്യം കുറിക്കാനാകൂ. അതിനർത്ഥം അപ്പപ്പോൾ പ്രത്യക്ഷപ്പെടുന്ന പ്രതിസന്ധികളെ മറികടക്കാൻ ഒന്നും ചെയ്യേണ്ടതില്ല എന്നല്ല.

ഈ വർഗ്ഗവീക്ഷണവും കാഴ്ചപ്പാടും മുൻനിർത്തി പരിശോധിച്ചാൽ മാത്രമേ റോഹിംഗ്യ പ്രശ്നത്തിന്റെ ചരിത്രപശ്ചാത്തലവും സങ്കീർണ്ണതകളും നമുക്ക് മനസ്സിലാക്കാനാകൂ. മ്യാൻമറിലെ മുതലാളിത്ത വ്യവസ്ഥ സൈന്യത്തെയും മറ്റ് സംവിധാനങ്ങളെയും ഉപയോഗപ്പെടുത്തിക്കൊണ്ട് വിവിധ സമുദായങ്ങൾക്കിടയിൽ സ്പർദ്ധ വളർത്താൻ നടത്തിയ ഹീനനീക്കങ്ങളും ഇപ്രകാരം മനസ്സിലാക്കാൻ കഴിയും. മ്യാൻമറിലെ നേരായി ചിന്തിക്കുന്ന ജനങ്ങൾവർഗ്ഗവീക്ഷണത്തോടെ റോഹിംഗ്യ പ്രശ്നത്തെ സമീപിക്കുകയും മുതലാളിത്ത പ്രചാരണങ്ങളിൽക്കുടുങ്ങാതെ സത്യം തിരിച്ചറിയുകയുംവേണം.

**ജനങ്ങളുടെ ദുരിതങ്ങളിൽനിന്ന് മുതലെടുക്കാൻ മുതലാളിത്തം ശ്രമിക്കുന്നു**

മുതലാളിത്ത ലോകത്തിന്റെ പ്രതികരണങ്ങൾ ഇത്തരമൊരു വർഗ്ഗവീക്ഷണത്തിന്റെ അനിവാര്യത ഒരിക്കൽക്കൂടി അടിവരയിടുന്നു. റാഖൈൻ മേഖല കൊള്ളയടിക്കുന്നതിനായി ബ്രിട്ടീഷ് സാമ്രാജ്യത്വം ആവിഷ്ക്കരിച്ച ഹീനപദ്ധതിയുടെ സൃഷ്ടിയാണ് റോഹിംഗ്യപ്രശ്നം എന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. സ്വാതന്ത്ര്യാനന്തരം മ്യാൻമർ മുതലാളിവർഗ്ഗവും ഇതേപാതതന്നെ പിന്തുടർന്നു. മുതലാളിത്ത വ്യവസ്ഥയ്ക്കെതിരായ ജനങ്ങളുടെ ഐക്യം തകർക്കുക എന്നതായിരുന്നു അവരുടെ പദ്ധതി. ഇന്ന്, ഈ പ്രശ്നം മ്യാൻമറിന്റെ അതിർത്തികൾ ഭേദിച്ച് വളർന്നിരിക്കുന്നു. അഭയത്തിനായി പരക്കംപായുന്ന ആയിരക്കണക്കിന് അഭയാർത്ഥികൾ ആസിയാൻ രാജ്യങ്ങൾക്ക് ഒരു ബാദ്ധ്യതയായി മാറിയിരിക്കുന്നു. റോഹിംഗ്യകളിൽ ഒരു വിഭാഗം സ്വീകരിക്കുന്ന നിലപാടുകളും അവർ വൻശക്തികളിൽ നിന്ന് സഹായം തേടുന്നതും തീവ്രവാദത്തിന്റെ സ്വാധീനത്തിൽനിന്ന് താരതമ്യേന മുക്തമായി നിൽക്കുന്ന ദക്ഷിണ പൂർവ്വേഷ്യൻ രാജ്യങ്ങളിൽ മൗലികവാദത്തിന്റെയും വിഘടനവാദത്തിന്റെയും ആശങ്കകൾ ഉയർത്തുന്നുണ്ട്. ഈ പദ്ധതിക്ക് തടയിടാൻ കഴിഞ്ഞില്ലെങ്കിൽ സാമ്രാജ്യത്വ ഉപജാപങ്ങൾക്ക് മ്യാൻമറും അതിന്റെ റാഖൈൻ മേഖലയും ഇരയാകുന്നത് കാണേണ്ടിവരും. ദക്ഷിണ പൂർവ്വേഷ്യയെ അസ്ഥിരപ്പെടുത്താനും റാഖൈൻ തീരത്തെ ഹൈഡ്രോകാർബണുകളുടെ വൻശേഖരം കൈക്കലാക്കാനുമായി ഇതിനകംതന്നെ ആഗോളവൻശക്തികൾ റോഹിംഗ്യപ്രശ്നത്തിൽ ഇടപെട്ടിരിക്കുന്നതായി ആരോപണമുണ്ട്.

റോഹിംഗ്യ വിഷയത്തിലെ മനുഷ്യാവകാശ പ്രശ്നങ്ങളൊക്കെ അവഗണിച്ചുകൊണ്ട് ചൈനയെ പിന്തള്ളി എവ്വിധവും മ്യാൻമറിൽ വേരുറപ്പിക്കാൻ ഏറെക്കാലമായി അമേരിക്കൻ സാമ്രാജ്യത്വം നടത്തുന്ന ശ്രമങ്ങൾതന്നെ ഉദാഹരണം. അമേരിക്കയുടെ കൗൺസിൽ ഓഫ് ഫോറിൻ റിലേഷൻസിന്റെ 2003ലെ രേഖയുടെ തലവാചകം തന്നെ 'ബർമ്മയിൽ മാറ്റത്തിന് സമയമായിരിക്കുന്നു' എന്നാണ്. അമേരിക്കയുടെയും അന്തർദ്ദേശീയ സമൂഹത്തിന്റെയും പിന്തുണയില്ലാതെ മ്യാൻമറിലെ ജനാധിപത്യം നിലനിർത്താനാവില്ല എന്ന് ഈ രേഖ പറയുന്നു. ബർമ്മയിൽ(മ്യാൻമർ) ഇപ്പോൾത്തന്നെ വൈകിയിരിക്കുന്ന രാഷ്ട്രീയ-സാമ്പത്തിക-സാമൂഹ്യ പരിവർത്തനം സാക്ഷാത്ക്കരിക്കാനായി മറ്റുരാജ്യങ്ങളുമായി ചേർന്ന് അമേരിക്ക രൂപം കൊടുത്തിട്ടുള്ള ദൗത്യസംഘത്തിൽ പ്രമുഖവ്യവസായിയായ ജോർജ്ജ് ഡോറോസ് കൂടി ഉൾപ്പെട്ടതും യാദൃശ്ചികമല്ല. മതം, വംശീയത എന്നിവയുടെയൊക്കെ അടിസ്ഥാനത്തിൽ ജനങ്ങളിൽ വിഭാഗീയ ചിന്താഗതികൾ വളർത്താനും അകൽച്ച സൃഷ്ടിക്കാനും പ്രാഗത്ഭ്യമുള്ള ആളാണ് ഡോറോസ്.

ആസിയാൻ അംഗങ്ങളായ ഇന്തോനേഷ്യ, മലേഷ്യ, തായലണ്ട്, മ്യാൻമർ എന്നീ രാജ്യങ്ങൾ അഭയാർത്ഥികളെ സംബന്ധിക്കുന്ന ഐക്യരാഷ്ട്രസഭാ പ്രമേയവും മാർഗ്ഗനിർദ്ദേശങ്ങളും ഇപ്പോഴും അംഗീകരിച്ചിട്ടില്ല. അതുകൊണ്ടുതന്നെ അവർ അഭയാർത്ഥികളുടെ അവകാശങ്ങൾ ഉറപ്പാക്കുന്ന നിയമനിർമ്മാണവും നടത്തിയിട്ടില്ല. റാഖൈൻ മേഖലയിൽ ദുരിതാശ്വാസപ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച് ഈ രാഷ്ട്രങ്ങൾ മ്യാൻമർ ഗവൺമെന്റുമായി അടുത്തിടെ ചില ധാരണകൾ ഉണ്ടാക്കിയിട്ടുണ്ട്. അതും തത്വത്തിൽ മാത്രമാണ്. പ്രവർത്തന പദ്ധതിക്ക് ഇനിയും രൂപം കൊടുത്തിട്ടില്ല. അഭയാർത്ഥികളെ മ്യാൻമറിലേയ്ക്ക് തിരിച്ചുകൊണ്ടുവരുന്നതു സംബന്ധിച്ച് ബംഗ്ലാദേശും മ്യാൻമറുംതമ്മിൽ ഒടുവിൽ ഉണ്ടാക്കിയ കരാറും ഒരു പ്രഖ്യാപനം മാത്രമാണ്. അതിനുള്ള സമയക്രമമോ ഇപ്പോഴത്തെ പ്രശ്നങ്ങൾക്കെല്ലാം കാരണമായ പൗരത്വത്തിന്റെ വിഷയമോ ഒന്നും അതിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

റാഖൈൻ മേഖലയിലെ സൈനിക നടപടികൾ നിർത്തിവയ്ക്കാനും അഭയാർത്ഥികളെ തിരിച്ചുകൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കാനും പൗരത്വപ്രശ്നത്തിന് കൂടിയാലോചനകളിലൂടെ പരിഹാരമുണ്ടാക്കാനും യുഎൻ സെക്രട്ടറി ജനറൽ മ്യാൻമറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഐക്യരാഷ്ട്ര സഭയുടെ നിർദ്ദേശങ്ങളോടുള്ള മ്യാൻമറിന്റെ മുൻനിലപാടുകളും അമേരിക്കൻ സ്വാധീനത്തിൽ നിന്ന് മുക്തമായ ഒരു സ്വതന്ത്ര സംവിധാനം എന്ന നിലയിലുള്ള ഐക്യരാഷ്ട്രസഭയുടെതന്നെ വിശ്വാസ്യതയുമൊക്കെ കണക്കിലെടുക്കുമ്പോൾ ഇതിന് വലിയ പ്രയോജനം ചെയ്യാൻ കഴിയുമെന്ന് കരുതേണ്ടതില്ല.

ഏഷ്യയിലെ, ഇപ്പോൾ ലോകത്തെതന്നെ, രണ്ട് വൻശക്തികളായ ചൈനയുടെയും ഇന്ത്യയുടെയും പ്രതികരണം ദയനീയമായിരുന്നു. ഇപ്പോൾ ഒരു സാമ്രാജ്യത്വ ശക്തിയായ ചൈന മ്യാൻമറിൽ സ്വാധീനമുറപ്പിക്കുന്നതിനായി അമേരിക്കയോട് മത്സരിക്കുകയാണ്. 'വികസനവും സ്ഥിരതയും' സംരക്ഷിക്കാനുള്ള മ്യാൻമറിന്റെ പദ്ധതിക്ക് ചൈന പിന്തുണ നൽകുന്നു എന്നതിന്റെ അർത്ഥം മ്യാൻമർ ഭരണാധികാരികളുടെ നയ നടപടികളോട് അവർ യോജിക്കുന്നു എന്നാണ്. വളർന്നുവരുന്ന സാമ്രാജ്യത്വ ശക്തിയും മ്യാൻമറിനോട് ചേർന്നു കിടക്കുന്ന രാജ്യവുമായ ഇന്ത്യ ശ്രമിക്കുന്നതാകട്ടെ ചൈനയെ തള്ളിമാറ്റി സ്വന്തം സ്വാധീനം വർദ്ധിപ്പിക്കാനാണ്. അതുകൊണ്ടാണ് അടുത്തിടെ മ്യാൻമർ സന്ദർശിച്ച ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദി റോഹിംഗ്യകളുടെമേൽ നടക്കുന്ന ക്രൂരമായ അടിച്ചമർത്തലുകളെക്കുറിച്ച് ഒരക്ഷരംപോലും ഉരിയാടാതിരുന്നത്.

ഇന്ത്യയിൽ 40,000 റോഹിംഗ്യൻ അഭയാർത്ഥികളുണ്ട്. അതിൽ 16,000 പേർ രജിസ്റ്റർ ചെയ്തവരാണ്. എന്നിട്ടും ഒരു പൊതുതാൽപര്യ ഹർജിയിൽ സുപ്രീംകോടതി സർക്കാരിന്റെ അഭിപ്രായമാരാഞ്ഞപ്പോൾ അവരെല്ലാം നിയമവിരുദ്ധ കുടിയേറ്റക്കാരാണെന്ന് സർക്കാർ ബോധിപ്പിച്ചു. എന്നുമാത്രമല്ല, അവരിൽ ചിലർക്ക് തീവ്രവാദി ബന്ധമുണ്ടെന്ന് ആരോപിച്ചുകൊണ്ട് ഇവരൊന്നടങ്കം ദേശീയ സുരക്ഷയ്ക്ക് ഭീഷണിയാണെന്നും കോടതിയിൽ പറഞ്ഞു. അങ്ങനെ ഇന്ത്യാഗവൺമെന്റ് അന്തർദ്ദേശീയ നിയമങ്ങളും മനുഷ്യത്വപരമായ പരിഗണനകളുമൊക്കെ കാറ്റിൽ പറത്തുകയും ഭരണകക്ഷിയായ ബിജെപി ഇവരെ ഒന്നടങ്കം പുറത്താക്കണം എന്ന് ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നു. ഇവർ അഭയാർത്ഥികളാകാൻ ഇടയായ സാഹചര്യമൊക്കെ നന്നായി മനസ്സിലാക്കിയിട്ടും മ്യാൻമർ ഗവൺമെന്റുമായി ഇവരുടെ സുരക്ഷ സംബന്ധിച്ച് യാതൊരു ധാരണയും ഉണ്ടാക്കാതെ ഇവരെ ആ നരകത്തിലേയ്ക്കുതന്നെ തിരിച്ചയയ്ക്കുന്നതിൽ ഇന്ത്യാഗവൺമെന്റിന് യാതൊരു മനസ്സാക്ഷിക്കുത്തുമില്ല.

ചില റോഹിംഗ്യകൾക്ക് തീവ്രവാദി ബന്ധമുണ്ടെങ്കിൽത്തന്നെ മുഴുവൻ റോഹിംഗ്യകളെയും തീവ്രവാദികളായി മുദ്രകുത്തുന്നത് ന്യായമാണോ? റോഹിംഗ്യ പ്രശ്നത്തിന്റെ ന്യായയുക്തത തള്ളിക്കളഞ്ഞ് അതിനെ കേവലം ഭരണപരമായ ഒരു പ്രശ്നമാക്കി ചുരുക്കുകയാണ് ഗവൺമെന്റ്. നിയമസാധുത ഉയർത്തിപ്പിടിച്ചുകൊണ്ട്, സ്ത്രീകളോടും കുഞ്ഞുങ്ങളോടും രോഗികളോടുമൊക്കെയുണ്ടാകേണ്ട മാനുഷിക പരിഗണന അവഗണിക്കാനാകുമോ? ഇന്ത്യാ ഗവൺമെന്റിന്റെ നിലപാട് മനുഷ്യത്വപരമോ സത്യസന്ധമോ വിവേകപൂർവ്വമോ അല്ല. ധിക്കാരപരമാണ് എന്നേ വിശേഷിപ്പിക്കാനാകൂ.

**മർദ്ദിതനുമേലുള്ള അതിക്രമങ്ങൾക്ക് അറുതിവരുത്താൻ ശക്തമായ ജനകീയ മുന്നേറ്റം അനിവാര്യം**

ഇവിടെ താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തരമായി ചെയ്യേണ്ടതുണ്ട്. ശൈത്യകാലം ആസന്നമായിരിക്കുന്നതുകൂടി കണക്കിലെടുത്ത് എവിടെയുമുള്ള റോഹിംഗ്യൻ അഭയാർത്ഥികൾക്ക് അടിസ്ഥാന ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കണം. ഭക്ഷണം, വെള്ളം, താമസത്തിനും ശുചിത്വം പാലിക്കാനും ആവ്യമായ സൗകര്യം എന്നിവ മാത്രമല്ല അവരെ പുനരധിവസിപ്പിക്കാനും നിലനിർത്താനും ആവശ്യമായ ധനസഹായവും നൽകേണ്ടതുണ്ട്. മ്യാൻമർ സർക്കാരും സൈന്യവും ദേശീയ വാദികളെന്ന് ചമയുന്നവരുമൊക്കെ യാതൊരുവിധ അടിച്ചമർത്തലും റോഹിംഗ്യകൾക്കുമേൽ നടത്തുന്നില്ല എന്നുറപ്പുവരുത്തണം. ലോകാഭിപ്രായം ശക്തമായതോടെ റോഹിംഗ്യകളെ തിരികെ സ്വീകരിക്കാൻ മ്യാൻമർ സർക്കാർ തയ്യാറായിട്ടുണ്ട് എന്നുവേണം കരുതാൻ. അവരുടെ സുരക്ഷയും ആവശ്യമായ സഹായവും പുനരധിവാസവുംകൂടി ഉറപ്പാക്കേണ്ടതുണ്ട്. ഇതിൽവരുത്തുന്ന ഏതൊരു വീഴ്ചയും അന്തർദ്ദേശീയ സമൂഹത്തിന്റെ മുന്നിൽ, മനുഷ്യരാശിയുടെ മുമ്പാകെ നിശ്ചയമായും, ക്രിമിനൽക്കുറ്റമായി പരിഗണിക്കപ്പെടണം.

ഇതിനൊക്കെപുറമേ ഈ പ്രശ്നത്തിന് ഒരു ശാശ്വതപരിഹാരം കാണേണ്ടതുണ്ട്. ചർച്ചയിലൂടെ യുക്തിസഹവും പരമാവധി സാദ്ധ്യവുമായ ഒരു പരിഹാരം കണ്ടെത്താൻ എല്ലാമാർഗ്ഗങ്ങളും അവലംബിക്കണം. പൗരാവകാശങ്ങളും പുരോഗതിയുമൊക്കെ കൊട്ടിഘോഷിക്കുന്ന ഒരു ലോകത്ത് ഒരു സമുദായമൊന്നാകെ പുറന്തള്ളപ്പെടുന്നതും വംശശുദ്ധീകരണം നടത്തുന്നതുമൊക്കെ തടയുന്നതിനും ജനാധിപത്യാവകാശങ്ങളും മനുഷ്യാവകാശങ്ങളും മൂല്യങ്ങളുമൊക്കെ പുലരുന്നു എന്നുറപ്പാക്കുന്നതിനും ശക്തമായ ലോകാഭിപ്രായം ഉയർന്നുവരേണ്ടത് അടിയന്താരവശ്യകതയായിരിക്കുന്നു. മാന്യമായി ജീവിക്കാനുള്ള അവകാശം ഭരണകർത്താക്കളുടെയും അവരുടെ പിണിയാളുകളുടെയും ഔദാര്യമാകരുത്. പൗരത്വപ്രശ്നത്തിനും, ചരിത്രത്തിനും യുക്തിക്കും നിരക്കുംപടി പരിഹാരം കണ്ടെത്തണം.

വിഭാഗീയതകൾ കുത്തിവച്ച് ജനങ്ങളുടെ ഐക്യം തകർത്ത് അവരുടെമേൽ മുതലാളിത്ത വ്യവസ്ഥയുടെ ഭാരം ഇറക്കിവയ്ക്കരുത്. മ്യാൻമറിലും അയൽ രാജ്യങ്ങളിലും ലോകത്തെവിടെയുമുള്ള, ജനാധിപത്യ ബോധവും മനുഷ്യസ്നേഹവുമുള്ള ജനങ്ങൾ ഈ പ്രശ്നങ്ങൾക്ക് ശരിയായ ഉത്തരം കണ്ടെത്തേണ്ടതുണ്ട്. എല്ലാ വിഭാഗീയ തകളും വെടിഞ്ഞ്, സാധാരണക്കാരിൽ അടിയുറച്ച സാഹോദര്യവും യഥാർത്ഥ ഇടതുപക്ഷ മനോഭാവവും വളർത്തിയെടുക്കാൻ സഹായകരമാകുംവിധം ശക്തമായൊരു ജനകീയ മുന്നേറ്റം മ്യാൻമറിലും ലോകമെമ്പാടും വളർത്തിയെടുക്കാൻ അവർ മുന്നോട്ടുവരണം. അതിലൂടെ മാത്രമേ പ്രാദേശിക- വിഘടനവാദികളെയും പിന്തിരിപ്പന്മാരെയും നിലയ്ക്കുനിർത്താനും നിരപരാധികളായ ജനങ്ങൾക്കുമേൽ അവർ നടത്തുന്ന അതിക്രമങ്ങൾക്ക് അറുതി വരുത്താനും സാധിക്കൂ.

സ്ഥാപിത താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി, മാനവരാശിക്ക് കനത്ത പ്രഹരമേൽപ്പിച്ചുകൊണ്ട്, വർഷങ്ങളായി പരിഹരിക്കപ്പെടാതെ നിലനിർത്തിയിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനുതകുന്ന ശക്തമായ പൊതുജനാഭിപ്രായം ആഗോളതലത്തിൽ വളർത്തിയെടുക്കാനും അതിലൂടെ മാത്രമേ കഴിയൂ●



**കുപ്രസിദ്ധമായ 'വംശശുദ്ധീകരണപ്രസ്ഥാന'ത്തിന്റെ ഭാഗമായി നടന്ന കൂട്ടക്കൊലയും തുടർന്നുണ്ടായ അഭയാർത്ഥിപ്രവാഹവും മനുഷ്യരാശിക്കുനേരെയുള്ള പൊറുക്കാനാകാത്ത പാതകമായിരുന്നു. അടിയന്തരമായി ഇതിനു വിരാമം ഇടുകയും അഭയാർത്ഥികൾക്ക് ആശ്വാസം എത്തിക്കുകയും അതോടൊപ്പം ഈ പ്രശ്നത്തിന് ശാശ്വതപരിഹാരം കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായുകയും വേണം.**



## ബിജെപി സർക്കാരുകളുടെ ജനവിരുദ്ധ നയങ്ങൾക്കെതിരെ ഇടതുപക്ഷ പാർട്ടികൾ പ്രക്ഷോഭത്തിന്

സിപിഐ(എം), സിപിഐ, എസ്‌യുസിഐ(സി), ആർഎസ്‌പി, ഫോർവേഡ് ബ്ലോക്ക്, സിപിഐ–എംഎൽ(ലിബറേഷൻ) എന്നീ ആറ് ഇടതുപക്ഷ പാർട്ടികളുടെ നേതാക്കൾ നടത്തിയ പത്രസമ്മേളനത്തിൽ, ജനജീവിതത്തിന്റെ സമസ്തമേഖലകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന തകർച്ച, ജനങ്ങൾക്കുമേൽ വൻതോതിൽ നടക്കുന്ന ആക്രമണങ്ങൾ, രൂക്ഷമാകുന്ന വർഗ്ഗീയ ധ്രുവീകരണം, പാർലമെന്ററി ജനാധിപത്യ സ്ഥാപനങ്ങളുടെ അന്തസ്സ് ഇടിച്ചുതാഴ്ത്തൽ, ജനങ്ങളുടെ ജനാധിപത്യാവകാശങ്ങളുടെയും പൗരസ്വാതന്ത്ര്യത്തിന്റെയുംമേൽ നടക്കുന്ന വർദ്ധിച്ചുവരുന്ന കടന്നുകയറ്റം എന്നിവയിൽ ആശങ്ക രേഖപ്പെടുത്തി.

നോട്ട് നിരോധനം, ഇടതുപക്ഷ പാർട്ടികൾ ആശങ്കപ്പെട്ടതുപോലെ തന്നെ, ഇന്ത്യൻ സമ്പദ്ഘടനയിൽ വിനാശകരമായ പ്രത്യാഘാതങ്ങൾ ഉളവാക്കുകയും ബഹുഭൂരിപക്ഷം ജനങ്ങളുടെ മേലും കനത്തഭാരം അടിച്ചേൽപ്പിക്കുകയും ചെയ്തിരിക്കുന്നു. നോട്ട് നിരോധനത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ ഒന്നുതന്നെ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. നിരോധിച്ച നോട്ടുകൾ ഏതാണ്ട് പൂർണ്ണമായിത്തന്നെ ബാങ്കുകളിൽ തിരിച്ചെത്തിയതോടെ, ഒരു നിയമലംഘനവും പോലും ശിക്ഷിക്കാതെ കള്ളപ്പണമെല്ലാം വെളുപ്പിച്ചെടുക്കുന്ന സ്ഥിതിയാണ് ഉണ്ടായിരിക്കുന്നത്. കള്ളനോട്ടുകളെല്ലാം നിയമസാധുതയുള്ളതായി മാറിയിരിക്കുന്നു. ഭീകരപ്രവർത്തനത്തിന് തടയിടുമെന്നുള്ള പ്രഖ്യാപനത്തിന് വിരുദ്ധമായി സൈനികരും സുരക്ഷാ ഭടൻമാരും സാധരണ ജനങ്ങളുമടക്കം നിരവധിപേർ ഭീകരാക്രമണത്തിൽ കൊല്ലപ്പെടുകയാണ്. അഴിമതിയുടെ തോത് ഇരട്ടിയായി എന്നു പറയാം.മറുവശത്ത്, ജിഡിപിയുടെ മൂന്നിൽ ഒരുഭാഗത്തിലേറെ സംഭാവന ചെയ്യുന്ന, ആകെ തൊഴിലിന്റെ 60 ശതമാനത്തോളം സൃഷ്ടിക്കുന്ന അസംഘടിത മേഖല തകർന്നിരിക്കുന്നു. ഗ്രാമീണ തൊഴിൽദാന പദ്ധതിക്കുള്ള വിഹിതം ഗണ്യമായി വെട്ടിക്കുറച്ചതും പൊതുവിതരണ സംവിധാനത്തിന്റെ തകർച്ചയും ആധാർ അടിച്ചേൽപ്പിച്ചതുമൊക്കെ ദരിദ്ര–ദുർബല ജനവിഭാഗങ്ങളെ വളരെ പ്രതികൂലമായാണ് ബാധിച്ചിരിക്കുന്നത്. ഗവൺമെന്റിന്റെ സാമ്പത്തിക നയങ്ങൾ കൃഷി, വ്യവസായ, സേവന മേഖലകളിലൊക്കെ മാന്ദ്യത്തിന് വഴിവെച്ചിരിക്കുകയാണ്. തൊഴിലില്ലായ്മ പെരുകുന്നതിനും കാർഷികമേഖലയിൽ ദുരിതങ്ങൾ വർദ്ധിക്കുന്നതിനും ഇത് കാരണമായിട്ടുണ്ട്. യുവാക്കൾ സാമ്പത്തികവും സാമൂഹികവുമായ അരക്ഷിതാവസ്ഥയെ അഭിമുഖീകരിക്കുകയാണ്. കർഷക ആത്മഹത്യ അപകടകരമായ മാനം കൈവരിച്ചിരിക്കുന്നു. പട്ടിണി മരണങ്ങൾ അധികരിച്ചുകൊണ്ടിരിക്കുന്നു. ഗ്രാമപ്രദേശങ്ങളിലെ ജീവിത സാഹചര്യം പരിതാപകരമായ അവസ്ഥയിലെത്തിയിരിക്കുകയാണ്. അധ്വാനിച്ചു ജീവിക്കുന്ന സാധാരണക്കാരുടെ ചിലവിൽ വിദേശ–സ്വദേശ കുത്തകകളുടെയും ഭരണവർഗ്ഗത്തിന്റെയും താൽപര്യം സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടെയുള്ളതാണ് ഗവൺമെന്റിന്റെ നയങ്ങൾ എന്നാണ് ഇതെല്ലാം തെളിയിക്കുന്നത്.

ഇന്ത്യൻ സമ്പദ്ഘടനയെയും ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളുടെ ജീവനോപാധികളെയും തകർക്കുന്ന, കേന്ദ്രത്തിലെയും സംസ്ഥാനങ്ങളിലെയും ബിജെപി സർക്കാരുകളുടെ സാമ്പത്തിക നയങ്ങൾക്കെതിരെ നവംബർ 8 ദേശീയ തലത്തിൽ പ്രതിഷേധ ദിനമായി ആചരിക്കാൻ ഇടതുപക്ഷ പാർട്ടികൾ തീരുമാനിച്ചിരിക്കുകയാണ്. കർഷകരുടെ കടങ്ങൾ എഴുതിത്തള്ളും, ഉല്പാദന ചിലവിന്റെ ഒന്നരമടങ്ങായി താങ്ങുവില ഉയർത്തും, വർഷംതോറും 2 കോടിവീതം ബിജെപി ഭരണ കാലയളവിൽ പത്തു കോടി തൊഴിലവസരങ്ങൾ സൃഷ്ടിക്കും എന്നിങ്ങനെ 2014ൽ ജനങ്ങൾക്കു നൽകിയ വാഗ്ദാനങ്ങൾ മോദി ഗവൺമെന്റ് ഉടനടി നടപ്പിലാക്കണമെന്ന് ഇടതു പാർട്ടികൾ ആവശ്യപ്പെടുന്നു.

ജനാധിപത്യ–മതേതര വിശ്വാസികളായ മുഴുവൻ ജനങ്ങളും പാർട്ടികളും പ്രസ്ഥാനങ്ങളും ഈ പ്രതിഷേധ പരിപാടിയിൽ പങ്കെടുക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്. രാജ്യത്തെവിടെയും തൊഴിലാളികളും കർഷകരും നീറുന്ന ജീവിത പ്രശ്നങ്ങൾ ഉന്നയിച്ച് നടത്തുന്ന സമരങ്ങളെ ഇടതുപക്ഷ പാർട്ടികൾ പിന്തുണയ്ക്കുന്നു. മ്യാൻമറിലെ വംശഹത്യയ്ക്ക് അറുതിവരുത്താൻ സാർവ്വദേശീയ വേദികളെ സർവ്വപ്രകാരേണയും ഉപയോഗപ്പെടുത്തിക്കൊണ്ടും റോഹിംഗ്യ പ്രശ്നത്തെ ഒരു അന്തർദ്ദേശീയ മനുഷ്യാവകാശ പ്രശ്നമായി പരിഹരിക്കാൻ ഐക്യരാഷ്ട്ര സഭയുടെ മേൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടും റോഹിംഗ്യകളെ തിരിച്ചയക്കണമെന്നും ഇടതുപക്ഷ പാർട്ടികൾ ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു●




കേടായ ആർ.ഒ പ്ലാന്റുകളും തകർന്ന പൈപ്പുകളും നന്നാക്കണമെന്ന് ആവശ്യപ്പെട്ട് ജനകീയ പ്രതിരോധ സമിതി ആലപ്പുഴ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ വാട്ടർ അതോറിറ്റി ഓഫീസിലേക്ക് നടത്തിയ മാർച്ച് ജില്ലാ സെക്രട്ടറി എസ്.സീതിലാൽ ഉദ്ഘാടനം ചെയ്യുന്നു

### നവംബർ സോഷ്യലിസ്റ്റ് വിപ്ലവ ശതാബ്ദി ആചരണം

## എറണാകുളം ജില്ലയിലെ സമാപന പരിപാടികൾക്ക് തുടക്കമായി

നവംബർ സോഷ്യലിസ്റ്റ് വിപ്ലവശതാബ്ദി ആചരണത്തിന്റെ സമാപനംകുറിച്ചുകൊണ്ട് എറണാകുളം ജില്ലയിൽ നവംബർ 7 മുതൽ 14 വരെ നടക്കുന്ന പരിപാടികളുടെ ജില്ലാതല ഉദ്ഘാടനം എസ്‌യുസിഐ(സി) കേന്ദ്ര കമ്മിറ്റിയംഗവും സംസ്ഥാന സെക്രട്ടറിയുമായ സഖാവ് സി.കെ. ലൂക്കോസ് നിർവ്വഹിച്ചു. "ലോകത്തിലെ ഏറ്റവും സമുന്നതമായ നാഗരികതയായിരുന്നു സോവിയറ്റ് യൂണിയൻ സൃഷ്ടിച്ചത്. മുതലാളിത്ത സാമ്രാജ്യത്വലോകത്തിന് അപ്രാപ്യമായിരുന്ന വിവിധ രംഗങ്ങളിലെ പ്രശ്നങ്ങളെ ഉയർന്ന തൊഴിലാളിവർഗ്ഗ ജനാധിപത്യക്രമം സൃഷ്ടിച്ചുകൊണ്ട് റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി നിർദ്ധാരണം ചെയ്തു. മാർക്സിസം–ലെനിനിസമെന്ന പ്രത്യയശാസ്ത്രത്തിന്റെ അധൃഷ്യത ലോകത്തിന് സോവിയറ്റ് ജനത ഐതിഹാസികമായ മുന്നേറ്റത്തിലൂടെ വ്യക്തമാക്കിക്കൊടുത്തു. ആധുനിക റിവിഷനിസമാണ് സോവിയറ്റ് റഷ്യയെയും കിഴക്കൻ യൂറോപ്യൻ സോഷ്യലിസ്റ്റ് രാജ്യങ്ങളെയും തകർത്തെറിഞ്ഞത്. അതിൽനിന്ന് പാഠമുൾക്കൊണ്ടുകൊണ്ട് പ്രത്യയശാസ്ത്രരംഗത്ത് ആഴത്തിലുള്ള പഠനവും സംഘടനാപരമായ കാര്യപ്രാപ്തിയും നേടിയെടുക്കുന്നതിലൂടെ മാത്രമേ ലോക തൊഴിലാളിവർഗ്ഗത്തിന് മുന്നേറാനാകൂ". സഖാവ് സി.കെ.ലൂക്കോസ് പറഞ്ഞു.




എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറിയും കേന്ദ്രകമ്മിറ്റി അംഗവുമായ സഖാവ് സി.കെ.ലൂക്കോസ് എറണാകുളം പാർട്ടി സെന്ററിൽ നടന്ന ശതാബ്ദി ആചരണ യോഗം ഉദ്ഘാടനം ചെയ്യുന്നു. ജില്ലാ സെക്രട്ടറി സഖാവ് ടി.കെ.സുധീർ കുമാർ, സെക്രട്ടേറിയറ്റ് അംഗം സഖാവ് എൻ.ആർ.മോഹൻകുമാർ എന്നിവരും വേദിയിൽ

എറണാകുളം ജില്ലാ സെന്ററിൽ നടന്ന യോഗത്തിൽ ജില്ലാ സെക്രട്ടേറിയറ്റംഗം സഖാവ് എൻ.ആർ.മോഹൻകുമാർ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി സഖാവ് ടി.കെ.സുധീർകുമാർ മുഖ്യപ്രഭാഷണം നടത്തി.

സാർവ്വദേശീയഗാനാലാപനത്തോടെയും ലെനിന്റെയും സ്റ്റാലിന്റെയും ചിത്രങ്ങൾക്കുമുന്നിൽ പുഷ്പങ്ങൾ അർപ്പിച്ചുമാണ് യോഗം ആരംഭിച്ചത്●

## നാട്ടകം ഗവൺമെന്റ് കോളേജിൽ വിദ്യാർത്ഥിനികൾക്കുനേരെ നടന്ന എസ്എഫ്ഐ ആക്രമണത്തിൽ പ്രതിഷേധം

നാട്ടകം ഗവൺമെന്റ് കോളേജിൽ മൂന്നാംവർഷ പൊളിറ്റിക്കൽ സയൻസ് വിദ്യാർത്ഥിനികളായ ആരതി സജി, ആത്മജ എ.ബി എന്നീ പെൺകുട്ടികളെ എസ്എഫ്ഐ നേതാക്കൾ സംഘം ചേർന്ന് ക്രൂരമായി മർദ്ദിച്ചു. കോളജിലെ മുൻവിദ്യാർത്ഥികളുമായി ക്യാമ്പസിനുള്ളിൽവച്ച് സംസാരിച്ചു എന്നതാണത്രേ എസ്എഫ്ഐ നേതാക്കന്മാരെ പ്രകോപിച്ചത്. എന്നാൽ ഏതാനും നാളുകൾക്കുമുമ്പ്, ക്യാമ്പസ്സിനുള്ളിൽ പെൺകുട്ടികളോട് അപമര്യാദയായി പെരുമാറിയ എസ്എഫ്ഐ നേതാക്കൻമാർക്കെതിരെ വനിതാകൂട്ടായ്മയ്ക്ക് ആത്മജയും സംഘവും നേതൃത്വം നൽകിയതിലുള്ള വൈരാഗ്യമാണ് ആക്രമണത്തിന്റെ പിന്നിലെ യഥാർത്ഥകാരണം. എഐഡിഎസ്ഒയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന വിദ്യാർത്ഥികളുടെ ചർച്ചാവേദിയുടെ സജീവസംഘാടകരാണ് ആത്മജയും ആരതിയും.

വിദ്യാർത്ഥിനികൾക്കുനേരെ നടന്ന ആക്രമണത്തിൽ പ്രതിഷേധിച്ച് വിവിധ വിദ്യാർത്ഥി സംഘടനകളുടെയും പൗരാവകാശപ്രസ്ഥാനങ്ങളുടെയും ആഭിമുഖ്യത്തിൽ നാട്ടകത്ത് പ്രതിഷേധ പ്രകടനവും യോഗവും നടന്നു. പ്രതിഷേധ യോഗത്തിൽ എഐഡിഎസ്ഒയെ പ്രതിനിധീകരിച്ച് ജില്ലാ പ്രസിഡന്റ് എം.കെ.ഷെഹസാദ് പ്രസംഗിച്ചു.



എസ്എഫ്ഐ അതിക്രമത്തിനെതിരെ നാട്ടകത്ത് നടന്ന പ്രതിഷേധ പ്രകടനത്തിന്റെ മുൻനിര

കലാലയങ്ങൾക്കുള്ളിൽനടക്കുന്ന അക്രമങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ട് വിദ്യാർത്ഥികളുടെ രാഷ്ട്രീയ പ്രവർത്തനത്തിന് തടയിടുവാനും വിദ്യാർത്ഥികളെ അരാഷ്ട്രീയവത്ക്കരിക്കാനും ആസൂത്രിതമായ നീക്കം നടക്കുന്ന ഇന്ന് വിദ്യാർത്ഥിരാഷ്ട്രീയത്തിന്റെ മഹത്വവും ആവശ്യകതയും ഉയർത്തിപ്പിടിക്കുവാനുള്ള ശ്രമങ്ങളാണ് ഉത്തരവാദിത്തപ്പെട്ട വിദ്യാർത്ഥിപ്രസ്ഥാനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത് എന്ന് എസ്എഫ്ഐ നേതൃത്വം തിരിച്ചറിയണം എന്ന് എം.കെ.ഷെഹസാദ് അഭിപ്രായപ്പെട്ടു. പിന്തിരിപ്പൻ ആശയങ്ങളും പഴഞ്ചൻ ചിന്താഗതികളും സമൂഹത്തിന്റെമേൽ ഇരുൾ പടർത്താൻ ശ്രമിക്കുമ്പോൾ ജനാധിപത്യ അന്തരീക്ഷവും ആരോഗ്യകരമായ ചർച്ചകളും കലാലയങ്ങളിൽ ഉയർന്നുവരേണ്ടത്. വിദ്യാഭ്യാസവും വിദ്യാർത്ഥികളും കനത്ത വെല്ലുവിളികളെ നേരിടുകയാണിന്ന്. ആരോഗ്യകരമായ കലാലയാന്തരീക്ഷത്തിന്റെ നിർമ്മിതിയാണ് ഇടതുപക്ഷ വിദ്യാർത്ഥി സംഘടനകളുടെ ഉത്തരവാദിത്തം. വിദ്യാർത്ഥിനികൾ ആക്രമിക്കപ്പെട്ട കേസിൽ പോലീസ് അന്വേഷണം ഇഴയുന്നത് അപലപനീയമാണ് എന്നും ഷെഹസാദ് അഭിപ്രായപ്പെട്ടു●

Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing 01/11/2017
REGISTERED
R. N. 24773/1992
P.R. No. KL/TV(N)/452/2015-2017

UNITY
MALAYALAM MONTHLY

Vol 44 No.8
Price : Rs 5.00
November 2017

## നവംബർ വിപ്ലവ ശതാബ്ദി ആചരണം

# എഐയുടിയുസിയുടെ നേതൃത്വത്തിൽ തൊഴിലാളി മാർച്ച്




എഐയുടിയുസി അഖിലേന്ത്യാ വൈസ്പ്രസിഡണ്ടും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കേന്ദ്രകമ്മിറ്റി അംഗവുമായ സഖാവ് കെ.രാധാകൃഷ്ണ റാലി ഉദ്ഘാടനം ചെയ്യുന്നു




നവംബർ വിപ്ലവ ശതാബ്ദി ആചരണത്തോടനുബന്ധിച്ച് എറണാകുളത്ത് നടന്ന തൊഴിലാളി മാർച്ചിന്റെ മുൻനിര

മഹത്തായ നവംബർ വിപ്ലവത്തിന്റെ ശതാബ്ദി ആചരിച്ചുകൊണ്ട് എഐയുടിയുസി യുടെ നേതൃത്വത്തിൽ ഏറണാകുളത്ത് വമ്പിച്ച തൊഴിലാളി റാലിയും പൊതുസമ്മേളനവും നടന്നു. സംസ്ഥാനതല ആചരണത്തിന്റെ ഭാഗമായി ഒക്ടോബർ 11ന് നടന്ന റാലി മഹാരാജാസ് കോളേജ് സമീപത്തുനിന്നും ആരംഭിച്ച് ഹൈക്കോടതി ജംഗ്ഷനിൽ വഞ്ചി സ്ക്വയറിൽ സമാപിച്ചു.

എഐയുടിയുസി അഖിലേന്ത്യാ വൈസ്പ്രസിഡണ്ടും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കേന്ദ്രകമ്മിറ്റി അംഗവുമായ സഖാവ് കെ.രാധാകൃഷ്ണ റാലി ഉദ്ഘാടനം ചെയ്തു. എഐയുടിയുസി സംസ്ഥാന സെക്രട്ടറി സ. വി.കെ.സദാനന്ദൻ അദ്ധ്യക്ഷത വഹിച്ചു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ജയ്സൺ ജോസഫ്, എഐയുടിയുസി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗങ്ങളായ സ. എസ്.സീതിലാൽ, സ. കെ. അബ്ദുൾ അസീസ് എന്നിവർ പ്രസംഗിച്ചു. എഐയുടിയുസി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവും എറണാകുളം ജില്ലാ പ്രസിഡണ്ടുമായ സ.എൻ.ആർ.മോഹൻകുമാർ സ്വാഗതവും, സംസ്ഥാന വൈസ് പ്രസിഡണ്ടും എറണാകുളം ജില്ലാ സെക്രട്ടറിയുമായ സ. പി.എൻ.ദിനേശൻ കൃതജ്ഞതയും പറഞ്ഞു.

മാർക്സിസത്തെ കരിവാരിത്തേക്കാൻ പത്തൊമ്പതാം നൂറ്റാണ്ടിൽ ബൂർഷ്വാ വൈതാളികർ നടത്തിയ നിരന്തര ശ്രമത്തിന് ചുട്ട മറുപടിയെന്നോണമാണ് ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിൽത്തന്നെ സോഷ്യലിസ്റ്റ് വിപ്ലവത്തിലൂടെ റഷ്യയിൽ തൊഴിലാളിവർഗ്ഗം അധികാരം സ്ഥാപിച്ചതെന്ന് സഖാവ് കെ.രാധാകൃഷ്ണ ഉദ്ഘാടന പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി. റഷ്യൻ മണ്ണിൽ മാർക്സിസം മൂർത്തവൽക്കരിക്കുകയും തൊഴിലാളിവർഗ്ഗ വിപ്ലവം വിജയകരമായി പൂർത്തീകരിക്കുകയും ചെയ്തത് മഹാനായ ലെനിന്റെ നേതൃത്വത്തിലായിരുന്നു. 100 വർഷങ്ങൾക്കുമുമ്പ് ഉദയം ചെയ്ത ആ തൊഴിലാളിവർഗ്ഗ ഭരണകൂടത്തിനു കീഴിൽ, സോഷ്യലിസ്റ്റ് പാതയിൽ, യുഎസ്എസ്ആറിൽ, പട്ടിണി, ദാരിദ്രം, ചൂഷണം, തൊഴിലില്ലായ്മ, ബാലവേല, വേശ്യാവൃത്തി തുടങ്ങിയവയെല്ലാം നിർമ്മാർജ്ജനം ചെയ്യാൻ കഴിഞ്ഞു.

വളരെ ചുരുങ്ങിയ കാലംകൊണ്ട് സൃഷ്ടിച്ച ഈ നേട്ടങ്ങളും, വിദ്യാഭ്യാസം, ആരോഗ്യം, വ്യവസായം, കൃഷി, കല, സാഹിത്യം തുടങ്ങി സകല മേഖലകളിലും കൈവരിച്ച പുരോഗതിയും വികസനവും നേരിട്ട് കണ്ട് ബോധ്യപ്പെട്ട അനേകം ലോകപ്രസിദ്ധരായ വ്യക്തിത്വങ്ങൾ റഷ്യയെയും അതിന്റെ ശില്പികളായ ലെനിനെയും സ്റ്റാലിനെയും കലവറയില്ലാതെ പ്രശംസിക്കുകയുണ്ടായി.

ഇന്ന് യുഎസ്എസ്ആർ നിലവിലില്ല. 1991 ൽ ഗോർബചേവിന്റെ നേതൃത്വത്തിൽ സോവിയറ്റ് യൂണിയനിലും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലും പ്രതിവിപ്ലവം നടന്നു. അതിലൂടെ മുതലാളിത്ത പുനഃസ്ഥാപനം പൂർത്തീകരിക്കുകയും ചെയ്തിരിക്കുന്നു. സോഷ്യലിസത്തിൽ നിർമ്മാർജ്ജനം ചെയ്യപ്പെട്ടിരുന്ന എല്ലാ തിന്മകളും അരാജകത്വവും അരക്ഷിതാവസ്ഥയും സ്വാഭാവികമായിത്തന്നെ പുനഃസ്ഥാപിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

സോഷ്യലിസമെന്നത് ഒരു അന്തരാള ഘട്ടമാണെന്ന് നമ്മൾ മനസ്സിലാക്കണം. തൊഴിലാളി വർഗ്ഗമാണ് അധികാരം കയ്യാളുന്നതെങ്കിലും, അധികാരത്തിൽനിന്നും പുറത്താക്കപ്പെട്ട മുതലാളിവർഗ്ഗവും അവിടെ നിലനിൽക്കുന്നുണ്ട്. അധികാരം തിരിച്ചു പിടിക്കാൻ അവർ ശ്രമിച്ചുകൊണ്ടിരിക്കും. അതുകൊണ്ട് തൊഴിലാളിവർഗ്ഗം അതിന്റെ വർഗ്ഗ സമരത്തിന്റെ മൂർച്ച കൂട്ടിക്കൊണ്ടേയിരിക്കണം. ഇക്കാര്യങ്ങളിലെല്ലാം മാർക്സ് മുതൽ ശിബ്ദാസ്ഘോഷ് വരെയുള്ള മാർക്സിസ്റ്റ് ആചാര്യന്മാർ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഈ പാഠങ്ങൾ മനസ്സിലാക്കിയാൽ ഇന്നുണ്ടായിരിക്കുന്ന തിരിച്ചടിയിൽ നിരാശപ്പെട്ട് തളർന്നുപോകാതെ സോഷ്യലിസ്റ്റ് സമൂഹ സൃഷ്ടിക്കായുള്ള പോരാട്ടത്തെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയും.

ഇന്ന് സോഷ്യലിസ്റ്റ് ചേരി നിലവിലില്ലെങ്കിലും, വടക്കൻ കൊറിയയിലും ക്യൂബയിലും സോഷ്യലിസം നിലനിൽക്കുന്നുണ്ട്. മാർക്സിസത്തിന്റെ ഏറ്റവും ഉയർന്ന രൂപമായ സഖാവ് ശിബ്ദാസ്ഘോഷ് ചിന്തകൾ കൂടി സ്വാംശീകരിച്ചുകൊണ്ട് മാത്രമേ ലോകത്തെങ്ങുമിന്ന് വിപ്ലവം സാദ്ധ്യമാകൂ എന്ന കാര്യം അദ്ദേഹം തൊഴിലാളികളെ ഓർമ്മിപ്പിച്ചു. റഷ്യൻ വിപ്ലവത്തിന്റെ ശില്പി മഹാനായ ലെനിന്റെയും, ലെനിന്റെ ഏറ്റവും അർഹനായ പിൻഗാമിമഹാനായ സ്റ്റാലിന്റെയും അനേകം ചിത്രങ്ങൾ ഏന്തിക്കൊണ്ടുള്ള തൊഴിലാളി റാലി ഏവരിലും ആവേശമുണർത്തുന്നതായിരുന്നു●

## കേരളാ ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി

# വിദ്യാർത്ഥി പ്രക്ഷോഭം



എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി സഖാവ് പി.കെ.പ്രഭാഷ് സെക്രട്ടേറിയറ്റ് നടയിൽ എഞ്ചിനിയറിംഗ് വിദ്യാർത്ഥികളെ അഭിസംബോധന ചെയ്യുന്നു

അശാസ്ത്രീയമായ ഇയർ ഔട്ട് സമ്പ്രദായത്തിനെതിരെയും പരീക്ഷാനടത്തിപ്പിലെ കെടുകാര്യസ്ഥതയ്ക്കെതിരെയും എ.പി.ജെ.അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയുടെ കെടുകാര്യസ്ഥതയ്ക്കെതിരെയും എഞ്ചിനിയറിംഗ് വിദ്യാർത്ഥികൾ നടത്തിവരുന്ന സമരം കേരളത്തിൽ ശക്തിയാർജ്ജിക്കുന്നു. ഓൾ കേരളാ ടെക്നിക്കൽ സ്റ്റുഡന്റ്സ് യൂണിയൻ എന്ന സ്വതന്ത്രവേദിയുടെ നേതൃത്വത്തിലാണ് സമരം നടക്കുന്നത്. യാതൊരു വ്യവസ്ഥയുമില്ലാതെ, സെനറ്റോ സിൻഡിക്കേറ്റോ അക്കാദമിക് കൗൺസിലോ സ്റ്റുഡന്റ്സ് യൂണിയനോ ഇല്ലാതെ, സർവകലാശാലയ്ക്ക് ആവശ്യമായ മിനിമം മാനദണ്ഡങ്ങൾ പോലും പാലിക്കാതെ, സ്വാശ്രയമുതലാളിമാരുടെ കച്ചവട താത്പ്പര്യങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്ന ഒന്നാണ് കെടിയു. വിദ്യാഭ്യാസക്കച്ചവടത്തിന്റെ താത്പ്പര്യത്തിന് അനുസൃതമായി മെറിറ്റ് ഉൾപ്പടെയുള്ള മാനദണ്ഡങ്ങൾ പാലിക്കാതെ സ്വാശ്രയകോളെജുകളിലെ സീറ്റുകളിൽ പരമാവധി പ്രവേശനം നടത്തുകയാണ്. വിദ്യാഭ്യാസത്തിന്റെ മുന്നുപാധികളൊന്നും പാലിക്കാതെ, എഞ്ചിനിയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്താനെന്ന പേരിൽ ഇയർഔട്ട് സമ്പ്രദായം അടിച്ചേൽപ്പിക്കുന്നു. പരീക്ഷകളും ഫലപ്രഖ്യാപനവും കൃത്യമായി നടത്താതെ വിദ്യാർത്ഥികൾ പഠനം നിർത്തിപ്പോകേണ്ടിവരുന്ന സാഹചര്യം സൃഷ്ടിച്ചുകൊണ്ടാണ് ഇയർ ഔട്ട് അടിച്ചേൽപ്പിച്ചിരിക്കുന്നത്. ഭീമമായ വിദ്യാഭ്യാസ വായ്പയുടെയും ജപ്തിയുടെയും മുമ്പിൽ നിൽക്കുന്ന വിദ്യാർത്ഥികളെയാണ് വിദ്യാഭ്യാസക്കച്ചവടക്കാരുടെ കെണിയിൽപ്പെടുത്തി ഇയർ ഔട്ടെന്ന പേരിൽ പുറത്തിരുത്തുന്നത്.എണ്ണായിരത്തോളം വിദ്യാർത്ഥികളാണ് നിലവിൽ ഇയർഔട്ട് ഭീഷണി നേരിടുന്നത്. ഈയൊരു സാഹചര്യത്തിലാണ് സോഷ്യൽ മീഡിയ കൂട്ടായ്മയിലൂടെ കെടിയു സ്റ്റുഡന്റ്സ് യൂണിയൻ എന്ന വേദി രൂപീകരിക്കപ്പെടുന്നതും സംസ്ഥാനത്തെ വിവിധ കോളെജുകളിലും ജില്ലാകേന്ദ്രങ്ങളിലും സെക്രട്ടേറിയേറ്റ് നടയിലുമായി സമരം ആരംഭിക്കുന്നതും. തൊണ്ണൂറിലധികം കോളെജുകളിൽ ക്ലാസുകൾ ബഹിഷ്ക്കരിച്ചുകൊണ്ട് ഒക്ടോബർ 28 മുതൽ വിദ്യാർത്ഥികൾ സമരരംഗത്താണ്. ഒക്ടോബർ 28ന് നടന്ന സെക്രട്ടേറിയേറ്റ് മാർച്ച് സേവ് എജ്യുക്കേഷൻ സമിതി സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ ഉദ്ഘാടനം ചെയ്തു. സ്റ്റുഡന്റ്സ് യൂണിയൻ നേതാവ് ധനേഷ് അധ്യക്ഷത വഹിച്ചു. അന്നേദിവസം കോഴിക്കോട് നടന്ന വിദ്യാർത്ഥി മാർച്ചിൽ എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി പി.കെ.പ്രഭാഷ് അധ്യക്ഷത വഹിച്ചു. എഐഡിഎസ്ഒ ജില്ലാ സെക്രട്ടറി കെ.റഹീം, സ്റ്റുഡന്റ്സ് യൂണിയൻ നേതാവ് മുഹമ്മദ് ഷാദ് എന്നിവർ പ്രസംഗിച്ചു. നവംബർ1ന് ക്ലാസുകൾ ബഹിഷ്കരിച്ച് വിദ്യാർത്ഥികൾ സെക്രട്ടേറിയേറ്റ് നടയിൽ സമ്മേളിച്ചു. വിദ്യാഭ്യാസമന്ത്രിയുമായി നടന്ന ചർച്ച തീരുമാനമാകാതെ പിരിഞ്ഞതിനെ തുടർന്ന് അനിശ്ചിതകാല സമരകേന്ദ്രം സെക്രട്ടേറിയേറ്റിന് മുമ്പിൽ ആരംഭിച്ചു. ആലപ്പുഴ, തൃശ്ശൂർ, കോട്ടയം എന്നിവടങ്ങളിലും വിദ്യാർത്ഥികൾ പ്രകടനങ്ങൾ നടത്തി. നവംബർ 6ന് രണ്ടായിരത്തിലേറെ വിദ്യാർത്ഥികൾ സെക്രട്ടേറിയേറ്റ് നടയിലെത്തി. വിവിധ പ്രക്ഷോഭ പരിപാടികൾ ആവിഷ്കരിച്ചുകൊണ്ട് സമരം മുന്നേറുകയാണ്●

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.